34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 16, 2026 Vol. XXXIV No. 11



SUNNY FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



Tom Sunny, CFP®, CLU®, RICP®
*Financial Planner & Wealth Advisor*

*Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services
DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026
NOT OUR MERIT BUT HIS GRACE · KERALA EXPRESS
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 വാണിജ്യ സിലിണ്ടർ കിട്ടാനില്ല
6 ആചാരസംരക്ഷണത്തിന് കേരള സർക്കാർ
13 ഇന്റർനാഷണൽ വിമൻസ് ഡേ ആഘോഷിച്ചു
14 മാധ്യമസ്വാതന്ത്ര്യവും ഡിജിറ്റൽ വെല്ലുവിളികളും
20 'ഗുരുരത്ന' പുരസ്കാരം കാനായിക്ക് സമർപ്പിച്ചു

# കേരളത്തിൽ വോട്ടെടുപ്പ് ഏപ്രിൽ ഒൻപതിന്; ഫലപ്രഖ്യാപനം മെയ് നാലിന്

ന്യൂഡൽഹി: കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് ഒറ്റഘട്ടമായി ഏപ്രിൽ ഒമ്പതിന് നടക്കും. കേരളത്തിനൊപ്പം ആസാമിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും ഏപ്രിൽ ഒമ്പതിനാണ് വോട്ടെടുപ്പ്. തമിഴ്നാട്ടിൽ ഏപ്രിൽ 23-ന് വോട്ടെടുപ്പ് നടക്കും.

തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചു മിനിറ്റുകൾക്കുള്ളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 106 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. സിപിഎം ആറു സ്വതന്ത്രർ ഉൾപ്പെടെ 81 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ സിപിഐ അവരുടെ 25 സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ചു. കോൺഗ്രസിന്റെയും ബിജെപിയുടെയും സ്ഥാനാർത്ഥിപട്ടിക ഉടൻ പ്രഖ്യാപിക്കും.

സിപിഎം ഇനി അഞ്ചു സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിക്കാനുണ്ട്. രണ്ടു ദിവസത്തിനകം അതും പ്രഖ്യാപിക്കുമെന്നു സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ വ്യക്തമാക്കി. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ സിപിഎമ്മിന്റെ മുഴുവൻ മന്ത്രിമാരും വീണ്ടും മത്സരിക്കുന്നുണ്ട്. അവരുടെ ഒമ്പതു മന്ത്രിമാരും സിപിഎം സ്വതന്ത്രനായ വി. അബ്ദുറഹ്മാനും



വീണ്ടും മത്സരിക്കുകയാണ്. ഒരുപക്ഷേ സിപിഎമ്മിൽ ആദ്യമായിട്ടായിരിക്കും മുഴുവൻ മന്ത്രിമാരും വീണ്ടും മത്സരിക്കാനെത്തുന്നത്. സിപിഐയുടെയും നാലു മന്ത്രിമാരും വീണ്ടും മത്സരിക്കുന്നുണ്ട്.

കൊടുവള്ളി, കോട്ടയ്ക്കൽ, കൊണ്ടോട്ടി, തിരൂർ, പാലക്കാട് മണ്ഡലങ്ങളിലാണ് സിപിഎം സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാനുള്ളത്. പാലക്കാട് സ്വതന്ത്രനായിരിക്കും മത്സരിക്കുക.

സിപിഎമ്മിൽ വീണ്ടും മത്സരിക്കാൻ അവസരം ലഭിക്കാത്തവരിൽ പ്രമുഖൻ സ്പീക്കർ എ.എൻ. ഷംസീർ ആണ്. പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ കഴിഞ്ഞ തവണ പ്രതിനിധീകരിച്ച തളിപ്പറമ്പിൽ ഇത്തവണ അദ്ദേഹത്തിന്റെ ഭാര്യ പി.കെ. ശ്യാമളയാണു മത്സരിക്കുന്നത്. മണലൂരിൽ മുരളി പെരുനെല്ലിക്കും ഉടുമ്പഞ്ചോലയിൽ എം.എം. മണിക്കും വീണ്ടുമൊരു അവസരം ലഭിച്ചില്ല. നെന്മാറയിൽ കെ. ബാബുവും പൊന്നാനിയിൽ പി. നന്ദകുമാറിനും തൃക്കരിപ്പൂരിൽ എം. രാജഗോപാലിനും പകരക്കാർ വന്നു. കൊല്ലത്ത് എം. മുകേഷിനും വീണ്ടും സ്ഥാനാർത്ഥിത്വം ലഭിച്ചില്ല.

കഴിഞ്ഞ തവണ മട്ടന്നൂരിൽനിന്നു വിജയിച്ച കെ.കെ. ശൈലജയ്ക്ക് ഇത്തവണ പേരാവൂരിലാണു സീറ്റ് ലഭിച്ചത്. വൈപ്പിനിൽ നിന്നു വിജയിച്ച കെ.എൻ. ഉണ്ണികൃഷ്ണൻ ഇത്തവണ തൃപ്പൂണിത്തുറയിൽ മത്സരിക്കും.

(ശേഷം 34-ാം പേജിൽ)

# ജി. സുധാകരന് യുഡിഎഫ് പിന്തുണ; മുകുന്ദനെ 'കൈ' വിട്ടു

തിരുവനന്തപുരം: സിപിഎം ബന്ധം ഉപേക്ഷിച്ച് സ്വതന്ത്രനായി അമ്പലപ്പുഴയിൽ മത്സരിക്കുന്ന ജി. സുധാകരനെ യുഡിഎഫ് പിന്തുണയ്ക്കും. മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയെ നിർത്താതെ ജി. സുധാകരനു പിന്തുണ നല്കാൻ കോൺഗ്രസ് ഉന്നത നേതൃത്വം തീരുമാനിച്ചു.

എഐസിസി ജനറൽ സെക്രട്ടറിയും ആലപ്പുഴ എംപിയുമായ കെ.സി. വേണുഗോപാലാണ് ഈ വിഷയത്തിൽ കോൺഗ്രസ് ഹൈക്കമാൻഡുമായി ചർച്ച നടത്തിയത്. സുധാകരനെ പിന്തുണയ്ക്കുന്ന കാര്യത്തിൽ ഹൈക്കമാൻഡും അനുകൂലമായ നിലപാട് സ്വീകരിച്ചു. കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കോൺഗ്രസിലെ മുതിർന്ന നേതാക്കളായ രമേശ് ചെന്നിത്തല, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ്, ബെന്നി ബഹനാൻ, കെ. സുധാകരൻ, പി.സി. വിഷ്ണുനാഥ്, ഷാഫി പറമ്പിൽ, കെ. മുരളീധരൻ, എ.പി. അനിൽകുമാർ, അടൂർ പ്രകാശ്, എം.എം. ഹസൻ ഉൾപ്പെടെയുള്ള നേതാക്കളും അമ്പലപ്പുഴയിൽ സുധാകരന് പിന്തുണ നല്കുന്ന കാര്യത്തിൽ അനുകൂല നിലപാടുകാരാണ്.




മുസ്‌ലിം ലീഗിലെ പാണക്കാട് തങ്ങൾ, പി.കെ. കുഞ്ഞാലിക്കുട്ടി, ആർഎസ്പി നേതാക്കളായ ഷിബു ബേബി ജോൺ, എൻ.കെ. പ്രേമചന്ദ്രൻ, കേരള കോൺഗ്രസ് നേതാക്കളായ പി.ജെ. ജോസഫ്, അനൂപ് ജേക്കബ്, ഘടകകക്ഷി നേതാക്കളായ കെ.കെ. രമ, സി.പി. ജോൺ ഉൾപ്പെടെയുള്ള നേതാക്കൾക്കും സുധാകരന് പിന്തുണ നല്കുന്നതിൽ യോജിപ്പാണ്.

അഴിമതിവിരുദ്ധ പ്രതിച്ഛായയുള്ള ജനകീയ മുഖമുള്ള ജി. സുധാകരനെ പിന്തുണയ്ക്കുന്നതോടെ കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും സിപിഎമ്മിനെതിരെയുള്ള ജനവികാരം അനുകൂലമാക്കാൻ സാധിക്കുമെന്ന കണക്കുകൂട്ടലിലാണ് യുഡിഎഫ് നേതൃത്വം.

(ശേഷം 34-ാം പേജിൽ)

# ജ്ഞാനപീഠം പുരസ്കാരം വൈരമുത്തുവിന്

ചെന്നൈ: തമിഴ് കവിയും നോവലിസ്റ്റും ചലച്ചിത്രഗാനരചയിതാവുമായ വൈരമുത്തുവിന് 2025-ലെ ജ്ഞാനപീഠം പുരസ്കാരം. തമിഴ് ജീവിതത്തിന്റെ സാമൂഹ്യ-സാംസ്കാരിക മാറ്റങ്ങൾ അടയാളപ്പെടുത്തുന്ന രചനകൾ പരിഗണിച്ചാണു ഇന്ത്യയിലെ പരമോന്നത സാഹിത്യപുരസ്കാരത്തിന് വൈരമുത്തു രാമസാമി എന്ന വൈരമുത്തുവിനെ തെരഞ്ഞെടുക്കുന്നത്. തേനിയിലെ മേട്ടൂരിൽ



1953-ലാണു ജനനം. ചെന്നൈ പച്ചയ്യപ്പാസ് കോളജിൽ ബിരുദ പഠനകാലത്ത് ആദ്യ കവിതാ സമാഹാരമായ വൈഗരൈ മേഘങ്ങൾ പ്രസിദ്ധീകരിച്ചു. ഈ പുസ്തകം വിമൻസ് ക്രിസ്റ്റ്യൻ കോളജിലെ പാഠ്യപദ്ധതിയുടെ ഭാഗമായതോടെ ശ്രദ്ധേയനായി. മദ്രാസ് സർവകലാശാലയിൽനിന്ന് തമിഴ്സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയശേഷം തമിഴ്നാട് ഭാഷാ കമ്മീഷനിൽ ജീവനക്കാരനായി.

ഭാരതിരാജയുടെ നിഴൽകൾ എന്ന ചിത്രത്തിലൂടെ 1980-ൽ സിനിമാഗാനമേഖലയിലെത്തിയ വൈരമുത്തു 7,500-ലധികം ഇമ്പമാർന്ന ഗാനങ്ങളെഴുതി. ചലച്ചിത്രഗാനരചനയ്ക്ക് ഏഴുതവണ ദേശീയപുരസ്കാരവും ആറ് തവണ തമിഴ്നാട് സർക്കാർ പുരസ്കാരവും സ്വന്തമാക്കി. പദ്മശ്രീ, പദ്മഭൂഷൺ, സാഹിത്യ അക്കാദമി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. തണ്ണീർദേശം എന്ന നോവലിന് അടിത്തനാർ സാഹിത്യ പുരസ്കാരവും ലഭിച്ചു. 1975-ൽ അകിലനും 2002-ൽ ജയകാന്തനും ശേഷം തമിഴ് ഭാഷയ്ക്കു ജ്ഞാനപീഠം ലഭിക്കുന്നത് വൈരമുത്തുവിലൂടെയാണ്. കോളജ് അധ്യാപികയായ പൊൻമണിയാണു ഭാര്യ. മദൻ കാർക്കിയും കബിലനുമാണ് മക്കൾ.

# ഒഡീഷ ആശുപത്രിയിൽ തീപിടിത്തം; പത്ത് രോഗികൾ മരിച്ചു

ഭുവനേശ്വർ: ഒഡീഷയിലെ സർക്കാർ ഉടമസ്ഥതയിലുള്ള എസ്‌സിബി മെഡിക്കൽ കോളജ് ആശുപത്രിയിലെ ഐസിയുവിൽ ഇന്നു പുലർച്ചെയുണ്ടായ വൻ തീപിടിത്തത്തിൽ പത്ത് രോഗികൾ മരിച്ചു. രോഗികളെ രക്ഷപ്പെടുത്തുന്നതിനിടെ 11 ആശുപത്രി ജീവനക്കാർക്ക് പൊള്ളലേറ്റു. മുഖ്യമന്ത്രി മോഹൻ ചരൺ മാജി ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി. ട്രോമ കെയർ ഐസിയുവിലും തൊട്ടടുത്തുള്ള ഐസിയു വാർഡിലുമായി 23 രോഗികളാണ് ഉണ്ടായിരുന്നത്. ഏഴു പേർ തീപിടിത്തത്തിലും മൂന്നു പേർ രക്ഷാപ്രവർത്തനത്തിനിടെ പൊള്ളലേറ്റോ ശ്വാസം മുട്ടിയോ മരിച്ചെന്നും അധികൃതർ പറഞ്ഞു.



ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. ഗുരുതരാവസ്ഥയിലുള്ള രോഗികളെ ചികിത്സിച്ചിരുന്ന ട്രോമ കെയർ വിഭാഗത്തിലെ ഐസിയുവിലാണ് തീ പടർന്നത്. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച മുഖ്യമന്ത്രി, ഫയർ സർവീസ് ഡിജിയോട് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെട്ടു. പരുക്കേറ്റവർക്ക് മികച്ച ചികിത്സ ഉറപ്പാക്കാനും മരിച്ചവരുടെ കുടുംബങ്ങൾക്ക് 25 ലക്ഷം രൂപവീതം ധനസഹായവും പ്രഖ്യാപിച്ചു.

# വാണിജ്യ സിലിണ്ടർ കിട്ടാനില്ല: കേരളത്തിലെ ഭൂരിഭാഗം ഹോട്ടലുകളും അടച്ചു

കൊച്ചി: വാണിജ്യ സിലിണ്ടർ വിതരണം മുടങ്ങിയതിനെ തുടർന്നുള്ള പ്രതിസന്ധി തുടരുന്നു. സിലിണ്ടർ ഇല്ലാത്തതിനാൽ കേരളത്തിലെ ഭൂരിഭാഗം ഹോട്ടലുകളും അടച്ചു. ഹോസ്റ്റലുകൾ, കാന്റീനുകൾ, ബേക്കറികൾ തുടങ്ങിയവയെ എല്ലാം പ്രതിസന്ധി ബാധിച്ചിട്ടുണ്ട്. ഭക്ഷണത്തിനായി ഹോട്ടലുകളെ ആശ്രയിക്കുന്നവർ ദുരിതത്തിലാണ്. വാണിജ്യ സിലിണ്ടറുകളുടെ വിതരണം നിലച്ചതോടെ സ്വകാര്യ കമ്പനികൾ മൂന്നിരട്ടിയോളം വില കൂട്ടി എൽപിജി സിലിണ്ടറുകൾ വിപണിയിൽ വിൽക്കുന്നതായും പരാതിയുണ്ട്. വൻതുക നൽകി സ്വകാര്യ കമ്പനികളുടെ സിലിണ്ടറുകൾ വാങ്ങി ഉപയോഗിക്കേണ്ട അവസ്ഥയാണെന്ന് ഹോട്ടൽ ഉടമകൾ പറയുന്നു.

നിലവിലെ സ്ഥിതി എത്രനാൾ നീളുമെന്ന കാര്യത്തിൽ വ്യക്തത വരുത്താനും ബദൽ മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി പ്രതിസന്ധി നേരിടുന്ന മേഖലകളിലെ സംഘടനകളെ എല്ലാം വിളിച്ചു ചേർത്ത് കൂട്ടായ തീരുമാനം എടുക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്.

പ്രതിസന്ധി നീണ്ടുപോയാൽ വരുംദിവസങ്ങളിൽ കൂടുതൽ ഹോട്ടലുകൾ അടച്ചിടേണ്ടി വരുമെന്ന ആശങ്കയിലാണ് അസോസിയേഷൻ. ഭക്ഷണ സാധനങ്ങൾ പലയിടത്തും പരിഷ്കരിക്കുന്നുണ്ട്. പലയിടത്തും ഊണ് നിർത്തിക്കഴിഞ്ഞു. ചൈനീസ്/ഉത്തരേന്ത്യൻ വിഭവങ്ങളും ചില ഹോട്ടലുകൾ നിർത്തിയിട്ടുണ്ട്. ചില ഹോട്ടലുകൾ വാടകയ്ക്കു വിറകടുപ്പുകൾ എടുക്കുന്നുണ്ട്. ബേക്കറിയുത്പന്നങ്ങൾ ഒരുക്കുന്ന ബോർമകളും പ്രതിസന്ധിയിലാണ്. ഉഴുന്നുവട, സമൂസ, പഫ്സ്, ക്രീം ബൺ, ഏത്തക്കാ ബോളി, കട്‌ലെറ്റ് എന്നിവ കുറച്ചിട്ടുണ്ട്. ഗ്യാസ് ഓവനുകൾ പ്രവർത്തിപ്പിക്കുന്ന ബോർമകളാണ് ഉത്പാദനം കുറച്ചത്. പലയിടങ്ങളിലും തട്ടുകടകളും പ്രവർത്തനം നിർത്തുമെന്ന് ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ പറഞ്ഞു.

സ്വകാര്യ ഏജൻസികളിലും എൽപിജി കിട്ടുന്നില്ല. പല സ്വകാര്യ ഏജൻസികളും വൻ വിലയ്ക്കാണ് സിലിണ്ടറുകൾ വിൽക്കുന്നതെന്ന് ഹോട്ടലുടമകൾ പറയുന്നു. മുമ്പ് 1565 രൂപയ്ക്ക് ലഭിച്ചിരുന്ന സിലിണ്ടറിന് ഇപ്പോൾ 2600-2800 നിരക്കാണ് ഈടാക്കുന്നത്.

സേവന മേഖലയെന്ന നിലയിലും ടൂറിസം മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം കണക്കിലെടുത്തും സർക്കാർ അടിയന്തരമായി പ്രശ്നങ്ങളിൽ ഇടപെടണമെന്ന് കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ ആവശ്യപ്പെട്ടു. കൂടുതൽ റസ്റ്ററന്റുകൾ അടഞ്ഞുപോകുന്നത് വിദ്യാർത്ഥികൾക്കും നഗരങ്ങളിൽ ജോലിക്കെത്തുന്നവർക്കും ദുരിതമാകും. ഇവർക്കുള്ള ടോയ്‌ലറ്റ് സംവിധാനം പോലും ഇല്ലാതെയാകുന്ന അവസ്ഥയുണ്ടാകും.

കൂടെയുള്ള തൊഴിലാളികളെയും സംരക്ഷിക്കേണ്ട വൻ ബാധ്യതയാണ് ഇപ്പോഴുള്ളത്. പല സ്ഥാപനങ്ങളും വൻതുക ലോണെടുത്താണു പ്രവർത്തിക്കുന്നത്. ഗുരുതരമായ പ്രതിസന്ധിയാണ് ഹോട്ടലുടമകൾ നേരിടുന്നത്. അടച്ചുപൂട്ടുന്നതോടെ ഹോട്ടൽ ജോലിക്കാർ ഉൾപ്പെടെ ജീവിക്കാൻ മറ്റ് തൊഴിൽതേടി പോകേണ്ട സാഹചര്യമാണുള്ളത്. ഭൂരിഭാഗം ഹോട്ടലുകളിലും ജോലിക്കാരിലേറെയും അന്യസംസ്ഥാനത്തു നിന്നുള്ളവരാണ്. ഇവർ പോയിക്കഴിഞ്ഞാൽ പിന്നീട് തിരിച്ചുവരുന്ന കാര്യംതന്നെ സംശയമാണെന്നും അതോടെ പൂട്ടിയ ഹോട്ടലുകൾ സ്ഥിരമായി അടച്ചുപൂട്ടേണ്ടി വരുമെന്നുമാണ് ഹോട്ടലുടമകൾ ചൂണ്ടിക്കാണിക്കുന്നത്.

# സംസ്ഥാനത്ത് 2.70 കോടി വോട്ടർമാർ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ആകെയുള്ളത് 2.70 കോടി വോട്ടർമാർ. 1,38,81,522 സ്ത്രീകളും 1,31,83,002 പുരുഷ വോട്ടർമാരുമാണുള്ളത്. 272 ഭിന്ന ലിംഗക്കാരുമുണ്ട്. പ്രവാസികളായി സംസ്ഥാനത്തു നിന്നുള്ള 2,34,049 വോട്ടർമാരാണുള്ളത്. ഇതിൽ 1,98,047പുരുഷന്മാരും 35,994 സ്ത്രീകളുമാണ് പ്രവാസികളായിട്ടുള്ളത്.

18 വയസ് പൂർത്തിയാക്കുന്നവർക്ക് ഇനിയും വോട്ടർ പട്ടികയിൽ പേരു ചേർക്കാം. നാമനിർദേശപത്രിക സമർപ്പിക്കുന്നതിന്റെ അവസാന ദിവസംവരെ വോട്ടർ പട്ടികയിൽ പേരുചേർക്കാൻ അവസരമുണ്ട്. ഇതിനുശേഷം ഒരാഴ്ച കൂടി വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവസാനഘട്ട അവസരം നല്കുമെന്നു തെരഞ്ഞെടുപ്പു കമ്മീഷൻ പറയുന്നു. സംസ്ഥാനത്താകെ 30,471 പോളിങ് ബൂത്തുകളാണ് സജ്ജീകരിച്ചിട്ടുള്ളത്.

തൊട്ടുമുൻപു നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെ പോളിങ് ബൂത്തുകളെക്കാൾ 5,062 എണ്ണം അധികമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ പേരെ വോട്ടിങ് കേന്ദ്രങ്ങളിൽ എത്തിച്ച് പോളിങ് ശതമാനം ഉയർത്തുകയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ലക്ഷ്യം.

# സംവരണമില്ലാത്ത സമുദായത്തിന് പരിഗണന നല്കണമെന്ന് മാർ തട്ടിൽ

കണ്ണൂർ: രാഷ്ട്രീയ ശക്തിയല്ല, സമുദായ ശക്തിയാണ് കത്തോലിക്കാ കോൺഗ്രസെന്ന് സീറോമലബാർ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ. 'സമുദായ ശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന മുദ്രാവാക്യവുമായി അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മവാർഷിക സമ്മേളനം കണ്ണൂർ പോലീസ് മൈതാനിയിലെ ബിഷപ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നഗറിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മേജർ ആർച്ച്ബിഷപ്. സംവരണമില്ലാത്ത സമുദായത്തിന് അർഹിക്കുന്ന പരിഗണന നല്കാൻ സർക്കാർ തയ്യാറാകണമെന്നും മാർ റാഫേൽ തട്ടിൽ പറഞ്ഞു.

വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ സമുദായം ചെയ്തതാണ് പള്ളിക്കൂടം. ജാതി അനുസരിച്ച് കുട്ടികൾ വസ്ത്രങ്ങൾ ഇടാത്തപ്പോൾ കത്തോലിക്കാ സഭ നടത്തിയ പരിഷ്കാരമാണ് പള്ളിക്കൂടങ്ങളിലെ യൂണിഫോം. ജാതിവ്യവസ്ഥകൾ പള്ളിക്കൂടങ്ങളിൽ പാടില്ലെന്നു ബോധ്യപ്പെടുത്താനാണ് യൂണിഫോം സമ്പ്രദായം നടപ്പിലാക്കിയത്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും തുല്യ അവകാശമുണ്ടെന്നു പറഞ്ഞത് കത്തോലിക്കാ സമുദായമാണ്. നേഴ്സാകാൻ ഒരുകാലത്ത് ആരും പോകാറില്ലായിന്നു. ആരോഗ്യമേഖലയിൽ സ്ത്രീകളുടെ ശുശ്രൂഷ ആവശ്യമാണെന്നു പറഞ്ഞത് സമുദായമാണ്. സിസ്റ്റേഴ്സിനെ ഉൾപ്പെടെ ഈ മേഖലയിലേക്ക് നിയോഗിച്ചത് സമുദായമാണ്.

കണ്ണൂർ, കാസർകോഡ് ജില്ലകൾ സൃഷ്ടിച്ചത് സർക്കാരാണെങ്കിലും ഇന്നു കാണുന്ന രീതിയിൽ ഈ ജില്ലകളെ മാറ്റിയത് കുടിയേറ്റ കർഷകരാണ്. കപ്പ, നെൽകൃഷി എന്നിവ സമുദായം കൊടുത്ത സംഭാവനയാണ്. കർഷകർക്ക് പെൻഷനും ആരോഗ്യ ഇൻഷുറൻസും നല്കാൻ സർക്കാർ തയ്യാറാകണം. മനുഷ്യനെ കൊന്നാൽ പ്രശ്നമില്ല. കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ കൊന്നാൽപ്രശ്നമാണ്. കർഷകന്റെ ഭൂമിക്ക് സംരക്ഷണം നല്കണം. അവരുടെ മക്കൾക്ക് പഠിക്കാൻ ആനുകൂല്യം നല്കണം. മക്കൾക്ക് ജോലി സംവരണം നല്കണം.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണവും ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചാനിയിൽ അനുഗ്രഹപ്രഭാഷണവും നടത്തി.



അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ജന്മവാർഷികത്തോടനുബന്ധിച്ച് കണ്ണൂരിൽ നടന്ന സംഗമം സീറോമലബാർ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു.

# പോളിംഗ് ബൂത്തുകളിൽ പ്രശ്നക്കാരെ പിടിക്കാൻ ഡ്രോൺ

തിരുവനന്തപുരം: അതിസങ്കീർണ പ്രശ്നബാധിത ബൂത്തുകളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ തെരഞ്ഞെടുപ്പു കമ്മീഷൻ. നിയമസഭാ തെരഞ്ഞെടുപ്പിൽ കള്ളവോട്ടിനും ബൂത്തു പിടിത്തത്തിനും സാധ്യതയുള്ള പ്രദേശങ്ങളിലാണ് ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ ആലോചിക്കുന്നത്. ജില്ലാ വരണാധികാരികളായ ഒട്ടേറെ കളക്ടർമാർ ഡ്രോൺ നിരീക്ഷണം വേണമെന്ന ആവശ്യം തെരഞ്ഞെടുപ്പു കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. ഡ്രോൺ നിരീക്ഷണം ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രശ്നബാധിത ബൂത്തുകളിൽ നടപ്പാക്കുമെന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിന് സുരക്ഷ ഒരുക്കാൻ 30 കമ്പനി കേന്ദ്രസേനയാണ് കേരളത്തിൽ എത്തുന്നത്. ഏതാണ്ട് 2500 കേന്ദ്രസേനാംഗങ്ങൾ കേരളത്തിന്റെ സുരക്ഷാ ചുമതലയിലുണ്ടാകും. കേന്ദ്ര സായുധസേനയുടെ നോഡൽ ഓഫീസറെയും നിശ്ചയിച്ചു. എല്ലാ ബൂത്തുകളിലും ഇത്തവണ വെബ് കാസ്റ്റിംഗ് ഏർപ്പെടുത്തണമെന്നാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം. പ്രശ്നബാധിത ബൂത്തുകളിൽ ലൈവ് ടെലികാസ്റ്റിംഗ്, സിസിടിവി നിരീക്ഷണം തുടങ്ങിയവയുമുണ്ടാകും. കേന്ദ്രസേനയെ കൂടാതെ കേരള പോലീസിന്റെ സേവനവും സുരക്ഷയ്ക്കായി ഒരുക്കും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 11
March 16, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**


സംസ്കാരം സ്വർഗത്തിലേക്കുള്ള പകുതി വഴിയാണ്.

**ജോർജ് മെഡിറീൻ**

സൗമ്യമായ സംസാരം കോപത്തെ ശമിപ്പിക്കുന്നു.

**എമേഴ്സൺ**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അതീവ ഗുരുതരമാകുന്ന യുദ്ധക്കെടുതികൾ

ലോകത്തിന്റെ ഒരു കോണിൽ ഉയരുന്ന യുദ്ധകാർമേഘങ്ങൾ മറ്റൊരു കോണിലെ സാധാരണക്കാരന്റെ അടുക്കളയിൽ കരിനിഴൽ വീഴ്ത്തുന്ന കാഴ്ചയാണ് ഇന്ത്യ ഇന്ന് കാണുന്നത്. പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ഹോർമുസ് കടലിടുക്കിലൂടെയുള്ള ഇന്ധന ഇറക്കുമതി തടസപ്പെട്ടതോടെ ഇന്ത്യ നേരിടുന്ന പാചകവാതക പ്രതിസന്ധി അതീവ ഗുരുതരമായ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. ഗ്രാമീണ മേഖലയിലെ എൽപിജി ബുക്കിങ് ഇടവേള 25 ദിവസത്തിൽനിന്ന് 45 ദിവസമാക്കി ഉയർത്തിയ കേന്ദ്ര സർക്കാർ നടപടി, പ്രതിസന്ധി പരിഹരിക്കപ്പെടാൻ ഇനിയും സമയമെടുക്കുമെന്നതിന്റെ വ്യക്തമായ സൂചനയാണ്.

ഒരു ലക്ഷത്തോളം ഹോട്ടലുകളും റസ്റ്ററന്റുകളുമാണ് കേരളത്തിലുള്ളത്. കേരളത്തിലെ 90 ശതമാനം ഹോട്ടലുകളിലും പാചകത്തിനായി ഉപയോഗിക്കുന്നത് പാചകവാതകമാണ്. രണ്ടു ദിവസത്തിനുള്ളിൽ കേരളത്തിലെ ഹോട്ടൽ വ്യവസായ മേഖല പൂർണമായി സ്തംഭിക്കുന്ന സ്ഥിതിയാണെന്നും 20 ശതമാനം ഹോട്ടലുകൾ ഇതിനകം പൂട്ടിയെന്നും കേരള ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ വ്യക്തമാക്കുന്നു. ഇതോടെ, കോവിഡ് കാലത്തിനുശേഷമുള്ള കടുത്ത പ്രതിസന്ധിയാവും ഈ മേഖലയ്ക്കു നേരിടേണ്ടിവരിക. ഗ്രാമപ്രദേശങ്ങളിൽ വിറക് ബദൽ സംവിധാനമായി ഉപയോഗിക്കാമെന്ന സർക്കാരിന്റെ യുക്തി സാങ്കേതികമായി ശരിയായിരിക്കാം. എന്നാൽ, കഴിഞ്ഞ ഒരു ദശകത്തിനിടെ 'ഉജ്വല' യോജനയിലൂടെയും മറ്റും പൂർണമായും ഗ്യാസ് അടുപ്പുകളിലേക്ക് മാറിയ ലക്ഷക്കണക്കിന് സാധാരണ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു തിരിച്ചടിയാണ്. കേരളത്തിലെ പകുതിയോളം കണക്ഷനുകളെയും ഈ നിയന്ത്രണം ബാധിക്കുമെന്നിരിക്കെ, നഗരങ്ങളിലെ വിതരണം തടസപ്പെടാതിരിക്കാൻ ഗ്രാമങ്ങളെ പട്ടിണിക്കിടുകയാണോ എന്ന ചോദ്യം പ്രസക്തമാകുന്നു. വിറക് ഉപയോഗിക്കാനുള്ള നിർദേശം പരിസ്ഥിതി സൗഹൃദപരമായ ഇന്ധന നയങ്ങളിൽനിന്നുള്ള പിന്നോട്ടുപോക്കായും വിലയിരുത്തപ്പെടും.

വാണിജ്യ സിലിണ്ടറുകളുടെ വിതരണം പുനരാരംഭിക്കാനുള്ള തീരുമാനം ആശ്വാസകരമാണെങ്കിലും ആവശ്യത്തിന്റെ അഞ്ചിലൊന്ന് മാത്രമേ നൽകൂ എന്ന നിബന്ധന ഹോട്ടൽ, റസ്റ്ററന്റ് മേഖലയെ ശ്വാസംമുട്ടിക്കും. ഇത് ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റത്തിന് നേരിട്ട് കാരണമാകും. ശ്മശാനങ്ങളിലെ ശവസംസ്കാര ചടങ്ങുകൾ പോലും മുടങ്ങുന്ന അവസ്ഥയുണ്ടായി എന്നത് പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു. ഹോർമുസ് കടലിടുക്കിന് പുറത്തുള്ള വഴികളിലൂടെ ക്രൂഡോയിൽ എത്തിച്ചുതുടങ്ങിയെന്ന കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരിയുടെ വാക്കുകൾ പ്രതീക്ഷ നൽകുന്നതാണ്. എങ്കിലും, ഇറക്കുമതിയെ മാത്രം അമിതമായി ആശ്രയിക്കുന്ന ഊർജ നയം എത്രത്തോളം അപകടകരമാണെന്ന് ഈ പ്രതിസന്ധി നമ്മെ ഓർമിപ്പിക്കുന്നു. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള പരിഹാരശ്രമങ്ങൾക്കൊപ്പം തന്നെ ജനങ്ങളുടെ ജാഗ്രതയും സഹകരണവും ഈ പ്രതിസന്ധി ഘട്ടത്തിൽ അത്യന്താപേക്ഷിതമാണ്. ക്ഷാമം എന്ന വാർത്ത കേൾക്കുമ്പോൾ തന്നെ അനാവശ്യമായ പരിഭ്രാന്തിപ്പെട്ട് സിലിണ്ടറുകൾ മുൻകൂട്ടി ശേഖരിച്ചുവെക്കുന്ന പ്രവണത വിപണിയിലെ സമ്മർദം ഇരട്ടിപ്പിക്കുകയേ ഉള്ളൂ. കൈവശം സ്റ്റോക്കുള്ളവർ വീണ്ടും ബുക്ക് ചെയ്യുന്നത് ഒഴിവാക്കിയാൽ മാത്രമേ അർഹരായവരിലേക്ക് ഇന്ധനം കൃത്യസമയത്ത് എത്തുകയുള്ളൂ. കൂടാതെ, ഗാർഹിക സിലിണ്ടറുകൾ വാണിജ്യ ആവശ്യങ്ങൾക്ക് മറിച്ചുവിൽക്കുന്നതും അമിത ലാഭത്തിനായി പൂഴ്ത്തിവെക്കുന്നതും വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പൊതുസമൂഹം ജാഗ്രത പാലിക്കണം. പാചകവാതകം മിതമായി ഉപയോഗിച്ചും ലഭ്യമായ ബദൽ മാർഗങ്ങൾ താൽകാലികമായെങ്കിലും സ്വീകരിച്ചും ഈ ദുഷ്കരമായ കാലത്തെ മറികടക്കാൻ ഓരോ പൗരനും ബാധ്യസ്ഥനാണ്.

എൽപിജി സിലിണ്ടറുകളുടെ ദൗർലഭ്യം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാകുമെന്നതിൽ തർക്കമില്ല. ഈ സാഹചര്യത്തിൽ, പാചകവാതകത്തിന്റെ ലഭ്യത ഉറപ്പാക്കാനും വിലവർധനയുടെ ആഘാതം കുറയ്ക്കാനും കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ എൽപിജി പ്രതിസന്ധിക്ക് ഉടൻ പരിഹാരമൊന്നും നമ്മുടെ രാജ്യത്തിന്റെ പക്കലില്ല എന്നതാണു വസ്തുത. എന്നിരുന്നാലും, ജനങ്ങളുടെ കഷ്ടപ്പാടും ആധിയും കുറയ്ക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സാധ്യമായതെല്ലാം ചെയ്യേണ്ടതുണ്ട്.

# ശബരിമല യുവതീപ്രവേശം: ആചാരസംരക്ഷണത്തിന് കേരള സർക്കാർ

തിരുവനന്തപുരം: ശബരിമല യുവതീപ്രവേശവിഷയത്തിൽ മലക്കംമറിഞ്ഞ കേരളസർക്കാർ, ആചാരം സംരക്ഷിക്കണമെന്ന പുതിയ നിലപാട് സുപ്രീം കോടതിയെ അറിയിക്കാനൊരുങ്ങുന്നു. ഇക്കാര്യത്തിൽ പാർട്ടി നിലപാടിനു മാറ്റമില്ലെന്നും സർക്കാർ നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് മറുപടി നൽകാൻ നിർദേശിച്ചിട്ടുണ്ടെന്നുമാണ് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ വിശദീകരണം.

മുൻനിലപാടിൽ ഉറച്ചുനിന്നാകും പാർട്ടി മുന്നോട്ടുപോകുകയെന്നു ഗോവിന്ദൻ പറഞ്ഞു. യുവതീപ്രവേശം വേണോ വേണ്ടയോ എന്നല്ല സുപ്രീം കോടതിയുടെ ചോദ്യം. നിയമപരമായ കാര്യങ്ങൾ പരിശോധിച്ചാണ് സർക്കാർ നടപടി സ്വീകരിക്കുക. വിശ്വാസികളുടെ താത്പര്യം സർക്കാർ എക്കാലവും സംരക്ഷിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യം പരിഗണിച്ചുള്ള നിലപാടാകും സർക്കാർ സ്വീകരിക്കുക. മുമ്പ് കൊടുത്ത സത്യവാങ്മൂലത്തിൽ പറയുന്ന കാര്യങ്ങളിൽ ഉറച്ചുനിന്നുള്ള ഭാഗങ്ങളാണ് ചർച്ച ചെയ്യുന്നത്. ഏഴ് ചോദ്യങ്ങൾക്കാണ് കോടതി മറുപടി തേടിയത്. അതിൽ യുവതീപ്രവേശം സംബന്ധിച്ച് ചോദ്യമില്ല. അതുകൊണ്ട് അക്കാര്യം ചർച്ച ചെയ്യേണ്ടതില്ല. എല്ലാ മതവിഭാഗങ്ങളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണഘടനാപരമായ പരിശോധനയാണ് നടക്കുന്നത്. ആചാരം സംബന്ധിച്ച കാര്യങ്ങൾ പരിഹരിക്കാൻ കഴിയുന്നത് സർക്കാരിനോ കോടതിക്കോ അല്ല. അതുമായി ബന്ധപ്പെട്ട് അറിവുള്ളവർക്കാണ്. അവരുമായി ചർച്ച നടത്തി ആവശ്യമായ നിലപാട് സ്വീകരിക്കണമെന്നാണ് പാർട്ടി നയം. എക്കാലവും വിശ്വാസികളുടെ വികാരം മാനിച്ചാണ് സിപിഎം പ്രവർത്തിക്കുന്നത്. പാർട്ടി നിലപാടിൽ ഒരു മാറ്റവും ഉദ്ദേശിക്കുന്നില്ല. ഇന്നത്തെ പരിതസ്ഥിതിയിൽ നിന്നുകൊണ്ട് നിയമപരമായ കാര്യങ്ങളും മറ്റും പരിശോധിച്ച് ആവശ്യമായ തീരുമാനം സർക്കാർ എടുക്കണമെന്നാണ് നിലപാടെന്നും സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിനുശേഷം ഗോവിന്ദൻ പറഞ്ഞു.

ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ട കേസുകളിൽ സുപ്രീം കോടതിയുടെ ഒമ്പതംഗ ഭരണഘടനാ ബെഞ്ച് ഏപ്രിൽ ഏഴിനു വാദം കേൾക്കും. കക്ഷികൾക്കു നിലപാടറിയിക്കാൻ കോടതി അനുവദിച്ച സമയപരിധി അവസാനിച്ചു. യുവതീപ്രവേശം അനുവദിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി നിലനിർത്തണമെന്നാവശ്യപ്പെട്ട് ഹർജിക്കാരായ ഇന്ത്യൻ യങ് ലോയേഴ്സ് അസോസിയേഷൻ വാദം സമർപ്പിച്ചു.

സ്ത്രീകളുടെ അന്തസ്സുമായി ബന്ധപ്പെട്ട വിഷയമാണിതെന്നും ശബരിമല ഭക്തരെ പ്രത്യേകവിഭാഗമായി കണക്കാക്കാനാകില്ലെന്നുമാണ് സംഘടനയുടെ നിലപാട്.

# പോലീസ് സേനയിലെ രണ്ടുപേർക്ക് 'ബാഡ്ജ് ഓഫ് ഓണർ' ബഹുമതി

പത്തനംതിട്ട: കുറ്റാന്വേഷണ മികവിനും മികച്ച ക്രമസമാധാന പാലനത്തിനും പോലീസ് ഡയറക്ടർ ജനറൽ നൽകുന്ന ബാഡ്ജ് ഓഫ് ഓണർ ബഹുമതിക്ക് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. ആനന്ദ് അർഹനായി. തിരുവല്ല പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ആയിരുന്ന എം.എസ്. മനോജ് കുമാറിന് മരണാനന്തര ബഹുമതിയായും ബാഡ്ജ് ഓഫ് ഓണർ നൽകും. വിവിധ സ്റ്റേഷനുകളിലെ ഒട്ടേറെ മോഷണക്കേസുകളിൽ പ്രതികളെ പിടികൂടുന്നതിനും കഞ്ചാവ്, എംഡിഎംഎ ഉൾപ്പെടെയുള്ള നിരോധിത മയക്കുമരുന്ന് കച്ചവടക്കാരെ അറസ്റ്റ് ചെയ്യുന്നതിനും കാണാതായവരെ കണ്ടെത്തുന്നതിനും ഉൾപ്പെടെ ജില്ലാ പോലീസിന് എം.എസ്. മനോജ് കുമാർ (46) നൽകിയ സംഭാവനകൾ വലുതായിരുന്നു. ഡാൻസാഫ് സംഘത്തോടൊപ്പം പ്രവർത്തിച്ചും മികവ് തെളിയിച്ചു. കഴിഞ്ഞവർഷം സെപ്റ്റംബർ ആറിന് ഡ്യൂട്ടി കഴിഞ്ഞ് പോകുമ്പോൾ ഉണ്ടായ വാഹനാപകടത്തിലാണ് മനോജ് കുമാറിന് ജീവൻ നഷ്ടമായത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി ആയിരിക്കുമ്പോഴുള്ള ക്രമസമാധാന പരിപാലനത്തിന്റെ മികവിനാണ് ആർ. ആനന്ദിന് ബഹുമതി ലഭിച്ചത്. കഴിഞ്ഞ വർഷം ജൂലൈയിലാണ് ഇദ്ദേഹം പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായത്. തമിഴ്നാട് ഡിണ്ടിഗൽ സ്വദേശിയാണ്. ശിവരഞ്ജിനിയാണ് ഭാര്യ. മകൻ: ഹർഷിത്.

# ലോക്പാലിന്റെ അധികാരവും പരിമിതിയും പരിശോധിക്കുന്നു

ന്യൂഡൽഹി: ലോക്പാലിന്റെ അധികാരങ്ങളും നിയമപരമായ നിയന്ത്രണങ്ങളും സമഗ്രമായി പരിശോധിക്കാൻ സുപ്രീംകോടതി. ലോകായുക്ത നിയമത്തിലെ സെക്ഷൻ 20-ന്റെ വ്യക്തത തേടി ലോക്പാൽ സുപ്രീംകോടതിയെ സമീപിച്ചതിനെ തുടർന്നാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ചിന്റെ നടപടി. കുറ്റാരോപിതനായ പൊതുപ്രവർത്തകന്റെ വാദം കേൾക്കൽ, വിചാരണ, പ്രത്യേക അന്വേഷണ ഏജൻസികൾക്ക് അന്വേഷണം കൈമാറൽ തുടങ്ങിയ വിഷയങ്ങളാണ് സെക്ഷൻ 20 കൈകാര്യം ചെയ്യുന്നത്.

തൃണമൂൽ കോൺഗ്രസ് എംപി മഹുവ മൊയ്ത്ര പാർലമെന്റിൽ ചോദ്യം ചോദിക്കുന്നതിനു പണം വാങ്ങിയെന്ന ആരോപണത്തിൽ ലോക്പാൽ സ്വീകരിച്ച നടപടിയാണ് വിഷയത്തിന്റെ അടിസ്ഥാനം. മഹുവയ്ക്കെതിരെ കുറ്റപത്രം സമർപ്പിക്കാൻ സിബിഐക്ക് ലോക്പാൽ അനുമതി നല്കിയിരുന്നു. എന്നാൽ, 2025 ഡിസംബറിൽ ഡൽഹി ഹൈക്കോടതി ഈ നിർദേശം റദ്ദാക്കി. ഇതിനെതിരെയാണ് ലോക്പാൽ സുപ്രീംകോടതിയെ സമീപിച്ചത്. സെക്ഷൻ 20 പ്രകാരം അനുമതി നല്കാനുള്ള ലോക്പാലിന്റെ അധികാരത്തെക്കുറിച്ചുള്ള ഹൈക്കോടതി വ്യാഖ്യാനവും സുപ്രീംകോടതിയിൽ സമർപ്പിച്ച അപ്പീലിൽ ചോദ്യം ചെയ്തിട്ടുണ്ട്.

മഹുവയുടെ ഭാഗം കേൾക്കാതെയാണ് ലോക്പാൽ സിബിഐക്ക് നിർദ്ദേശം നല്കിയതെന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി കേസിലെ തുടർനടപടികൾ സ്റ്റേ ചെയ്തത്. ലോകായുക്ത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് വിഷയം പുനഃപരിശോധിച്ച് ഒരു മാസത്തിനുള്ളിൽ പുതിയ തീരുമാനമെടുക്കാൻ ലോക്പാലിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

എന്നാൽ, ഈ നിർദേശം പാലിക്കേണ്ടതില്ലെന്ന് സുപ്രീംകോടതി ലോക്പാലിനോട് പറഞ്ഞു. കൂടാതെ മഹുവയ്ക്കെതിരായ അന്വേഷണം തൽക്കാലം നിർത്തിവെക്കാനും സുപ്രീം കോടതി നിർദേശിച്ചു.

# ഇടുക്കിയിലെ പട്ടയഭൂമിയിൽ നിർമാണ നിരോധനം നീക്കുന്നു

തിരുവനന്തപുരം: ഇടുക്കി ജില്ലയിലെ പട്ടയഭൂമിയിൽ നിർമാണങ്ങൾക്കുള്ള നിരോധനം നീക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. പട്ടയ ഉടമകൾക്ക് വീട് ഉൾപ്പെടെയുള്ള നിർമാണ പ്രവർത്തനങ്ങൾക്കും കൃഷി അടക്കമുള്ള ആവശ്യങ്ങൾക്കും ഭൂമി ഉപയോഗിക്കാൻ ഇതു വഴിയൊരുക്കും. വീടുകൾ, കാർഷിക, വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ പൊതു ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, ക്ലബുകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ഫീസ് ഒഴിവാക്കും.

5000 ചതുരശ്രയടി വരെയുള്ള നിർമാണ പ്രവർത്തനങ്ങൾ സൗജന്യമായി നടത്താം. 5000–10,000 വരെയുള്ള ഭൂമിയുടെ ന്യായവിലയുടെ ഒരു ശതമാനവും അതിനു മുകളിലുള്ളവയ്ക്ക് രണ്ട് ശതമാനവും ഈടാക്കും. മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ ന്യായവിലയുടെ അഞ്ച് ശതമാനം നല്കണം.

വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം പത്തിൽനിന്ന് 14 ലക്ഷമായി ഉയർത്താനും തീരുമാനിച്ചു. പരുക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടിവരുന്നവർക്കുള്ള സഹായം പരമാവധി 2 ലക്ഷം രൂപയാക്കും. പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലം കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം നാലിൽനിന്നു 10 ലക്ഷമാക്കാനും തീരുമാനിച്ചു,

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**







# 10,800 കോടിയുടെ വികസന പദ്ധതികൾക്ക് തുടക്കമിട്ടു പ്രധാനമന്ത്രി

കൊച്ചി: ആധുനികമായ അടിസ്ഥാനസൗകര്യ വികസനത്തിന് ഇന്ത്യ നടത്തുന്ന പദ്ധതികളെയും മുന്നേറ്റങ്ങളെയും ലോകം കണ്ടുപഠിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

മേക്ക് ഇൻ ഇന്ത്യക്കും ആത്മനിർഭർ ഭാരതത്തിനും പെട്രോളിയം മേഖലയുടെ വികസനം അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന 10,800 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും കൊച്ചിയിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



പാലക്കാട്-പൊള്ളാച്ചി റൂട്ടിലെ പുതിയ ട്രെയിൻ സർവീസ് കൊച്ചിയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്യുന്നു.

കേരളത്തിന്റെ ഉജ്വലമായ ഭാവിയിലേക്കും വികസിത കേരളത്തിലേക്കുമുള്ള സുപ്രധാന ചുവടുവയ്പുകളാണ് ഉദ്ഘാടനം ചെയ്യപ്പെടുന്ന കേന്ദ്ര പദ്ധതികൾ. അടിസ്ഥാനസൗകര്യ മേഖലയിൽ നിക്ഷേപിക്കുന്ന ഓരോ രൂപയും യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ കൂടിയായി മാറും. പെട്രോളിയം മേഖലയെ കൂടുതൽ കരുത്തുറ്റതാക്കാൻ ലക്ഷ്യമിട്ടാണു കൊച്ചി റിഫൈനറിയിലെ പോളി പ്രൊപ്പലീൻ യൂണിറ്റിന്റെ നിർമാണമാരംഭിക്കുന്നത്. പ്രതിവർഷം നാലു ലക്ഷം ടൺ ഉത്പാദനം ഈ യൂണിറ്റിൽനിന്നുണ്ടാകും. പാക്കേജിംഗ്, ടെക്സ്റ്റൈൽ, മെഡിക്കൽ ഉപകരണ നിർമാണ മേഖലകൾക്ക് ഇതു നേട്ടമാകും.

ഇന്ത്യയെ ആഗോള നിർമാണ-സാങ്കേതിക ഹബ്ബാക്കി മാറ്റുകയെന്നതു സർക്കാരിന്റെ ലക്ഷ്യമാണ്. കൊല്ലം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ളോട്ടിംഗ് സൗരോർജ പ്രോജക്ട് നടപ്പാക്കുന്നത് സൗരോർജ ഉത്പാദന രംഗത്തു കേരളം മുന്നേറുന്നതിന്റെ സൂചനയാണ്. ധാരാളം ജലാശയങ്ങളുള്ള കേരളത്തിന് ഈ മേഖലയിൽ വലിയ സാധ്യതകളുണ്ട്.

വിവിധ റെയിൽവേ സ്റ്റേഷനുകളുടെ ആധുനീകരണവും പുതിയ ട്രെയിൻ സർവീസും ദേശീയപാതാ വികസനവും മലയാളികളുടെ യാത്രാമേഖലയിൽ നവ്യാനുഭവമാകും. കേരളത്തിന്റെ കൃഷി, ടൂറിസം, വ്യവസായ മേഖലകൾക്ക് ഉണർവേകുന്ന പദ്ധതികൾക്ക് കേന്ദ്രം പ്രതിജ്ഞാബദ്ധമാണ്. വികസിത കേരളം സാക്ഷാത്കരിക്കപ്പെടണമെന്നും നരേന്ദ്രമോദി പറഞ്ഞു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മുൻ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ, ഹൈബി ഈഡൻ എംപി എന്നിവരും ചടങ്ങിൽ പങ്കെടുത്തു. റോഡ് വികസനപദ്ധതികളുടെ ഉദ്ഘാടനച്ചടങ്ങിൽ പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസിനെ ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരായ എം.ബി. രാജേഷും കെ. കൃഷ്ണൻകുട്ടിയും പരിപാടി ബഹിഷ്കരിച്ചു. അതേസമയം, കൊച്ചി വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രിയെ സ്വീകരിക്കാൻ ഗവർണർക്കൊപ്പം മന്ത്രി പി. രാജീവും സംസ്ഥാന ചീഫ് സെക്രട്ടറിയും പോലീസ് മേധാവിയും എത്തിയിരുന്നു.

മറൈൻ ഡ്രൈവിൽ ധീവരസഭയുടെ സുവർണജൂബിലി സമ്മേളനം, കലൂരിൽ എൻഡിഎയുടെ തെരഞ്ഞെടുപ്പു കൺവൻഷൻ, റോഡ് ഷോ എന്നിവയിലും പ്രധാനമന്ത്രി പങ്കെടുത്തു.

# വെള്ളാപ്പള്ളി നടേശനെ ഹൈക്കോടതി അയോഗ്യനാക്കി

കൊച്ചി: എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉൾപ്പെടെ നിലവിലുള്ള ഭരണസമിതി അംഗങ്ങളെ ഹൈക്കോടതി അയോഗ്യരാക്കി. കമ്പനി നിയമപ്രകാരം നൽകേണ്ട വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിലെ വീഴ്ച ഉൾപ്പെടെയുള്ള കാരണങ്ങളാലാണു നടപടി. പ്രസിഡന്റ് ഡോ.എം. എൻ. സോമൻ, വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയക്കണ്ടി സന്തോഷ് എന്നിവരും അയോഗ്യരായവരിൽ ഉൾപ്പെടുന്നു. ഡയറക്ടർമാരായി പുനർനിയമനത്തിന് ഇവർ അയോഗ്യരാണെന്നും ജസ്റ്റിസ് ടി. ആർ. രവി വ്യക്തമാക്കി.



പൊതുയോഗം ചേർന്ന് പുതിയ ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതുവരെ ആവശ്യമായത്ര താൽക്കാലിക ഡയറക്ടർമരെ നിയമിക്കാൻ സർക്കാരിനു കോടതി നിർദേശം നൽകി. അയോഗ്യതയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ പദവിയിൽനിന്നു മാറേണ്ട വെള്ളാപ്പള്ളി നടേശൻ അടക്കമുള്ളവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ റജിസ്ട്രേഷൻ ഐജിക്കു നിർദേശം നൽകി. തുടർച്ചയായി മൂന്നു വർഷം വാർഷിക റിട്ടേണോ സാമ്പത്തിക സ്റ്റേറ്റ്മെന്റോ ഫയൽ ചെയ്തില്ലെങ്കിൽ ആ കമ്പനിയുടെ ഡയറക്ടർക്ക് 5 വർഷത്തേക്കു വീണ്ടും തൽസ്ഥാനത്തേക്കു നിയമിക്കപ്പെടാൻ അയോഗ്യതയുണ്ടാകുമെന്ന കമ്പനി നിയമത്തിന്റെ 164 (2) വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്. നിയമപ്രകാരം വേണ്ട ഡയറക്ടർ ഐഡന്റിഫിക്കേഷൻ നമ്പർ (ഡിൻ) ഡയറക്ടർമാർക്കില്ലെന്നതും കാരണമായി. ഡയറക്ടർമാരെ അയോഗ്യരാക്കാനാവില്ലെന്ന രജിസ്ട്രേഷൻ ഐജിയുടെ 2024 ഫെബ്രുവരി 17-ലെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. പ്രഫ. എം.കെ. സാനു, കൊല്ലം സ്വദേശി എസ്. ചന്ദ്രസേനൻ, കോന്നി എസ്.എൻ. കോളജ് മുൻ പ്രിൻസിപ്പൽ ഡോ. രഘു അഞ്ചയിൽ തുടങ്ങിയവരാണ് 2024-ൽ ഹൈക്കോടതിയെ സമീപിച്ചത്. 2006-07 മുതൽ 2016-17 വരെയുള്ള വാർഷിക റിട്ടേൺ 2020 സെപ്തംബർ 24 വരെ ഫയൽ ചെയ്തിട്ടില്ലെന്നും അതിനാൽ വെള്ളാപ്പള്ളി നടേശൻ അടക്കമുള്ളവരെ അയോഗ്യരാക്കണമെന്നുമായിരുന്നു ആവശ്യം.

# വീട്ടിൽ കയറി തെരുവുനായ വയോധികയെ കടിച്ചുകൊന്നു

തൃശ്ശൂർ: വെള്ളറക്കാട് കൊല്ലൻപടിയിൽ വയോധികയെ തെരുവുനായ വീട്ടിൽ കയറി കടിച്ചുകൊന്നു. രോഗംമൂലം കിടപ്പിലായ കിഴക്കേപ്പുരയ്ക്കൽ കാർത്യായനി (82) യാണ് മരിച്ചത്. മകൻ ദേവദാസി (56)നും തെരുവുനായയുടെ ആക്രമണത്തിൽ സാരമായി പരുക്കേറ്റു. ദേവദാസിന്റെ പരിക്ക് കാലിലാണ്. 12-ന് വൈകിട്ട് 5.30-നു ശേഷമാണു സംഭവം. തൊട്ടടുത്തു താമസിക്കുന്ന മകൻ മണികണ്ഠൻ അഞ്ചരയോടെ വീട്ടിലെത്തി ലൈറ്റിട്ട് പോയിരുന്നു. ആറു മക്കളുള്ള കാർത്യായനിക്കൊപ്പം ദേവദാസിനു പുറമെ, മറ്റൊരു മകനായ സതീശനും താമസിക്കുന്നുണ്ട്. ഇദ്ദേഹം രാവിലെ പുറത്തുപോയതായിരുന്നു. അമ്മയ്ക്കും സഹോദരനും രാത്രിയിലേക്കുള്ള ഭക്ഷണവുമായി മണികണ്ഠൻ ആറുമണിക്ക് തിരികെയെത്തിയപ്പോൾ കണ്ടത് ചേട്ടന്റെ കാൽവിരലുകൾ കടിച്ചു തിന്നുന്ന തെരുവുനായയെയാണ്. ദേവദാസാണ് നായയുടെ ആക്രമണമുണ്ടായെന്ന് സ്ഥിരീകരിച്ചത്. നാട്ടുകാർ ഓടിക്കൂടി അമ്മയേയും മകനേയും ഉടൻ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി. ആശുപത്രിയിലെത്തും മുൻപേ കാർത്യായനി മരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണൻ. മക്കൾ: പ്രേമ, ദേവദാസ്, മണികണ്ഠൻ, രമേശ്, സതീഷ്, പരേതരായ വാസന്തി, സരസു.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service


• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE


George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# അമേരിക്കൻ മണ്ണിൽ വിസ്മയമായി ഷാജൻ സ്കറിയ

## ഡിജിറ്റൽ യുഗത്തിലെ ജനകീയ മാധ്യമപ്രവർത്തനത്തിന്റെ വിജയഗാഥ



ലേഖനം



ജോസ് കണിയാലി

കേരളത്തിലെ മാധ്യമപ്രവർത്തന ചരിത്രത്തിൽ പരമ്പരാഗതമായ ചട്ടക്കൂടുകളെ പൊളിച്ചെഴുതിക്കൊണ്ട് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ജനകീയ അടിത്തറ കെട്ടിപ്പടുത്ത വ്യക്തിത്വമാണ് മറുനാടൻ ഷാജൻ സ്കറിയ. വാർത്തകളെ വെറുമൊരു വിവരം എന്നതിലുപരി കൃത്യമായ വിശകലനങ്ങളിലൂടെയും ആർജ്ജവത്തോടെയുള്ള അവതരണത്തിലൂടെയും ജനങ്ങളിലേക്ക് എത്തിക്കുന്ന അദ്ദേഹത്തിന്റെ ശൈലി ചുരുങ്ങിയ കാലം കൊണ്ട് തന്നെ വലിയൊരു പ്രേക്ഷകവൃന്ദത്തെ സൃഷ്ടിച്ചു. രാഷ്ട്രീയ - സാമൂഹിക രംഗത്തെ അഴിമതികൾക്കും അനീതികൾക്കും എതിരെ ഭയമില്ലാതെ ശബ്ദമുയർത്തുന്ന അദ്ദേഹം, ഡിജിറ്റൽ യുഗത്തിലെ മാധ്യമ പ്രവർത്തനം എങ്ങനെ ജനകീയമാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമായി നിലകൊള്ളുന്നു.

വാർത്താ ലോകത്തെ തന്റെ അചഞ്ചലമായ നിലപാടുകൾ കാരണം പലപ്പോഴും ഭരണകൂടങ്ങളുടെയും സ്ഥാപിത താല്പര്യക്കാരുടെയും ശത്രുത സമ്പാദിക്കേണ്ടി വന്നെങ്കിലും, അതിനെയെല്ലാം നിയമപരമായി നേരിട്ട് മുന്നോട്ട് പോകുന്ന മാതൃകയാണ് അദ്ദേഹം കാഴ്ചവെക്കുന്നത്. മാധ്യമപ്രവർത്തനം എന്നത് കേവലം ഒരു തൊഴിൽ എന്നതിലുപരി നീതി നിഷേധിക്കപ്പെട്ടവർക്ക് വേണ്ടിയുള്ള പോരാട്ടമായി അദ്ദേഹം മാറ്റിയെടുത്തു. വിമർശനങ്ങൾക്കും നിയമപരമായ പ്രതിസന്ധികൾക്ക് ഇടയിലും തന്നെ വിശ്വസിക്കുന്ന ലക്ഷക്കണക്കിന് വരുന്ന പ്രേക്ഷകരുടെ പിന്തുണയാണ് തന്റെ കരുത്തെന്ന് അദ്ദേഹം ഓരോ വേദിയിലും ഉറപ്പിച്ചു പറയുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഹൂസ്റ്റൺ, ഡാളസ്, ചിക്കാഗോ എന്നീ നഗരങ്ങളിൽ വിവിധ പരിപാടികളിൽ പങ്കെടുത്ത് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ വളരെ അർത്ഥവത്തായിരുന്നു. നിരവധി സെലിബ്രിറ്റികൾ അമേരിക്കൻ മലയാളി വേദികളിൽ വരുന്നുണ്ടെങ്കിലും അവർക്കാർക്കും കിട്ടാത്ത സ്വീകാര്യത ഷാജൻ സ്കറിയക്ക് ലഭിച്ചു എന്നത് യാഥാർഥ്യമാണ്.

ലോകമെമ്പാടും പടർന്നു കിടക്കുന്ന വലിയൊരു പ്രേക്ഷകവൃന്ദം അദ്ദേഹത്തിനുണ്ടെന്ന യാഥാർത്ഥ്യം അടിവരയിടുന്നതായിരുന്നു ഈ യാത്രയിലെ ഓരോ ചടങ്ങുകളും. നെഗറ്റീവ് ആയാലും പോസിറ്റീവ് ആയാലും അദ്ദേഹത്തിന്റെ വാർത്തകൾക്കും വിശകലനങ്ങൾക്കും ലക്ഷക്കണക്കിന് കാഴ്ചക്കാരുണ്ട് എന്നത് തർക്കമില്ലാത്ത വസ്തുതയായി മാറിക്കഴിഞ്ഞു.

നർമ്മം കലർന്ന വാക്കുകളിലൂടെയും ഗൗരവമേറിയ പ്രശ്നങ്ങളിലൂടെയും അദ്ദേഹം ജനമനസ്സുകളിൽ തന്റേതായ ഒരിടം ഇതിനോടകം ഉറപ്പിച്ചു കഴിഞ്ഞു. ലളിതവും എന്നാൽ കോരിത്തരിപ്പിക്കുന്നതുമായ അദ്ദേഹത്തിന്റെ വാക്കുകൾക്ക് കാതോർക്കാൻ പ്രായഭേദമന്യേ വലിയൊരു ജനസമൂഹം ഇവിടെയെല്ലാം തടിച്ചുകൂടിയത് അദ്ദേഹത്തിന്റെ വാക്കുകൾക്കുള്ള സ്വീകാര്യതയാണ് വെളിപ്പെടുത്തുന്നത്. നൂറുകണക്കിന് ആളുകളാണ് അദ്ദേഹത്തെ കേൾക്കാൻ ഈ വേദികളിൽ എത്തിയത്. രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുന്ന പ്രവാസി സമൂഹം അദ്ദേഹത്തെ ഹൃദയപൂർവ്വം ഏറ്റെടുത്തു എന്നത് മാധ്യമ ചർച്ചകളിലും വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

അദ്ദേഹം പങ്കെടുത്ത പരിപാടികളിലെല്ലാം മണിക്കൂറോളം നീണ്ട പ്രസംഗത്തിലുടനീളം ഓരോ കാണികളും അതീവ ക്ഷമയോടെയും താല്പര്യത്തോടെയും കാതോർത്തത് അദ്ദേഹത്തിന്റെ വാക്കുകളിലെ അർത്ഥവത്തായ സന്ദേശങ്ങൾ കൊണ്ടുതന്നെയാണ്. സ്വന്തം ഉത്തരവാദിത്തങ്ങളെ സത്യസന്ധമായി സമീപിക്കുന്നവർക്ക് ജീവിതത്തിൽ വിജയിക്കാനാകുമെന്ന പരമാർത്ഥം അദ്ദേഹം തന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഓരോ മലയാളിക്കും പകർന്നു നൽകി. ഓരോ വാക്കിലും അനുഭവത്തിന്റെ ചൂടും സത്യത്തിന്റെ വെളിച്ചവും ഉണ്ടായിരുന്നു എന്നത് പ്രേക്ഷകരെ അദ്ദേഹത്തോട് കൂടുതൽ അടുപ്പിച്ചു.

2023-ൽ തന്നെ വേട്ടയാടിയ ഒട്ടനേകം കേസുകളെയും നിയമപരമായ വെല്ലുവിളികളെയും നേരിടാൻ തനിക്ക് കരുത്തു നൽകിയത് തന്റെ സത്യസന്ധതയും ഇച്ഛാശക്തിയുമാണെന്ന് അദ്ദേഹം ഉദാഹരണസഹിതം വേദികളിൽ വ്യക്തമാക്കി.

അനീതികൾക്കും അക്രമങ്ങൾക്കും മുന്നിൽ സധൈര്യം ശബ്ദമുയർത്താൻ പ്രാപ്തി ഉണ്ടാകും വരേയ്ക്കും അദ്ദേഹം ലണ്ടനിൽ വിശ്രമമില്ലാതെ ജോലി ചെയ്ത് ജീവിതം കരുപിടിപ്പിച്ചു. പിന്നീട് നീതി നിഷേധിക്കപ്പെട്ടവർക്ക് അത് നേടിക്കൊടുക്കാൻ തുനിഞ്ഞിറങ്ങുമ്പോൾ പലരും വെച്ചുനീട്ടിയ പണത്തിന് മുന്നിൽ അദ്ദേഹം ഒട്ടും മഞ്ഞളിക്കാതെ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ദൃഢനിശ്ചയത്തോടെയുള്ള അദ്ദേഹത്തിന്റെ ഈ പോരാട്ടത്തിനു മുന്നിൽ എണ്ണമറ്റ ജനസമൂഹം പ്രണമിക്കുന്നു എന്നതാണ് വാസ്തവം.

നെഗറ്റീവ് വാർത്തകൾക്കിടയിലും അദ്ദേഹം പുലർത്തുന്ന പോസിറ്റീവ് നിലപാടുകളും ഊർജ്ജസ്വലതയും പ്രവാസികൾക്കിടയിൽ വലിയ തരംഗമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഒരു മാധ്യമപ്രവർത്തകൻ എന്ന നിലയിൽ ജനങ്ങളുമായി നേരിട്ട് സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ ലോകത്തിന് മുന്നിൽ തുറന്നു കാട്ടാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമാണ്. ഈയൊരു സ്വീകാര്യത തന്നെയാണ് അദ്ദേഹത്തിന് അമേരിക്കയിലെ നഗരങ്ങളിൽ വലിയ ജനക്കൂട്ടത്തെ സമ്മാനിച്ചതും.

പ്രവാസി മലയാളികൾ, പ്രത്യേകിച്ച് അമേരിക്കയിലുള്ളവർ, കാര്യങ്ങളെ രാഷ്ട്രീയത്തിനതീതമായി വളരെ സത്യസന്ധമായും നിഷ്പക്ഷമായും വിലയിരുത്തുന്നവരാണ്. അതുകൊണ്ടാണ് കേരളത്തിലെ പല രാഷ്ട്രീയക്കാർക്കും ലഭിക്കാത്ത വലിയ പിന്തുണയും സ്നേഹവും ഷാജൻ സ്കറിയയ്ക്ക് ലഭിച്ചത്.

'നമ്മൾ ഓരോരുത്തരും നമ്മുടെ ജീവിതം കൊണ്ട് ഈ സമൂഹത്തിന് നല്ല സന്ദേശവാഹകരാകണം' എന്ന അദ്ദേഹത്തിന്റെ ആഹ്വാനം ഓരോ മലയാളിയിലും വലിയ ചിന്തകളാണ് ഉണർത്തുന്നത്.

വിമർശകർ പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുമ്പോഴും സാധാരണക്കാരായ ജനങ്ങൾ അദ്ദേഹത്തോടൊപ്പം പാറപോലെ ഉറച്ചു നിൽക്കുന്നത് അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ കൊണ്ടാണ്. അനീതിക്കെതിരെ പടപൊരുതുന്ന അദ്ദേഹത്തിന്റെ ശൈലി ഓരോ യുവാവിനും പ്രചോദനമാണ് എന്നതിൽ തർക്കമില്ല. സത്യത്തിന്റെ പാതയിൽ എന്നും താൻ ഉണ്ടാകുമെന്ന അദ്ദേഹത്തിന്റെ വാഗ്ദാനം ഓരോ മലയാളിക്കും ആശ്വാസകരമാണ്.

മറുനാടൻ ഷാജൻ സ്കറിയയുടെ അമേരിക്കൻ സന്ദർശനം മാധ്യമപ്രവർത്തനത്തിലെ ഒരു പുതിയ അധ്യായത്തിന് തന്നെ തുടക്കം കുറിച്ചിരിക്കുകയാണ്.

ജനകീയമായ വാർത്താ ശൈലിയും സത്യസന്ധമായ വിശകലനങ്ങളും കൊണ്ട് അദ്ദേഹം ലോകമലയാളികളുടെ ഹൃദയത്തിൽ തന്റേതായ ഇടം ഇതിനോടകം ഉറപ്പിച്ചു കഴിഞ്ഞു.

വരും നാളുകളിൽ മാധ്യമ രംഗത്ത് ഇനിയും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ യാത്ര അദ്ദേഹത്തിന് പ്രേരണയാകും.

# യുപിഐ ഇടപാടുകളിൽ പുതിയ സുരക്ഷാ വ്യവസ്ഥകൾ

പരവൂർ: ഇന്ത്യയിലെ ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് (യുപിഐ) നിയമങ്ങളിൽ വൻ പരിഷ്കാരവുമായി റിസർവ് ബാങ്കും കേന്ദ്ര സർക്കാരും. ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരുത്താൻ പോകുന്ന പുതിയ മാർഗനിർദേശങ്ങൾ പ്രകാരം യുപിഐ ഇടപാടുകൾക്ക് ബയോമെട്രിക് പരിശോധനയും ഒടിപിയും നിർബന്ധമാക്കുകയാണ്. ഗൂഗിൾ പേ, ഫോൺ പേ, പേടിഎം തുടങ്ങിയ എല്ലാ യുപിഐ ആപ്പുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും. വർധിച്ചുവരുന്ന സൈബർ തട്ടിപ്പുകളെ പ്രതിരോധിക്കാനാണ് നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) 'രണ്ട് തലങ്ങളിലെ സുരക്ഷാ' സംവിധാനം ഏർപ്പെടുത്തുന്നത്.

നിലവിൽ പിൻ നമ്പർ മാത്രം ഉപയോഗിച്ച് നടത്തിയിരുന്ന ഇടപാടുകൾക്ക് ഇനിമുതൽ വിരലടയാളമോ ഫോൺ വഴിയുള്ള ഫേസ് സ്കാനോ ആവശ്യമായി വരും. ബയോമെട്രിക് പരിശോധന വിജയകരമായാൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് ആറക്ക ഒടിപി ലഭിക്കും. ഈ ഒടിപിക്ക് 30 സെക്കൻഡ് മാത്രമേ കാലാവധി ഉണ്ടായിരിക്കുകയുള്ളൂ എന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽതന്നെ ഇടപാട് പൂർത്തിയാക്കേണ്ടിവരും. സമയം കഴിഞ്ഞാൽ ഇടപാട് റദ്ദാക്കപ്പെടും.

തട്ടിപ്പുകാർ സ്മാർട്ട് ഫോണുകളിൽ വ്യാജ എപികെ ഫയലുകൾ ഉപയോഗിച്ച് നിയന്ത്രണം ഏറ്റെടുക്കുന്ന സാഹചര്യം ഒഴിവാക്കാൻ പുതിയ പരിശോധനാ തലങ്ങൾ സഹായിക്കുമെന്നാണ് അധികൃതർ വിലയിരുത്തുന്നത്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള സൈബർ തട്ടിപ്പുകൾ തടയുന്നതിനായി അന്താരാഷ്ട്ര യുപിഐ ഇടപാടുകൾക്ക് പ്രത്യേക നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഇടപാടുകളിൽ അയയ്ക്കുന്നയാളുടെയും സ്വീകർത്താവിന്റെയും തത്സമയ ലൊക്കേഷൻ സിസ്റ്റം സ്കാൻ ചെയ്യും. കൂടാതെ അധികസുരക്ഷയ്ക്കായി കാപ്ച പൂരിപ്പിക്കൽകൂടി അന്താരാഷ്ട്ര ഇടപാടുകളിൽ നിർബന്ധമാക്കുന്നുണ്ട്. പുതിയ മാറ്റങ്ങൾ പേമെന്റ് പൂർത്തിയാക്കാൻ കൂടുതൽ സമയം എടുക്കുമെങ്കിലും ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരായ ശക്തമായ പ്രതിരോധമായി ഇത് മാറുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

# ഡോ. കെ.ടി. അഗസ്തി കുന്നേത്തേടം അന്തരിച്ചു



തിരുവനന്തപുരം: ബയോകെമിസ്ട്രി അദ്ധ്യാപകനും കവിയും സാമൂഹികപ്രവർത്തകനുമായിരുന്ന ഡോ. കെ.ടി. അഗസ്തി കുന്നേത്തേടം (93) അന്തരിച്ചു. കോട്ടയം പാലാ സ്വദേശിയായ ഇദ്ദേഹം ദീർഘകാലമായി തിരുവനന്തപുരം മെഡിക്കൽ കോളജ് ജയാനഗറിലായിരുന്നു താമസം.

വെളുത്തുള്ളി ഉൾപ്പെടെയുള്ള അല്ലിയം വർഗത്തിൽപെട്ട സസ്യങ്ങളുടെ ഔഷധഗുണങ്ങളെക്കുറിച്ചുള്ള ഗവേഷണമായിരുന്നു പ്രധാന മേഖല. വെളുത്തുള്ളി, സവാള, മഞ്ഞൾ, മാതളം, ഇഞ്ചി എന്നിവയുടെ ആരോഗ്യപരമായ ഗുണങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിലും പ്രചാരണത്തിലും വലിയ പങ്കുവഹിച്ചു.

കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജിൽ അദ്ധ്യാപകജീവിതം ആരംഭിച്ചു. കേരള, എം.ജി, കണ്ണൂർ സർവകലാശാലകൾ, നൈജീരിയയിലെ യൂണിവേഴ്സിറ്റി ഓഫ് മൈദുഗുരി എന്നിവിടങ്ങളിലായി നാലു പതിറ്റാണ്ടിലേറെ അദ്ധ്യാപകനായിരുന്നു. പാലാ സെന്റ് തോമസ് കോളജിൽനിന്ന് ബിഎസ്സി ബയോകെമിസ്ട്രിയും രാജസ്ഥാനിലെ ബിറ്റ്സ് പിലാനിയിൽനിന്ന് എംഎസ്സിയും പിഎച്ച്ഡിയും യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് ന്യൂകാസിലിൽനിന്ന് പോസ്റ്റ് ഡോക്ടറലും പൂർത്തിയാക്കി.

150-ൽ ഏറെ ശാസ്ത്ര പ്രബന്ധങ്ങളും ഒട്ടേറെ ശാസ്ത്ര പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020-ൽ സ്റ്റാൻഫഡ് സർവകലാശാല ലോകത്തിലെ മികച്ച രണ്ട് ശതമാനം ശാസ്ത്രരെ തെരഞ്ഞെടുത്തതിൽ ഇദ്ദേഹവും ഇടംപിടിച്ചിരുന്നു. കേരള സയൻസ് അക്കാദമിയുടെ സ്ഥാപകരിൽ ഒരാളും ആദ്യ ജനറൽ സെക്രട്ടറിയുമായിരുന്നു. പൊതുസ്ഥലങ്ങളിൽ പുകവലി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരത്ത് നടത്തിയ നിരാഹാര സമരം വാർത്താശ്രദ്ധ നേടിയിരുന്നു.

ഭാര്യ: ആലീസ് (കാരുവേലിൽ, കടപ്ലാമറ്റം കുടുംബാംഗം). മക്കൾ: തോമസ് അഗസ്റ്റിൻ (റിട്ട. ചീഫ് മാനേജർ, ഫെഡറൽ ബാങ്ക്), ജോസ് അഗസ്റ്റിൻ, ന്യൂസിലൻഡ് (മുൻ കൃഷി ഓഫീസർ), ഡോ. പോൾ അഗസ്റ്റിൻ (സർജിക്കൽ ഓങ്കോളജി വിഭാഗം മുൻ മേധാവി, ആർസിസി തിരുവനന്തപുരം). മരുമക്കൾ: ജിജി (മാമ്പിള്ളി, തൃശൂർ), ഡോ. ജാസ്മിൻ (മാരേട്ട്, തിരുവനന്തപുരം), ഡോ. റെജി (ഓലിക്കൽ, ഭരണങ്ങാനം).

# സിപിഎം അംഗത്വം രാജിവെച്ച സുധാകരൻ സ്വതന്ത്ര സ്ഥാനാർത്ഥി

ആലപ്പുഴ: സിപിഎം അംഗത്വം രാജിവെച്ച മുൻമന്ത്രി ജി. സുധാകരൻ നിയമസഭാ തെരഞ്ഞെടുപ്പിൽ അമ്പലപ്പുഴയിൽ സ്വതന്തനായി മത്സരിക്കും. ആരുടെയും പിന്തുണ തേടിയിട്ടില്ലെന്നും ആരെങ്കിലും പിന്തുണ വാഗ്ദാനം ചെയ്താൽ പിന്തുണയുടെ സ്വഭാവം നോക്കി സ്വീകരിക്കണമോ എന്നു തീരുമാനിക്കുമെന്നും പുന്നപ്ര പറവൂരിലെ വസതിയിൽ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. പാർട്ടിക്കെതിരെ ഒന്നും പറയില്ല. പിണറായി വിജയൻ മൂന്നാമതും മുഖ്യമന്ത്രിയായാൽ സന്തോഷമേയുള്ളൂ. അങ്ങനെയെങ്കിൽ പാർട്ടി സ്ഥാനാർത്ഥിക്കെതിരെ മത്സരിക്കുന്നത് ശരിയാണോ എന്ന ചോദ്യത്തിന്, പാർട്ടി ചിഹ്നത്തിൽ മത്സരിക്കുന്ന ആൾ ജയിച്ചോട്ടെ എന്നായിരുന്നു മറുപടി.



വടകരയിലെ ആർഎംപി സ്ഥാനാർത്ഥി കെ.കെ. രമയെ പിന്തുണയ്ക്കുന്ന മാതൃകയിൽ സുധാകരനെ പിന്താങ്ങാനാണ് യുഡിഎഫ് ആലോചിക്കുന്നത്.

ചെറുപ്പം മുതൽ ഇതുവരെയുള്ള തന്റെ പാർട്ടിപ്രവർത്തനം ഒരു മണിക്കൂറോളം വിശദീകരിച്ച ശേഷമാണ് സ്വതന്ത്രനായി മത്സരിക്കുന്ന കാര്യം അദ്ദേഹം പ്രഖ്യാപിച്ചത്. "ആലപ്പുഴയിലും അമ്പലപ്പുഴയിലുമായി 25 പൊളിറ്റിക്കൽ ക്രിമിനലുകളുണ്ട്. അവരാണ് എനിക്കെതിരെ സൈബർ ആക്രമണം നടത്തുന്നത്. എന്റെ തന്തയ്ക്കും തള്ളയ്ക്കും വിളിക്കുന്നു. ഒരു ലോക്കൽ കമ്മിറ്റിയംഗം 'സുധാകുരൻ' എന്നു വിളിച്ചു. അതിനെതിരെ പാർട്ടി എന്തു നടപടിയെടുത്തു. ഞാൻ പലതവണ മന്ത്രിയായില്ലേ എന്നാണ് ചിലർ ചോദിക്കുന്നത്. ഇഎംഎസ് ജിവിച്ചിരിപ്പില്ലാത്തത് ഭാഗ്യം. അല്ലെങ്കിൽ അദ്ദേഹത്തോടും അവർ ഇതേ ചോദ്യം ചോദിച്ചേനെ. എ.കെ.ജി. മരണംവരെ പ്രതിപക്ഷ നേതാവായിരുന്നല്ലോ. തുടർച്ചയായ അപമാനങ്ങൾ മൂലം ബ്രാഞ്ചിൽ പോലും പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോഴാണ് പാർട്ടി അംഗത്വം പുതുക്കേണ്ടെന്നു തീരുമാനിച്ചത്" സുധാകരൻ പറഞ്ഞു. സുധാകരൻ ശത്രുവായിക്കാണുന്ന എച്ച്. സലാമാണ് അമ്പലപ്പുഴയിൽ ഇടതുമുന്നണി സ്ഥാനാർത്ഥി. കോൺഗ്രസാകട്ടെ അമ്പലപ്പുഴ ഒഴിച്ചിട്ടിരിക്കുകയാണ്.

# ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന് വത്തിക്കാന്റെ അംഗീകാരം

തലശേരി: തലശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ദൈവശാസ്ത്ര പഠനകേന്ദ്രമായ ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സയൻസസിന് വത്തിക്കാനിലെ ഡിക്കാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എഡ്യൂക്കേഷന്റെ അംഗീകാരം. ഇതോടെ ബെംഗ്ളൂരുവിലെ ധർമാരാം വിദ്യാക്ഷേത്രത്തോടു ചേർന്ന് മൂന്നു വർഷത്തെ റെഗുലർ ദൈവശാസ്ത്ര ബിരുദ കോഴ്സ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കാനാകും.

പ്രഖ്യാപന ചടങ്ങിന്റെ ഉദ്ഘാടനം തലശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ച്ബിഷപ് എമിരറ്റസുമാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവർ ചേർന്ന് വിളക്ക്തെളിച്ച് നിർവഹിച്ചു.

ഡിക്രി പ്രഖ്യാപനം ധർമാരാം വിദ്യാക്ഷേത്രം പ്രസിഡണ്ട് ഫാ. ഡോ. മാത്യു ആറ്റുങ്കൽ സിഎംഐ നിർവഹിച്ചു. ടെലി ആൽഫാ സെന്റർ ഫോർ റിലിജിയസ് സയൻസസ് ഡീൻ ഫാ. ഡോ. ജോജി കാക്കരമറ്റത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

പ്രസിഡണ്ട് ഫാ. ഡോ. ഫിലിപ്പ് കവിയിൽ, ധർമാരാം വിദ്യാക്ഷേത്രം തിയോളജി ഫാക്കൽറ്റി ഡീൻ ഫാ. ഡോ. പോൾ കൊച്ചാപ്പിള്ളി സിഎംഐ, ആൽഫയിലെ ധർമാരാം ക്ഷേത്രം പ്രതിനിധി ഫാ. ഡോ.ജോയ് കാക്കനാട്ട് സിഎംഐ എന്നിവർ ആശംസകളറിയിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഡോ. മാത്യു കൊട്ടുകാപ്പള്ളി സ്വാഗതവും സ്റ്റാഫ് പ്രതിനിധി ഫാ.ഡോ.ജേക്കബ് വെണ്ണായപ്പിള്ളിൽ നന്ദിയും പറഞ്ഞു.

പ്രഗത്ഭരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിലാണ് ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസുകൾ നടത്തുക. സന്യാസിനി

കൾ, മതാദ്ധ്യാപകർ, റിട്ടയേഡ് പ്രഫഷണൽസ് തുടങ്ങി പ്ലസ്ടു പഠനം പൂർത്തീകരിച്ച എല്ലാവർക്കും കോഴ്സിന് അപേക്ഷിക്കാം. ഫോൺ: 91 7306555653.






# ഒബിസി മേൽത്തട്ടുപരിധി: രക്ഷിതാക്കളുടെ ശമ്പളം മാത്രം അടിസ്ഥാനമാക്കരുത്

ന്യൂഡൽഹി: രക്ഷിതാക്കളുടെ ശമ്പളം മാത്രം അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥിയുടെ ഒബിസി മേൽത്തട്ടുപരിധി നിർണയിക്കാനാകില്ലെന്നു സുപ്രീം കോടതി വിധിച്ചു. വരുമാനത്തിനു പുറമേ രക്ഷിതാക്കളുടെ തസ്തിക, പദവി തുടങ്ങിയ കാര്യങ്ങളും കണക്കിലെടുക്കണമെന്നു കോടതി വ്യക്തമാക്കി. സിവിൽ സർവീസിനുള്ള യുപിഎസ്സി പരീക്ഷ വിജയിച്ചിട്ടും തെറ്റായ മേൽത്തട്ടുപരിധിയിൽ ഉൾപ്പെടുത്തിയതിലൂടെ നിയമനം നിഷേധിക്കപ്പെട്ട ഏതാനും ഉദ്യോഗാർത്ഥികളുടെ വിഷയമാണു കോടതി പരിഗണിച്ചത്. ഇവർക്ക് അനുകൂലമായ ഹൈക്കോടതി ഉത്തരവിനെതിരെ കേന്ദ്ര സർക്കാർ നൽകിയ അപ്പീൽ തള്ളിയ സുപ്രീം കോടതി, വിധിയിലെ നിർദേശങ്ങൾക്ക് അനുസൃതമായി ആറ് മാസത്തിനകം തീരുമാനമെടുക്കാൻ നിർദേശിച്ചു.

യോഗ്യത പരിശോധിക്കുന്ന ഘട്ടത്തിൽ മാതാപിതാക്കളുടെ വരുമാനം കണക്കിലെടുത്ത പഴ്സനേൽ ആൻഡ് ട്രെയിനിങ് വകുപ്പ് (ഡിഒപിടി) അവരെ മേൽത്തട്ടുപരിധിയിൽ ഉൾപ്പെടുത്തിയതാണു വിഷയം. പൊതുമേഖലാ സ്ഥാപനങ്ങളിലും ബാങ്കുകളിലും മറ്റും ജോലി ചെയ്യുന്നവരുടെ മക്കളായിരുന്നു ഇവർ. ഈ തസ്തികകൾക്ക് സർക്കാർ തസ്തികകളുമായി തുല്യത നിർണയിച്ചിട്ടില്ലാത്തതിനാൽ വരുമാനം പ്രത്യേകം പരിഗണിക്കാമെന്നു 2004-ൽ നൽകിയ കത്ത് ഡിഒപിടി പരിഗണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സംവരണ ആനുകൂല്യം നിഷേധിക്കുകയും ചെയ്തു. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും മദ്രാസ്, ഡൽഹി, കേരള ഹൈക്കോടതികളിലും ഇതു ചോദ്യംചെയ്തു ഹർജികളെത്തി. ഹൈക്കോടതി ഉദ്യോഗാർത്ഥികൾക്ക് അനുകൂലവിധി നൽകിയതോടെയാണു സർക്കാർ അപ്പീലുമായി സുപ്രീം കോടതിയെ സമീപിച്ചത്.

പല ഘടകങ്ങൾ പരിഗണിക്കേണ്ടതിനു പകരം വരുമാനം മാത്രം കണക്കിലെടുത്താണ് ഈ കേസിൽ മേൽത്തട്ടു നിർണയം നടത്തിയതെന്നും ഇതു തെറ്റാണെന്നും കോടതി നിരീക്ഷിച്ചു. മേൽത്തട്ടുപരിധി നിർണയിക്കാൻ വരുമാനം യാന്ത്രികമായി തുല്യതപ്പെടുത്താൻ കഴിയില്ല. ശമ്പളം, കൃഷി അല്ലെങ്കിൽ മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം എന്നിവയും ഒന്നിച്ചുചേർക്കാൻ കഴിയില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെയോ സ്വകാര്യ മേഖലയിലെ ജീവനക്കാരുടെയോ മക്കളെ സമാന സ്ഥാനത്തുള്ള സർക്കാർ ജീവനക്കാരുടെ മക്കളിൽനിന്നു വ്യത്യസ്തരായി കാണുന്നത് അസമത്വമായി മാറും. നിയമനം നിഷേധിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ അധിക തസ്തിക സൃഷ്ടിക്കാനാകുമെന്നു സർക്കാർ നേരത്തേ പാർലമെന്ററി സമിതിക്കു മുൻപാകെ സൂചിപ്പിച്ചത് കോടതി എടുത്തു പറഞ്ഞു. ആവശ്യമെങ്കിൽ അത്തരം തസ്തികകൾ സൃഷ്ടിക്കാനും നിർദേശിച്ചു.

## ഗൾഫിലേക്ക് കൂടുതൽ സർവീസുകൾ

കൊച്ചി: സംഘർഷം തുടരുന്നുണ്ടെങ്കിലും കൊച്ചി വിമാനത്താവളത്തിൽ നിന്ന് ഗൾഫ് സെക്ടറിലേക്കും തിരിച്ചുമുള്ള സർവീസുകളിൽ വർദ്ധന. രണ്ടാഴ്ചയ്ക്കുള്ളിൽ കൂടുതൽ സർവീസുകൾ നടത്തി.

എയർ ഇന്ത്യ, ഇൻഡിഗോ, ആകാശ എയർ എന്നിവയ്ക്കു പുറമെ വിദേശ വിമാനക്കമ്പനികളായ എമിറേറ്റ്സ്, എയർ അറേബ്യ, ഒമാൻ എയർ, ഇത്തിഹാദ്, ഖത്തർ എയർവേസ്, സൗദിയ തുടങ്ങിയവയും കൊച്ചിയിലേക്കും തിരികെയുമുള്ള സർവീസുകൾ പുനഃസ്ഥാപിച്ചു വരികയാണ്.

തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ നിന്നു ഗൾഫ് മേഖലയിലേക്കുള്ള 19 സർവീസുകൾ കഴിഞ്ഞദിവസം റദ്ദാക്കി. ഇതിനിടെ സാങ്കേതിക തകരാറിനെ തുടർന്ന് വിമാനം അടിയന്തരമായി സൂറത്തിൽ ഇറക്കിയതോടെ സ്പൈസ് ജെറ്റിന്റെ ദുബായ്-മുംബൈ വിമാനത്തിൽ ടിക്കറ്റെടുത്ത മലയാളികൾ ദുരിതത്തിലായി.

കൊച്ചിയിലേക്ക് നേരിട്ട് ടിക്കറ്റ് ലഭിക്കാത്തതിനെ തുടർന്നാണ് മുംബൈയിലേക്കുള്ള വിമാനത്തിൽ ടിക്കറ്റെടുത്തത്.

## കുംഭമേളയുടെ രാജ്ഞിക്ക് കേരളത്തിൽ മാംഗല്യം



മൊണാലിസയും മുഹമ്മദ് ഫർമാനും അരുമാനൂർ നൈനാർ ദേവ ക്ഷേത്രത്തിലെ ഗുരുമന്ദിരത്തിൽ വിവാഹിതരായപ്പോൾ.

തിരുവനന്തപുരം: കുംഭമേളയിലെ വൈറൽ ഗേൾ മൊണാലിസയ്ക്ക് കേരളത്തിൽ മാംഗല്യം. മാർച്ച് 11-ന് വൈകുന്നേരം അഞ്ചരയോടെ പൂവാർ അരുമാനൂർ ശ്രീ നൈനാർ ദേവക്ഷേത്രത്തിൽവെച്ച് ഉത്തർപ്രദേശ് സ്വദേശിയും നടനുമായ മുഹമ്മദ് ഫർമാൻ മൊണാലിസയുടെ കഴുത്തിൽ താലിചാർത്തി.

ഒന്നര വർഷം നീണ്ട പ്രണയത്തിനൊടുവിലാണ് ഇരുവരും മൊണാലിസയുടെ വീട്ടുകാരുടെ എതിർപ്പുകളെ മറികടന്ന് കേരളത്തിൽ വിവാഹിതരായത്. ഗംഗയും യമുനയും സംഗമിക്കുന്ന പ്രയാഗ്‌രാജിൽ നടന്ന കുംഭമേളയ്ക്കിടെയാണ് മാലകൾ വിൽക്കാനെത്തിയ നീലക്കണ്ണുള്ള സുന്ദരി സമൂഹ മാധ്യമങ്ങളിലെ വൈറൽ താരമായത്. പിന്നീട് സിനിമാതാരമായി വളർന്ന മൊണാലിസ ഫേസ്ബുക്കിലൂടെയാണ് ഫർമാനുമായി പരിചയത്തിലാകുന്നത്.

ഒരുമിച്ചഭിനയിക്കുന്ന സിനിമയുടെ ചിത്രീകരണത്തിനായാണ് മധ്യപ്രദേശിലെ ഇൻഡോർ സ്വദേശിയായ മോനി ഭോസ്‌ലെ എന്ന മൊണാലിസയും ഉത്തർപ്രദേശ് സ്വദേശിയായ ഫർമാനും കേരളത്തിലെത്തിയത്. ഷൂട്ടിംഗ് തുടരുന്നതിനിടെ വീട്ടുകാർ മൊണാലിസയെ മറ്റൊരു വിവാഹത്തിനു നിർബന്ധിച്ചു. എന്നാൽ ഇതിനു തയാറാകാതെ വന്നതോടെ പിതാവ് ജയ്സിംഗ് ഭോസ്‌ലെ മൊണാലിസയെ കേരളത്തിൽനിന്നു നിർബന്ധിച്ചു കൂട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചു. ഇതിനെ എതിർത്ത മൊണാലിസ പിതാവിൽനിന്നു രക്ഷിക്കണമെന്നും ഇഷ്ടമുള്ളയാളെ വിവാഹംകഴിക്കാൻ അനുവദിക്കണമെന്നുമുള്ള ആവശ്യവുമായി തമ്പാനൂർ പോലീസ് സ്റ്റേഷനിലെത്തുകയായിരുന്നു. കാമുകനായ ഫർമാനും ഒപ്പമുണ്ടായിരുന്നു. സംരക്ഷണം ആവശ്യപ്പെട്ടെത്തിയ മൊണാലിസയോട് പോലീസ് കാര്യങ്ങൾ വിശദമായി ചോദിച്ചറിഞ്ഞു.

തുടർന്ന് പിതാവിനെ വിളിച്ചുവരുത്തി. പതിനെട്ടു വയസ് തികഞ്ഞ മകളുടെ ഇഷ്ടമാണ് വിവാഹത്തിൽ പ്രധാനമെന്ന് പോലീസ് ധരിപ്പിച്ചു. ഇതോടെ പിതാവ് നാട്ടിലേക്ക് മടങ്ങി. സംരക്ഷണം ഉറപ്പാക്കി ഇരുവരെയും പോലീസ് തിരിച്ചയയ്ക്കുകയും ചെയ്തു. തുടർന്നാണ് വിവാഹിതരാകാൻ ഇരുവരും തീരുമാനിച്ചത്. സിനിമയുടെ അണിയറ പ്രവർത്തകരും അരുമാനൂർ ക്ഷേത്ര കമ്മിറ്റിയും ചേർന്നാണ് വിവാഹത്തിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയത്. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, മന്ത്രി വി. ശിവൻകുട്ടി, എ.എ. റഹീം എംപി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു വിവാഹം.

## സ്വർണക്കൊള്ള: അന്വേഷണം പൂർത്തിയാക്കാൻ സമയം വേണമെന്ന് ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ അന്വേഷണം ശാസ്ത്രീയമായി പൂർത്തിയാക്കുകയാണ് പ്രധാനമെന്നും അന്വേഷണസംഘത്തിന് സമയം അനുവദിക്കൂവെന്നും ഹൈക്കോടതി. സിബിഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജികൾ പരിഗണിക്കവേയായിരുന്നു ജസ്റ്റിസ് വി. രാജ വിജയരാഘവനും ജസ്റ്റിസ് കെ.വി. ജയകുമാറും ഉൾപ്പെട്ട ദേവസ്വം ബെഞ്ചിന്റെ പരാമർശം. എസ്ഐടിയുടെ അന്വേഷണത്തിൽ കോടതി വീണ്ടും തൃപ്തി രേഖപ്പെടുത്തി. ഹർജികൾ വിശദവാദത്തിനായി രണ്ടാഴ്ചത്തേക്ക് മാറ്റി. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, വിശ്വഹിന്ദുപരിഷത്ത്, യോഗക്ഷേമസഭ തുടങ്ങിയവരാണ് ഹൈക്കോടതിയെ സമീപിച്ചത്. ഹർജികളിൽ നേരത്തേ സിബിഐയുടെ വിശദീകരണം തേടിയിരുന്നു. കേരള സർക്കാരിനോട് മറുപടി സത്യവാങ്മൂലം സമർപ്പിക്കാനും നിർദേശിച്ചു.

സ്വർണംപൊതിഞ്ഞ യഥാർത്ഥ ലോഹപ്പാളികൾ മാറ്റിയിരുന്നോയെന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനായി സാംപിളുകൾ നാഷണൽ മെറ്റലർജിക്കൽ ലാബിലേക്കും ഭാഭാ ആണവഗവേഷണകേന്ദ്രത്തിലേക്കും അയച്ചിരിക്കുകയാണ്. ശാസ്ത്രീയതെളിവുകളുടെ അടിസ്ഥാനത്തിലാകും വിചാരണ. കുറ്റവാളികൾ ഉത്തരം പറയേണ്ടിവരും. ജാമ്യഹർജികൾ പരിഗണിച്ച കോടതികളിലും പൊതുസമൂഹത്തിലും നിലവിലെ അന്വേഷണത്തെക്കുറിച്ച് വിമർശനമുണ്ടെന്ന് ഹർജിക്കാർ വാദിച്ചു. എന്നാൽ, ഇതൊന്നും അലട്ടുന്നില്ലെന്ന് കോടതി പറഞ്ഞു.



## മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ ഇംപീച്ച്മെന്റ് നോട്ടീസ്

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ പദവിയിൽനിന്നു നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം ലോക്സഭയിലും രാജ്യസഭയിലും ഇംപീച്ച്മെന്റ് നോട്ടീസ് നല്കി. ചരിത്രത്തിൽ ആദ്യമായിട്ടാണ് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ ഇംപീച്ച്മെന്റ് നോട്ടീസ്. 1991-ൽ ടി.എൻ. ശേഷനെതിരെ ചില പാർട്ടികൾ സമാനനീക്കം നടത്തിയെങ്കിലും ഫലം കണ്ടിരുന്നില്ല.

വിവേചനപരമായ പെരുമാറ്റം, എസ്ഐആർ വഴി വോട്ടവകാശം നിഷേധിക്കൽ, ഒരു പാർട്ടിയെ വഴിവിട്ട് സഹായിക്കൽ തുടങ്ങിയ 7 ആരോപണങ്ങളാണ് ഗ്യാനേഷിനെതിരെയുള്ളത്. ലോക്സഭയിലെ 130 അംഗങ്ങളും രാജ്യസഭയിലെ 63 പേരും നോട്ടീസിൽ ഒപ്പുവെച്ചു. സ്പീക്കർ ഓം ബിർളയെ നീക്കാനുള്ള പ്രമേയം ലോക്സഭ തള്ളിയതിന്റെ രണ്ടാം ദിനമാണു പുതിയ നോട്ടീസ്. ഭരണഘടനയുടെ 324(5) വകുപ്പുപ്രകാരം ഹൈക്കോടതി, സുപ്രീംകോടതി ജഡ്ജിമാരെ പുറത്താക്കാനുള്ള നടപടിക്കു സമാനമാണ് കമ്മീഷണർക്കെതിരെയുള്ള ഇംപീച്ച്മെന്റ് നടപടി.

ഇംപീച്ച്മെന്റ് നോട്ടീസ് സ്വീകരിച്ചാൽ സുപ്രീംകോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിയെ ആരോപണങ്ങൾ അന്വേഷിക്കാൻ നിയോഗിക്കും. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും തുടർനടപടികളും വോട്ടിങ്ങും.

ഇംപീച്ച്മെന്റ് പാസാക്കാൻ സഭയിൽ ഹാജരായി വോട്ടു ചെയ്യുന്നവരുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണം. പ്രതിപക്ഷത്തിനും രാജ്യസഭയിലും ലോക്സഭയിലും ഈ ഭൂരിപക്ഷമില്ലെങ്കിലും തെരഞ്ഞെടുപ്പു രംഗത്തെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവസരമായിട്ടാണ് ഇതിനെ കാണുന്നത്.

## ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിക്ക് സ്ഥലംമാറ്റം



ന്യൂഡൽഹി: ഇന്ത്യയിലെയും നേപ്പാളിലെയും അപ്പസ്തോലിക് നുൺഷ്യോ (വത്തിക്കാൻ സ്ഥാനപതി) ആർച്ച്ബിഷപ് ലെയോപോൾദൊ ജിറെല്ലിയെ യൂറോപ്യൻ രാജ്യമായ ക്രൊയേഷ്യയിലേക്കു ലെയോ പതിനാലാമൻ മാർപാപ്പ സ്ഥലംമാറ്റി. ഇന്ത്യയിലേക്കുള്ള പുതിയ നുൺഷ്യോയെ മാർപാപ്പ പിന്നീട് പ്രഖ്യാപിക്കും.

2021 മാർച്ച് 13 മുതൽ അപ്പസ്തോലിക് നുൺഷ്യോയായി പ്രവർത്തിച്ചുവരികയായിരുന്നു 73 കാരനായ ആർച്ച്ബിഷപ് ജിറെല്ലി. ഇറ്റലിയിലെ പ്രേദൊരെ സ്വദേശിയായ അദ്ദേഹം 1987-ലാണ് വത്തിക്കാനിലെ നയതന്ത്ര വിഭാഗത്തിൽ പ്രവേശിച്ചത്.

അമേരിക്ക, കാമറൂൺ, ന്യൂസിലൻഡ് എന്നിവിടങ്ങളിലെ അപ്പസ്തോലിക് നുൺഷ്യോകളിൽ പ്രവർത്തിച്ചശേഷം വത്തിക്കാനിലെ സ്റ്റേറ്റ് സെക്രട്ടേറിയറ്റിനു കീഴിലെ പൊതുകാര്യ വിഭാഗത്തിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് ഇന്തോനേഷ്യ, കിഴക്കൻ തിമോർ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണെ, വിയറ്റ്നാം, ഇസ്രയേൽ, സൈപ്രസ് എന്നിവിടങ്ങളിൽ അപ്പസ്തോലിക് നുൺഷ്യോയായി പ്രവർത്തിച്ച ശേഷമാണ് ഇന്ത്യയിലെ ചുമതലയിലേക്കു മാറിയത്.

# കേരളത്തിന്റെ റെയിൽ പദ്ധതി: മൂന്ന് ഓപ്ഷനുകൾ പരിഗണനയിൽ

ന്യൂഡൽഹി: കേരളത്തിലുടനീളം മെച്ചപ്പെട്ട റെയിൽ കണക്ടിവിറ്റി ഉറപ്പാക്കാൻ മൂന്ന് ഓപ്ഷനുകളാണു പരിഗണനയിലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ. കണ്ണൂരിനും തിരുവനന്തപുരത്തിനുമിടയിലുള്ള അതിവേഗ റെയിൽവേ കോറിഡോറിനെ സംബന്ധിച്ചുള്ള ജോൺ ബ്രിട്ടാസ് എംപിയുടെ ചോദ്യത്തിനു മറുപടിയായാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ സിൽവർ ലൈൻ എന്ന കെ റെയിലാണു കേന്ദ്രം പരിഗണിക്കുന്ന ഓപ്ഷനുകളിലൊന്ന്. കേരള സർക്കാർ സിൽവർ ലൈൻ പദ്ധതിക്കു ബദലായി ആർആർടിഎസ് പദ്ധതി പരിഗണിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നെങ്കിലും കേന്ദ്രസർക്കാർ സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്നാണ് കേന്ദ്രമന്ത്രിയുടെ വാക്കുകൾ വ്യക്തമാക്കുന്നത്.

റെയിൽ ലൈൻ കണക്ടിവിറ്റി മെച്ചപ്പെടുത്താനായി കേന്ദ്രം പരിഗണിക്കുന്ന രണ്ടാമത്തെ ഓപ്ഷൻ കേരളത്തിലെ ഏഴ് റെയിൽ റൂട്ടുകളുടെ വികസനം സംബന്ധിച്ച പദ്ധതിയാണ്. ഷൊർണൂർ-മംഗളൂരു (3, 4 ലൈൻ), കോയമ്പത്തൂർ-ഷൊർണൂർ (3,4 ലൈൻ, ഷൊർണൂർ-എറണാകുളം (മൂന്നാമത്തെ ലൈൻ), എറണാകുളം-കായംകുളം (മൂന്നാമത്തെ ലൈൻ) (കോട്ടയം വഴി)) കായംകുളം-തിരുവനന്തപുരം (മൂന്നാമത്തെ ലൈൻ), തിരുവനന്തപുരം-നാഗർകോവിൽ (മൂന്നാമത്തെ ലൈൻ), മാരാരിക്കുളം-ആലപ്പുഴ പാതയിരട്ടിപ്പിക്കൽ എന്നിവയാണ് ഈ ഏഴ് റെയിൽ റൂട്ടുകൾ. ഈ റൂട്ടുകളുടെ ഡിപിആർ തയാറാക്കുന്നതിനുള്ള അനുമതി റെയിൽവേ നൽകിയിട്ടുണ്ടെന്നും അശ്വിനി വൈഷ്ണവ് ജോൺ ബ്രിട്ടാസിനെ രേഖാമൂലം അറിയിച്ചു.

മൂന്നാമത്തെ ഓപ്ഷനാകട്ടെ മെട്രോമാൻ ഇ. ശ്രീധരൻ മുന്നോട്ടുവെച്ച കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള അതിവേഗ റെയിൽ കോറിഡോർ പദ്ധതിയാണ്. ഇതിന്റെ ഡിപിആർ തയ്യാറാക്കുന്നതിന് നിർദേശിക്കുന്ന കത്ത് ശ്രീധരനിൽനിന്നു ലഭിച്ചിട്ടുണ്ടെന്നും കത്ത് വിലയിരുത്തുന്നതിനായി ബോർഡിന് കൈമാറിയിട്ടുണ്ടെന്നും റെയിൽവേ മന്ത്രി വ്യക്തമാക്കി. മണിക്കൂറിൽ 180 കിലോമീറ്റർ വേഗം കൈവരിക്കാൻ സാധിക്കുന്ന സ്റ്റാൻഡേർഡ് ഗേജിലുള്ള റെയിൽവേ ലൈനാണു ശ്രീധരന്റെ പദ്ധതി. 54,000 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതി വിശദമായി വിലയിരുത്തിയെന്നും ശ്രീധരനെ ഉടൻ ചർച്ചയ്ക്കായി വിളിപ്പിക്കുമെന്നും അശ്വിനി വൈഷ്ണവ് സഭയിൽ അറിയിച്ചു.

കെ റെയിൽ പദ്ധതി എംബാങ്ക്മെന്റിലാണെങ്കിൽ ഏഴു റൂട്ടുകളുടെ പദ്ധതി പ്രധാനമായും പ്രതലത്തിലാണെന്നും ശ്രീധരന്റെ പദ്ധതി എലവേറ്റഡ് ലൈനിലാണെന്നും ഇവ മൂന്നിലുംവെച്ച് ഏറ്റവും സാമ്പത്തികലാഭവും മികച്ചതുമായ ഓപ്ഷൻ തെരഞ്ഞെടുക്കുമെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

മന്ത്രി മറുപടി നൽകുന്നതിനിടയിൽ രാജ്യസഭയുടെ ചെയറിലുണ്ടായിരുന്ന ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഈ മൂന്ന് ഓപ്ഷനുകളിൽ ഏതെങ്കിലുമൊന്ന് കേരളത്തിനു ഉറപ്പായും നൽകില്ലേയെന്നു ചോദിച്ചപ്പോൾ, റെയിൽവേ മന്ത്രി വ്യക്തമായ ഉത്തരം നൽകിയില്ല.

തങ്ങൾ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർണ ആത്മാർത്ഥതയോടെ പൂർത്തീകരിച്ചിട്ടുണ്ടെന്നു മാത്രമായിരുന്നു ചോദ്യത്തിനു കൃത്യമായ ഉത്തരം നൽകാതെയുള്ള മന്ത്രിയുടെ മറുപടി.

## കുളിക്കാനിറങ്ങിയ രണ്ടു വിദ്യാർത്ഥികൾ മുങ്ങി മരിച്ചു

മറയൂർ: കോവിൽക്കടവ് തെങ്കാശിനാഥൻ ക്ഷേത്രത്തിനു സമീപമുള്ള പാമ്പാറ്റു കയത്തിൽ കുളിക്കാനിറങ്ങിയ രണ്ടു വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. കീഴാന്തൂർ സ്വദേശി കന്നിയപ്പന്റെ മകൻ ബാലമുരുകൻ (14), ഗൃഹനാഥപുരം സ്വദേശി സുന്ദരരാജിന്റെ മകൻ സഞ്ജിത്ത് (14) എന്നിവരാണു മരിച്ചത്. ഇവരോടൊപ്പമുണ്ടായിരുന്ന മനു എന്ന യുവാവ് രക്ഷപ്പെട്ടു. ആഴമേറിയ കയത്തിൽ കുളിക്കാനിറങ്ങിയപ്പോൾ മൂവരും മുങ്ങിപ്പോവുകയായിരുന്നു. കരയ്ക്കു കയറിയ മനുവാണു പ്രദേശവാസികളെ വിവരമറിയിച്ചത്. നാട്ടുകാർ ഉടൻ രക്ഷാപ്രവർത്തനം ആരംഭിച്ചു. ഇന്ദിരാ നഗർ ഭാഗത്തു കാട്ടുതീ അണയ്ക്കാനെത്തിയ മൂന്നാർ അഗ്നി രക്ഷാസേനയും ഉടൻ സ്ഥലത്തെത്തി. ഇരുവരെയും പാറകൾക്കിടയിൽ കുടുങ്ങിയ നിലയിലാണു കണ്ടെത്തിയത്. മറയൂർ താലൂക്കാശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## മാത്യു ജെ. വെങ്ങാലിൽ അന്തരിച്ചു



സിയാറ്റിൽ: കോട്ടയം കുമാരനല്ലൂർ സ്വദേശി മാത്യു ജെ. വെങ്ങാലിൽ (75) വാഷിങ്ടണിൽ അന്തരിച്ചു. ഭാര്യ തെരേസ (ജോയമ്മ) പാലാ പടവിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. ജെന്നി ലോബോ, റെജി വെങ്ങാലിൽ. മരുമക്കൾ: എർണി ലോബോ, പായൽ. സഹോദരങ്ങൾ: പരേതനായ തോമസ്, പരേതനായ വർഗീസ് പീറ്റർ (ഡിട്രോയിറ്റ്), ജെയിംസ് (ഹൂസ്റ്റൺ), തങ്കമ്മ (ഡാളസ്), രാജു (ഡിട്രോയിറ്റ്), വത്സമ്മ (സിയാറ്റിൽ), ടോമി (ഡാളസ്).

മാർച്ച് 21-ന് രാവിലെ 11 മണിക്ക് സെന്റ് ജോൺസ് പാരിഷ് (7916 ഫസ്റ്റ് അവന്യൂ, സിയാറ്റിൽ, വാഷിങ്ടൺ 98117) വെച്ച് സംസ്കാര ശുശ്രൂഷകളും തുടർന്ന് ഹോളിവുഡ് സെമിത്തേരി (205 നോർത്ത് ഈസ്റ്റ് 205 സ്ട്രീറ്റ്, ഷോർലൈൻ, വാഷിങ്ടൺ)-ൽ മൃതദേഹം സംസ്കരിക്കും.







# ടാമ്പാ കെ.സി.സി.സി.എഫ് വിമൻസ് ഫോറം ഇന്റർനാഷണൽ വിമൻസ് ഡേ ആഘോഷിച്ചു

**ജൂബിയ പടിക്കപ്പറമ്പിൽ**



ജൂബിയ പടിക്കപ്പറമ്പിൽ (പ്രസിഡണ്ട്)



ബ്രിജിറ്റ് കുളങ്ങര (വൈസ് പ്രസിഡണ്ട്)



അലിയ കണ്ടാരപ്പള്ളിൽ (സെക്രട്ടറി)



സോണിയ കൂമ്പുക്കൽ (ട്രഷറർ)



ബിന്നി പുളിക്കത്തൊട്ടിയിൽ (ജോയിന്റ് സെക്രട്ടറി)

ടാമ്പാ: ടാമ്പായിലെ കെ.സി.സി.സി.എഫിന്റെ പോഷക സംഘടനയായ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. മാർച്ച് ഏഴാം തീയതി ടാമ്പായിലെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് പരിപാടികൾ നടത്തപ്പെട്ടു.

വിമൻസ് ഫോറം പ്രസിഡണ്ട് ജൂബിയ പടിക്കപ്പറമ്പിലിന്റെ സ്വാഗതപ്രസംഗത്തോടെ പരിപാടികൾക്ക് തിരശ്ശീല ഉയർന്നു. തുടർന്ന് കെ.സി.സി.സി.എഫ് പ്രസിഡണ്ട് ജയമോൾ മൂശാരിപറമ്പിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഇരുനൂറിലധികം വനിതകൾ സംഘടിപ്പിച്ച ഈ ഗ്യാതറിംഗ് ടാമ്പായിൽ ഒരു ചരിത്ര സംഭവമായി മാറി. ഇന്ന് സ്ത്രീസമൂഹം നേരിടുന്ന ബ്രസ്റ്റ് ക്യാൻസറിനെപ്പറ്റിയുള്ള അവേർനസ് സെമിനാർ, ടാമ്പായുടെ തന്നെ സ്വന്തമായ ഓങ്കോളജിസ്റ്റ് ഡോക്ടർ റ്റോണി തണ്ടാശ്ശേരിൽ നയിച്ച സെമിനാർ വളരെ പ്രയോജനകരമായിരുന്നു. ഡോ. റ്റോണിയോടൊപ്പം ഭാര്യ ഡോ. ഗീതി തണ്ടാശ്ശേരിൽ നടത്തിയ പ്രഭാഷണം ഏവർക്കും ആശ്വാസകരമായിരുന്നു. ബ്രസ്റ്റ് ക്യാൻസറിനെപ്പറ്റിയുള്ള രോഗപ്രതിരോധ കാര്യങ്ങൾ പറഞ്ഞുതന്നത് ഏവരും നന്ദിയോടെ സ്വീകരിച്ചു.

ടാമ്പാ വിമൻസ് ഫോറത്തിലെ വിവിധ മേഖലകളിൽ സ്വീകാര്യത നേടിയ വ്യക്തിപ്രഭകളെ ചടങ്ങിൽ ആദരിച്ചു. രാജി പുതുപ്പറമ്പിൽ, ജാസ്മിൻ പുല്ലാപ്പള്ളി, ഡെയ്സി ചക്കുങ്കൽ, സവിത പുളിക്കൽ, മേരി മച്ചാനിക്കൽ, ജിഷ തത്തംകുളം, മെറീന പൗവത്തിൽ, ജസി കാരത്തുരുത്തേൽ, ജാൻസി കളപ്പുരയിൽ, ജോളി മൂലക്കാട്ട്, ജീവ പ്രാലേൽ, ബീന ഒടിമുഴങ്ങയിൽ, ടിനി മാറികവീട്ടിൽ, ജയ്മോൾ കളപ്പുരയ്ക്കൽ, ഡോണ പടിക്കപ്പറമ്പിൽ, സബിത ഊരാളിൽ എന്നിവരെയാണ് ആദരിച്ചത്. കൂടാതെ മസാജ്, സാരികളുടെയും ജൂവലറികളുടെയും സെയിലും മെനിക്യൂർ കോഫി ടെയിസ്റ്റിങ്ങും തുടങ്ങിയ പരിപാടികളും ഈ പ്രോഗ്രാമിന് ആകർഷകമേകി.



വിമൻസ് ഫോറം ഭാരവാഹികൾ കെസിസിസിഎഫ് പ്രസിഡണ്ട് ജയമോൾ മൂശാരിപറമ്പിൽ, വിമൻസ്ഫോറം നാഷണൽ ട്രഷറർ രേഷ്മ കൊച്ചുപുരക്കൽ എന്നിവരോടൊപ്പം

ജിനിത സജി ആയിരുന്നു ഈ പ്രോഗ്രാമിന്റെ എം.സി. ഈ പ്രോഗ്രാം ഏവരുടെയും മനസ്സിൽ തങ്ങിനിർത്തുവാൻ സഹായിച്ചത് എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ജൂബിയ പടിക്കപ്പറമ്പിൽ- പ്രസിഡണ്ട്, ബ്രിജിറ്റ് കുളങ്ങര- വൈസ് പ്രസിഡണ്ട്, അലിയ കണ്ടാരപ്പള്ളിൽ- സെക്രട്ടറി, സോണിയ കൂമ്പുക്കൽ- ട്രഷറർ, ബിന്നി പുളിക്കതൊട്ടിയിൽ- ജോ. സെക്രട്ടറി എന്നിവരുടെ നിസ്വാർത്ഥമായ സഹകരണവും നേതൃത്വപാടവവുമാണ്. അതോടൊപ്പം വിമൻസ് ഫോറത്തിന്റെ നാഷണൽ ട്രഷറർ രേഷ്മ കൊച്ചുപുരക്കലിന്റെ സഹകരണവും സേവനവും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. തുടർന്ന് രുചികരമായ ഭക്ഷണത്തോടും ഡിജെയോടും കൂടി പരിപാടികൾ പര്യവസാനിച്ചു. പ്രോഗ്രാമിൽ പങ്കെടുത്ത ഏവർക്കും വൈസ് പ്രസിഡണ്ട് ബ്രിജിറ്റ് കുളങ്ങര നന്ദി രേഖപ്പെടുത്തി.








സെമിനാർ നയിച്ച ഓങ്കോളജിസ്റ്റ് ഡോ. റ്റോണി തണ്ടാശ്ശേരിൽ, പ്രൈമറി കെയർ ഡോ. ഗീതി തണ്ടാശ്ശേരിൽ




ക്നാനായ വനിതാ പ്രതിഭകളെ ആദരിച്ചപ്പോൾ



# മാധ്യമസ്വാതന്ത്ര്യവും ഡിജിറ്റൽ വെല്ലുവിളികളും: ഡാളസിൽ ഷാജൻ സ്കറിയയുമായി സംവദിച്ച് പ്രവാസി മലയാളിസമൂഹം

ഡാളസ്: നോർത്ത് ടെക്സസിലെ പ്രവാസി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് സംഘടിപ്പിച്ച 'ആഘോഷിക്കാം, ഒത്തുചേരാം' എന്ന പ്രത്യേക പരിപാടി ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഗാർലൻഡിലെ കെ.ഇ.എ ഇവന്റ് സെന്ററിൽ നടന്ന ചടങ്ങിൽ പ്രമുഖ മാധ്യമ പ്രവർത്തകനും മറുനാടൻ മലയാളിയുടെ സ്ഥാപക എഡിറ്ററുമായ ഷാജൻ സ്കറിയ മുഖ്യാതിഥിയായി പങ്കെടുത്തു. സോഷ്യൽ മീഡിയ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഈ പരിപാടിയിൽ മാധ്യമരംഗത്തെ പുതിയ പ്രവണതകളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും സജീവമായ ചർച്ചകൾ നടന്നു.

പി.പി. ചെറിയാൻ




ഡോ. അഞ്ജു ബിജിലി എംസിയായി പരിപാടികൾ നിയന്ത്രിച്ചു. ആൾസ്റ്ററിന്റെ ഗാനാലാപനത്തോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. ഡി. മലയാളി ചീഫ് എഡിറ്റർ പി.പി. ചെറിയാൻ സ്വാഗതം ആശംസിച്ചു. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് പ്രസിഡണ്ട് സണ്ണി മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ലാലി ജോസഫിന്റെ മനോഹരമായ ഗാനം സദസ്സിനെ ഹർഷപുളകിതമാക്കി.

ഐപിസി എൻടി ഭാരവാഹികളെ സിജു വി. ജോർജും ഡി മലയാളി എന്ന സംരംഭത്തെ അനശ്വർ മാമ്പിള്ളിയും സദസ്സിനു പരിചയപ്പെടുത്തി.

തന്റെ പ്രഭാഷണത്തിൽ കേരളത്തിലെ മാധ്യമ പരിസരത്ത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ഷാജൻ സ്കറിയ വിശദീകരിച്ചു. അഴിമതികൾ പുറത്തുകൊണ്ടുവരുന്നതിൽ സോഷ്യൽ മീഡിയ വഹിക്കുന്ന പങ്കും നേരിടേണ്ടിവരുന്ന നിയമപോരാട്ടങ്ങളും അദ്ദേഹം പങ്കുവെച്ചു. ലക്ഷക്കണക്കിനു പ്രവാസി മലയാളികളെ സ്വാധീനിക്കുന്ന ബ്രിട്ടീഷ് മലയാളി, മറുനാടൻ മലയാളി എന്നീ പോർട്ടലുകളുടെ വളർച്ചാഘട്ടങ്ങളും അദ്ദേഹം അനുസ്മരിച്ചു.



തുടർന്ന് ഐപിസിഎൻടി കമ്മിറ്റി അംഗങ്ങൾ ചേർന്ന് ഷാജൻ സ്കറിയയ്ക്ക് ഉപഹാരം സമർപ്പിച്ചു. വിവിധ പ്രവാസി സംഘടനകളെ പ്രതിനിധീകരിച്ച് ഷിജു ഏബ്രഹാം (പ്രസിഡണ്ട് കേരള അസോസിയേഷൻ), മാത്യു നൈനാൻ (പ്രസിഡണ്ട് ഐസിഇസി), ടി.സി. ചാക്കോ (ഫ്ളവേഴ്സ് ചാനൽ), രാജു തരകൻ (എക്സ്പ്രസ് ഹെറാൾഡ്), എബി തോമസ് എന്നിവർ ആശംസകൾ നേർന്നു.



പരിപാടിയുടെ അവസാന ഘട്ടത്തിൽ നടന്ന ചോദ്യോത്തര വേള ഏറെ ശ്രദ്ധേയമായിരുന്നു. തോമസ് ചിറമേൽ, ബെന്നി ജോൺ എന്നിവർ മോഡറേറ്റർമാരായി. സമകാലിക രാഷ്ട്രീയ വിഷയങ്ങളിലും സോഷ്യൽ മീഡിയയുടെ കരുത്തിനെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ചോദ്യങ്ങൾക്ക് ഷാജൻ സ്കറിയ മറുപടി നല്കി.

ചടങ്ങിൽ ശബ്ദനിയന്ത്രണം നടത്തിയ അനിയൻ ഡാളസ്, തത്സമയ പ്രക്ഷേപണം നടത്തുന്നതിന് നേതൃത്വം നല്കിയ പ്രൊവിഷൻ റ്റിവി പ്രസാദ് തിയോടിക്കൽ, ടെക്നോളജി ഫോർ യു സി ഇ ഒ മോൻ ജോർജ്, ഡാളസ് ഫോർട്ട് വർത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഷാജനെ കാണുന്നതിനും കേൾക്കുന്നതിനും എത്തിച്ചേർന്ന സഹൃദയർ എന്നിവർക്ക് ഐപിസിഎൻടി സെക്രട്ടറി സാം മാത്യു നന്ദി രേഖപ്പെടുത്തി. ഫോട്ടോഗ്രാഫി രംഗത്ത് ദീർഘകാല പ്രവൃത്തിപരിചയം ഉള്ള ബെസ്റ്റ് ഫോട്ടോഗ്രാഫിക്ക് അവാർഡ് ജേതാവായ പ്രസ്ക്ലബ് മെംബർ ബെന്നി ജോൺ ആണ് ടെക്സസ് ട്രാവൽ കോർഡിനേഷൻ ഓർഗനൈസ് ചെയ്തത്. കെഇഎ ഇവന്റ് സെന്റർ ഉടമസ്ഥൻ സിബി ഒരുക്കിയ ലഘുഭക്ഷണവും ആസ്വദിച്ചാണ് സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നവർ പിരിഞ്ഞുപോയത്.




















കേരളാ എക്സ്പ്രസ് KERALA EXPRESS

വഴിവിളക്കുകൾ 3

# കുട്ടപ്പി



മേരി വൂൾസ്റ്റൺ ക്രാഫ്റ്റിനെയോ, കേറ്റ് മില്ലറ്റിനെയോ, ജൂഡിത്ത് ബട്ട്ലറെയോ, ഗായത്രി ചക്രവർത്തി സ്പിവാക്കിനെയോ, അവരുടെ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളെയോ കുറിച്ച് ആ സാധുസ്ത്രീ കേട്ടിട്ടുപോലുമുണ്ടാവില്ല. എങ്കിലും സ്ത്രീപക്ഷം എന്ന നിലയിലും വനിതാശാക്തീകരണം എന്ന ലേബലിലും നടക്കുന്ന പൊള്ളയായ പല ചാനൽ ചർച്ചകളേക്കാളും കോളം എഴുത്തുകളെക്കാളും സമൂഹമാധ്യമക്കുറിപ്പുകളെക്കാളും കാമ്പുള്ളതായിരുന്നു അവരുടെ പ്രവൃത്തികളും ജീവിതവും.

അയൽക്കാരനായ ലോട്ടറിക്കാരൻ കുട്ടപ്പൻചേട്ടന്റെ ഭാര്യ എന്ന നിലയിലാണ് ഞങ്ങൾ ആ സ്ത്രീയെ കുട്ടപ്പി എന്നു വിളിച്ചുതുടങ്ങിയത്. അവരുടെ യഥാർത്ഥ പേര് പിന്നീട് അറിഞ്ഞെങ്കിലും അവർ എപ്പോഴും ഞങ്ങൾക്ക് കുട്ടപ്പിയായി തുടർന്നു. ലോട്ടറി കച്ചവടക്കാരനായ ഭർത്താവും മൂന്നു പെൺകുട്ടികളും അടങ്ങുന്നതായിരുന്നു അവരുടെ കുടുംബം. കിട്ടുന്ന വരുമാനത്തിന്റെ ഒരുഭാഗം മദ്യക്കുപ്പികൾക്കു വേണ്ടി മാറ്റിവച്ചിരുന്ന ഭർത്താവിന് വീട്ടാവശ്യങ്ങൾക്കും, മക്കളുടെ പഠനത്തിനും ആവശ്യമായ തുക വീട്ടിലേക്ക് തരാൻ കഴിയാതെ വന്നപ്പോൾ അവർ വിധിയെ പഴിച്ച് കരയാൻ തയാറായില്ല. അവർ ഭർത്താവിനോടും വിധിയോടും കലഹിച്ചത് വാക്കുകളിലൂടെ ആയിരുന്നില്ല, പ്രവർത്തികളിലൂടെ ആയിരുന്നു. ഒരു വരുമാന മാർഗം എന്ന നിലയിൽ അവർ കോഴികളെ വളർത്താൻ ആരംഭിച്ചു. അഞ്ചോ ആറോ കോഴികളിൽ നിന്ന് ആരംഭിച്ച ആ സംരംഭം, ഞങ്ങൾ കുട്ടപ്പിയെ കാണുമ്പോഴേക്കും 30-ഓളം കോഴികളിലേക്ക് വളർന്നിരുന്നു. അയൽവീട്ടുകാരുടെ പരാതികളെ ഒന്നും വകവയ്ക്കാതെ അവർ കോഴികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. സമീപപ്രദേശങ്ങളിലെ വീടുകളിൽ ആവശ്യാനുസരണം മുട്ടയെത്തിച്ചുകൊണ്ട് അവർ ജീവിതത്തോടു പൊരുതിക്കൊണ്ടിരുന്നു. കാൽമുട്ടു വേദന രൂക്ഷമായിരുന്നതുകൊണ്ട് ഏന്തിയേന്തിയാണ് നടന്നിരുന്നതെങ്കിലും തന്റെ കോഴികളെല്ലാം സുരക്ഷിതരാണെന്ന്, എല്ലാ വൈകുന്നേരങ്ങളിലും മുടന്തി നടന്നുകൊണ്ട് അവർ ഉറപ്പിച്ചിരുന്നു. ഏതെങ്കിലും കോഴിയെ കാണാനുണ്ടെങ്കിൽ, സന്ധ്യാസമയം അയൽ വീടുകളിൽ ആകുലതയോടെ അവയെ അന്വേഷിച്ച് നടക്കുന്ന കുട്ടപ്പിയെ ഞങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ട്.

നന്നേ ചുരുണ്ട മുടി പുറകിൽ വട്ടത്തിൽ കെട്ടിവെച്ച്, വലിയ ഒരു വട്ടപ്പൊട്ട് കുത്തി, നൈറ്റിക്ക് മുകളിൽ ഒരു തോർത്തും വിരിച്ച്, കൈയിൽ മുട്ടയുടെ പൊതിയുമായി വന്നു നാട്ടുവിശേഷങ്ങൾ പറഞ്ഞ്, മുട്ടയുടെ കാശുമായി മടങ്ങുന്ന ആ സ്ത്രീയെ ഒരല്പം ബഹുമാനത്തോടെ മാത്രമേ നോക്കാൻ സാധിച്ചിട്ടുള്ളൂ. പതിയെ അവർ കോഴികൾക്ക് പുറമെ ആടുകളെയും വളർത്താൻ ആരംഭിച്ചു. വീട്ടുചെലവിനേ ആവശ്യമായ ഒരു തുക എല്ലാ മാസവും അവർ സ്വന്തമായി കണ്ടെത്തിയിരുന്നു. വീട്ടാവശ്യങ്ങൾ കഴിഞ്ഞ് ഒരു തുക മിച്ചം പിടിക്കാനും അവർക്ക് പലപ്പോഴും കഴിഞ്ഞിരുന്നു. കുട്ടപ്പിയുടെ നിശബ്ദ വിപ്ലവത്തിന്റെ ഫലമാണോ എന്തോ, വർഷങ്ങളുടെ ശീലമായ മദ്യപാനം ഏതോ ഒരു സുപ്രഭാതത്തിൽ കുട്ടപ്പൻ ചേട്ടൻ ഉപേക്ഷിച്ചു. ലോട്ടറി കച്ചവടത്തിന് പുറമേ സ്ഥലം പാട്ടത്തിനെടുത്ത്, കൃഷിയും കാര്യങ്ങളുമായി കുട്ടപ്പൻ ചേട്ടനും സ്ഥിരോത്സാഹിയായി.

കുട്ടപ്പൻ ചേട്ടന്റെ മാറ്റത്തിനു ശേഷവും കുട്ടപ്പി കോഴി വളർത്തലും മുട്ടക്കച്ചവടവും തുടർന്നു. മൂന്നു മക്കൾക്കും മികച്ച വിദ്യാഭ്യാസം നൽകി അവരെയൊക്കെ സ്വയം പര്യാപ്തരാക്കി. ഒരു മകൾ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപിക, മറ്റൊരാൾ പോലീസ് ഉദ്യോഗസ്ഥ, പിന്നൊരാൾ ഏറെ തിരക്കുള്ള ബ്യൂട്ടീഷൻ. മൂന്നു മക്കളുടെയും വിവാഹവും അവർ നല്ല രീതിയിൽ നടത്തി. ആ മൂന്നു പെൺമക്കളിലും അനിതര സാധാരണമായ ഒരു പോരാട്ട വീര്യം ഞാൻ കണ്ടിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളിൽ പകച്ചുനിൽക്കാതെ പൊരുതാനുള്ള ഒരു കഴിവ്. ജീവിത സാഹചര്യങ്ങളോടും, പരിമിതികളോടും പോരാടാനുള്ള ധൈര്യം ആ പെൺകുട്ടികൾക്ക് പകർന്നുകൊടുത്തത് പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള വെറും സാധാരണക്കാരിയായ ആ അമ്മയാണ് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു, സ്ത്രീശാക്തീകരണത്തെക്കുറിച്ച് ആയിരം പ്രസംഗങ്ങളോ, ലേഖനങ്ങളോ പറയുന്നതിൽ അധികമായിരുന്നു കുട്ടപ്പി എന്ന സ്ത്രീ, ജീവിതം കൊണ്ട് എഴുതിയത്. ചരിത്രത്തിന്റെ താളുകളിൽ അവരുടെ പേര് രേഖപ്പെടുത്തപ്പെടുകയില്ലെങ്കിലും പേരക്കുട്ടികളിലേക്കും പ്രവഹിക്കുന്ന ഊർജ്ജസ്രോതസ്സായി അവരുടെ വഴികളിലെയും ഇരുളകറ്റുന്ന പ്രകാശകിരണമായി അവരുണ്ടാവും!!



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# ജോർജ് മണ്ണിക്കരോട്ടിനെ ലാന ആദരിച്ചു




ചിക്കാഗോ: ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ ആദ്യകാല പ്രവർത്തകനും 2013-15 വർഷങ്ങളിലെ വൈസ് പ്രസിഡണ്ടുമായി പ്രവർത്തിച്ചിരുന്ന പ്രശസ്ത എഴുത്തുകാരൻ ജോർജ് മണ്ണിക്കരോട്ടിനെ ആദരിച്ചു. 1974 മുതൽ ന്യൂയോർക്കിലെയും തുടർന്ന് ഹൂസ്റ്റണിലെയും വിവിധ സാമൂഹിക, സാംസ്കാരിക, സാഹിത്യ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അതുല്യ പ്രതിഭയാണ് ജോർജ് മണ്ണിക്കരോട്ട്. നോവലിസ്റ്റ്, പ്രഭാഷകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ഏറെ പ്രശസ്തനാണ്.

അമേരിക്കയിൽ കുടിയേറിയ മലയാളം എഴുത്തുകാരുടെയും ഭാഷാപ്രവർത്തകരുടെയും കൃതികളെക്കുറിച്ചുള്ള ഒരു സമ്പൂർണ്ണ ചരിത്രം അമേരിക്കയിലെ ആധുനിക മലയാള സാഹിത്യ ചരിത്രം എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് മണ്ണിക്കരോട്ടിനു സാധിച്ചിട്ടുണ്ട്. ഭാഷാപഠിതാക്കൾക്കും ചരിത്രകാരന്മാർക്കും എന്നും ഒരു മുതൽക്കൂട്ടാണ് പ്രസ്തുത കൃതി.

കൂടാതെ ജീവിതത്തിന്റെ കണ്ണീർ, അഗ്നിയുദ്ധം, അമേരിക്ക എന്നീ നോവലുകൾ, കേരളം ഉറങ്ങുന്നു, അകലുന്ന ബന്ധങ്ങൾ തുടങ്ങി നിരവധി കൃതികളുടെയും രചയിതാവാണ് ജോർജ് മണ്ണിക്കരോട്ട്.

ലാന രൂപീകരണ സമയങ്ങളിലും അതിന്റെ വളർച്ചയിലും നേതൃത്വം നല്കുകയും ചെയ്തു. പത്രപ്രവർത്തകൻ, എഴുത്തുകാരൻ, സംഘാടകൻ അങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മണ്ണിക്കരോട്ട് ഇപ്പോൾ തന്റെ ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.





ലാന, ഹൂസ്റ്റൺ മലയാളം സൊസൈറ്റി, റൈറ്റേഴ്സ് ഫോറം, ഹൂസ്റ്റൺ കേരള ലിറ്റററി സൊസൈറ്റി ഡാളസ് എന്നീ സംഘടനകളുടെ പ്രവർത്തകരും ചുമതലക്കാരും ഒന്നിച്ച് മണ്ണിക്കരോട്ടിനെ സന്ദർശിക്കുകയും ലാനയുടെ ആദരവ് അറിയിക്കുകയും ചെയ്തു.



# മാധ്യമപ്രവർത്തകൻ ഷാജൻ സ്കറിയായ്ക്ക് ചിക്കാഗോയിൽ ഊഷ്മള സ്വീകരണം

ഫോട്ടോ:
മോനു വർഗീസ്



ചിക്കാഗോയിലെത്തിയ മറുനാടൻ മലയാളി ചീഫ് എഡിറ്റർ ഷാജൻ സ്കറിയായെ കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ ബൊക്കെ നൽകി സ്വീകരിക്കുന്നു. എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, മാനേജിംഗ് എഡിറ്റർ ഡോ. ടൈറ്റസ് ഈപ്പൻ, ന്യൂസ് എഡിറ്റർ കുര്യൻ ഫിലിപ്പ്, സിഎംഎ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സുനിൽ രാജൻ, സെനു തോമസ്, അലക്സാണ്ടർ കൊച്ചുപുരയ്ക്കൽ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, റോയി ജോൺ, റിൻസി കുര്യൻ എന്നിവർ സമീപം.

























# ഒത്തൊരുമയുടെ ശക്തിയാണ് ഫൊക്കാനയുടെ വിജയം: ജോയി ചാക്കപ്പൻ (ഫൊക്കാന ട്രഷറർ)



അഭിമുഖം



അനിൽ പെണ്ണുക്കര

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാന അതിന്റെ പ്രവർത്തന വിജയത്തിന്റെ പാതയിലാണിപ്പോൾ. ഡോ. സജിമോൻ ആന്റണി പ്രസിഡന്റും, ശ്രീകുമാർ ഉണ്ണിത്താൻ ജനറൽ സെക്രട്ടറിയുമായ ടീമിൽ ട്രഷറായി പ്രവർത്തിക്കുന്ന ജോയി ചാക്കപ്പൻ പ്രവർത്തനത്തിലൂടെ വിജയം എന്ന ചിന്താഗതിയിൽ വിശ്വസിക്കുന്ന വ്യക്തിയാണ്. അധികം പബ്ലിസിറ്റിയിൽ വിശ്വസിക്കാത്ത ഒരു സാധാരണ സംഘാടകൻ. പക്ഷേ, ഏറ്റെടുക്കുന്ന ഏത് സംഘടനാ പ്രവർത്തനവും വിജയത്തിലെത്തിക്കുവാൻ ഓടി നടന്ന് പ്രവർത്തിക്കുന്ന സംഘടനാ നേതാവ്. ഏതൊരു പ്രവർത്തനത്തിന്റെയും വിജയത്തിന്റെ പിന്നിലെ പ്രധാന ശക്തികളിൽ ഒന്ന് സാമ്പത്തികമാണ്. പ്രത്യേകിച്ച് ഫൊക്കാന പോലെ ഒരു സംഘടനയുടെ വളർച്ചയ്ക്ക്, പ്രവർത്തനങ്ങൾക്ക് ധനം ഏറെ ആവശ്യമാണ്. എന്നാൽ കഴിഞ്ഞ ഒന്നര വർഷമായി ഫൊക്കാനയ്ക്ക് ശക്തമായ ഊടും പാവും നെയ്യാൻ ഫൊക്കാനയ്ക്ക് സാമ്പത്തികമായ കരുത്തേകിയ ട്രഷറർ തന്റെ പ്രവർത്തനങ്ങളെ കുറിച്ച് മനസ് തുറക്കുന്നു.

**ചോദ്യം: വാഷിംഗ്ടൺ ഡിസിയിൽ നടന്ന തെരഞ്ഞെടുപ്പ് മുതൽ ഇന്നുവരെ ചിട്ടയായ പ്രവർത്തനങ്ങളാണല്ലോ സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ ടീം നടത്തി വരുന്നത്. ഫൊക്കാന ട്രഷറർ എന്ന നിലയിൽ ഈ ടീമിന്റെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു?**

ഞങ്ങളുടെ ടീം അധികാരത്തിൽ വന്ന ദിവസം മുതൽ ഇന്നുവരെ ഒരു തരത്തിലുള്ള ആശങ്കകൾക്കും ഇട നൽകാതെ ഒരേ മനസ്സോടെ ഞങ്ങൾക്കെല്ലാവർക്കും പ്രവർത്തിക്കാനാകുന്നു എന്നതാണ് നേട്ടം. ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയുടെ നേതൃത്വ പരതയും ജനറൽ സെക്രട്ടറിയായ ശ്രീകുമാർ ഉണ്ണിത്താന്റെ സംഘാടനമികവും ഫൊക്കാനയുടെ കരുത്താണ് ഞങ്ങൾക്ക് എല്ലാവർക്കും ഒരേ മനസ്സാണ്. ഇവിടെ ഏകാധിപത്യമില്ല. എല്ലാവരേയും ഒരുപോലെ പ്രവർത്തനനിരതരാക്കുക എന്നതാണ് ഞങ്ങളുടെ ടീമിന്റെ ശൈലി. അതുകൊണ്ടാണ് കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ അമേരിക്കയിലും കേരളത്തിലും ജനോപകാരപ്രദമായ നിരവധി പദ്ധതികൾ നടപ്പിലാക്കി വിജയം വരിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. സമയ ബന്ധിതമായി എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ സാധിച്ചു.

**ചോദ്യം: അവ വിശദീകരിക്കാമോ?**

ഫൊക്കാനയുടെ പ്രവർത്തനങ്ങൾ അമേരിക്കയിൽ മാത്രമല്ല കേരളത്തിലും വ്യത്യസ്തത കൊണ്ട് ശ്രദ്ധ നേടിയ ഒന്നര വർഷമാണ് കഴിഞ്ഞു പോയത്. ഒരു ചിട്ടയായ പ്രവർത്തന രീതി ഞങ്ങൾക്ക് സംഘടനയിലും പ്രവർത്തനങ്ങളിലും കൊണ്ടുവരാൻ സാധിച്ചു. മുൻപുള്ളതിനെ തുടരുക മാത്രമല്ല പുതിയതായി നിരവധി പദ്ധതികൾ അമേരിക്കൻ മലയാളി സമൂഹത്തിനും, കേരളത്തിനും വേണ്ടിയും ചെയ്യാൻ സാധിച്ചു. അത് വിജയത്തിലെത്തിക്കുവാൻ സാധിക്കുക മാത്രമല്ല നാളേയ്ക്ക് അവ മുതൽകൂട്ടായി മാറ്റുവാനും കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും പ്രവർത്തനങ്ങളുടെ തുടക്കത്തിൽ തന്നെ ഫൊക്കാനയുടെ എല്ലാ പ്രവർത്തകർക്കും സംഘടനാ പ്രവർത്തനത്തിൽ സജീവമാക്കുവാൻ സാധിച്ചു. അങ്ങനെ ഒരു കൂട്ടായ പ്രവർത്തനത്തിലൂടെ നിരവധി പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്

ഫൊക്കാന ഹെൽത്ത് കാർഡ്. കേരളത്തിലെ 6 പ്രമുഖ ആശുപത്രികളായ രാജഗിരി, പാലാ മെഡ്സിറ്റി, ബിലീവേഴ്സ്, ബേബി മെമ്മോറിയൽ, കിംസ്, കാരിത്താസ് എന്നിവയുമായി സഹകരിച്ചാണ് ഈ മെഡിക്കൽ കാർഡ് പദ്ധതിക്ക് തുടക്കമിട്ടത്. അമേരിക്കൻ മലയാളികൾ വളരെ സന്തോഷത്തോടെ സ്വീകരിച്ച ഈ പദ്ധതിയിൽ നിരവധി അമേരിക്കൻ മലയാളികളും അവരുടെ ബന്ധുക്കളും പങ്കാളികളാകുന്നു. അതുകൊണ്ടു തന്നെ ആയിരകണക്കിന് ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഭാരിച്ച ചികിത്സാ ചിലവുകൾക്ക് വലിയ ആശ്വാസമായി മാറിയിട്ടുണ്ട് ഫൊക്കാന ഹെൽത്ത് കാർഡ്. ഫൊക്കാനയുടെ അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഈ പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞത് ഈ പദ്ധതിയുടെ വിജയമായി ഞാൻ കരുതുന്നു.

മറ്റൊരു പ്രധാന പ്രോഗ്രാം ആയിരുന്നു ഫൊക്കാന ഹെൽത്ത് ക്ലിനിക്ക്. അല്പം ആശങ്കയോടെ ആരംഭിച്ച പദ്ധതി ആണെങ്കിലും ഡോ. സജിമോൻ ആന്റണിയുടെ ആത്മ വിശ്വാസത്തിന്റെ വിജയം കൂടിയായിരുന്നു ഈ പദ്ധതി. ഫൊക്കാനയുടെ ഡ്രീം പ്രൊജക്ടുകളിൽ ഒന്നായി മാറിയ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഈ കമ്മിറ്റിയുടെ ഡ്രീം പ്രോജക്ട് ആയിരുന്നു. നാട്ടിൽനിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്ക് പ്രാഥമിക ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത് . ന്യൂജേഴ്സിയിലും ബോസ്റ്റണിലെ ഓഫീസുകൾ പ്രവർത്തനം തുടങ്ങി, മറ്റുള്ള സിറ്റികളിലേക്കും ഓഫീസുകൾ തുറന്നു കൊണ്ടിരിക്കുന്നു. അമേരിക്കയിലെ എല്ലാ മേജർ സിറ്റികളിലും ഹെൽത്ത് ക്ലിനിക്ക് തുടങ്ങുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം. ഇതൊരു ചെറിയ കാര്യമല്ല. കാരണം നിരവധി ആളുകൾ ഈ ക്ലിനിക്കുകളുടെ ഗുണഭോക്താക്കളായി മാറിയത് ഞങ്ങൾ അഭിമാനത്തോടെയാണ് കാണുന്നത്. ഒരുപക്ഷേ, ഇത്തരം ഒരു പദ്ധതി ലോക പ്രവാസി സംഘടനകളിൽ വെച്ച് ആദ്യത്തേത് ആകും. അതിന് ഫൊക്കാനയ്ക്ക് എന്നും അഭിമാനിക്കാം.

**ചോദ്യം : ഫൊക്കാന ചരിത്രത്തിൽ ആദ്യമായി 100 അംഗസംഘടനകൾ എന്ന നാഴികക്കല്ല് പിന്നിട്ടുവല്ലോ? എങ്ങനെ വിലയിരുത്തുന്നു.?**

സംഘടനയെ ഇല്ലായ്മ ചെയ്യാൻ ഇറങ്ങി പുറപ്പെട്ടവർക്ക് ഉള്ള ഒരു മറുപടി കൂടിയാണ് 100 അംഗ സംഘടനകൾ എന്ന സംഘാടന ശക്തി. ഇതിന്റെ ഭാഗമായി പുതിയ ലോഗോയും ഞങ്ങൾ അവതരിപ്പിച്ചു. ലോകത്തിലേക്കും ഏറ്റവും വലിയതും പുരാതനവുമായ സംഘടനയായി ഫൊക്കാന മാറിയിരിക്കുന്നു.

കൂടുതൽ സംഘടനകളെ ഫൊക്കാനയിലേക്ക് എത്തിക്കുവാൻ സാധിച്ചത് സംഘടന ശക്തിയായി മുന്നോട്ടു പോകുന്നതിന്റെ തെളിവാണ്. അതിന് ഫൊക്കാനയുടെ പൂർവ്വകാല നേതാക്കളും, ഫൊക്കാനയെ സ്നേഹിക്കുന്ന നിരവധി വ്യക്തികളും ഫൊക്കാനയ്ക്കൊപ്പം നിലകൊണ്ടു. അതിൽ അഭിമാനമുണ്ട്. മറ്റൊരു പുതിയ തീരുമാനം

ഫൊക്കാന വിമെൻസ് ഫോറത്തിനെ പോലെത്തന്നെ മെൻസ് ഫോറവും ഫൊക്കാനയിൽ ആരംഭിക്കാൻ സാധിച്ചു എന്നതാണ്. നല്ല പ്രവത്തനവുമായി മെൻസ് ഫോറവും മുന്നോട്ട് പോകുന്നു.

**ചോദ്യം: ഫൊക്കാന കേരളാ കൺവൻഷന്റെ വിജയത്തിന് ട്രഷറർ എന്ന നിലയിൽ വഹിച്ച പങ്ക് എന്തെല്ലാമായിരുന്നു?**

ഒരു കൺവൻഷൻ വിജയിപ്പിക്കണമെങ്കിൽ പണം ആവശ്യമാണ്. അവിടെയാണ് ട്രഷററുടെ ഉത്തരവാദിത്വം പ്രതിഫലിക്കേണ്ടത്. ഇവിടെ ഞാൻ നന്ദി പറയുന്നത് രണ്ട് പേരോടാണ്. ഡോ. സജിമോൻ ആന്റണിയും, ശ്രീകുമാർ ഉണ്ണിത്താനും. എന്റെ രണ്ട് വശങ്ങളിലായി അവർ ഉണ്ടായിരുന്നത് യാതൊരു പരാതികൾക്കും ഇട നൽകാതെ കേരളാ കൺവൻഷൻ വിജയിപ്പിക്കാൻ സാധിച്ചു എന്നതാണ് സത്യം.

കൂട്ടായ പ്രവർത്തനത്തിന്റെയും കൃത്യമായ സംഘാടനത്തിന്റേയും വിജയമായിരുന്നു കേരളാ കൺവൻഷൻ. മുൻ കാലങ്ങളെ അപേക്ഷിച്ച് വളരെ ടൈറ്റ് ഷെഡ്യൂളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ച കൺവൻഷൻ ആയിരുന്നു ഫൊക്കാന കുമരകത്ത് നടത്തിയത്.

ആയിരത്തിലധികം കാഴ്ചക്കാരെ മൂന്ന് ദിവസങ്ങളിലായി ഒരു പ്രോഗ്രാമിന്റെ ഭാഗമാക്കാൻ സാധിച്ചതാണ് ഒരു പ്രധാന കാര്യം. 2025 ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിൽ നടന്ന ഫൊക്കാന കേരളാ കൺവൻഷൻ ഉദ്ഘാടനം മുതൽ സമാപനം വരെ ചരിത്രം തിരുത്തിയ പരിപാടികൾ കൊണ്ട് സമൃദ്ധമായിരുന്നു. ഫൊക്കാനയുടെ അംബാസിഡർ കൂടിയായ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ നിരവധി മന്ത്രിമാർ, പതിനഞ്ചിലധികം എം.എൽ.എമാർ, സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്ത ചടങ്ങിൽ മലയാളത്തിന്റെ വിഖ്യാത സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ മുഖ്യാതിഥി ആയത് ഏറെ വ്യത്യസ്തത നൽകി. ജോർജി വർഗീസിന്റെ നേതൃത്വത്തിൽ 'ഭാഷയ്ക്കൊരു ഡോളർ', അവാർഡുകൾ വിതരണം ചെയ്തു. 26 വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം സ്കോളർഷിപ്പ് വിമെൻസ് ഫോറം ചെയർ രേവതി പിള്ളയുടെ നേതൃത്വത്തിൽ വിമെൻസ് ഫോറം സെമിനാറിൽ നൽകി. ജോൺസൺ സാമുവേലിന്റെ നേതൃത്വത്തിലുള്ള ലൈഫ് ആൻഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമക്കാൽ വിതരണവും നടത്തി.


നിരവധി നിരാലംബർക്ക് ചികിത്സ സഹായവും ഒരാൾക്ക് ഓട്ടോറിക്ഷ നൽകി ഒരു തൊഴിലിന് അവസരമൊരുക്കുകയും ചെയ്തു.

കേരളത്തിലെ ജലസംബന്ധമായ മുങ്ങിമരണങ്ങൾ നിയന്ത്രിക്കുവാൻ ഫൊക്കാനയുടെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ കുട്ടികൾക്കും യുവതി യുവാക്കൾക്കുമായി നൽകിവരുന്ന സൗജന്യ നീന്തൽ പരിശീലനമായ സ്വിം കേരളാ സ്വിം പദ്ധതിക്ക് തുടക്കമിട്ടു. രാജ്യാന്തര നീന്തൽ താരം എസ്.പി. മുരളീധരന്റെ നേതൃത്വത്തിൽ സ്വിം കേരളാ സ്വിം ട്രെയിൻ ചെയ്ത 150 അധികം കുട്ടികളുടെ നീന്തൽ പ്രകടനം നടന്നു. സ്വിം കേരളാ സ്വിം-ന്റെ നാലാം ഘട്ടം പാലാ സെന്റ് തോമസ് കോളേജിന്റെ നീന്തൽകുളത്തിൽ നടത്തി.

പ്രസിദ്ധ സാഹിത്യകാരനും വയലാർ അവാർഡ് ജേതാവുമായ കെ.വി. മോഹൻ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രസിദ്ധ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ സാഹിത്യ സമ്മേളനം ഏവരുടെയും പ്രശംസ ഏറ്റുവാങ്ങിയ ഒന്നായിരുന്നു. സാഹിത്യ സമ്മേളനത്തിൽ കേരളത്തിൽ നിന്നുമുള്ള സാഹിത്യ പ്രതിഭകൾക്ക് അവാർഡുകൾ നൽകി ആദരിക്കുകയുണ്ടായി.കേരളത്തിലെ പ്രമുഖ മാധ്യമങ്ങളിലെ വ്യക്തികളെ ഒരുവേദിയിൽ എത്തിച്ച് നടത്തിയ മാധ്യമ സെമിനാർ ഏറെ ശ്രദ്ധേയമായി. കൂടാതെ ബിസിനസ്സ് സെമിനാർ, ലഹരിക്കെതിരെ ഫൊക്കാനയും കേരളാ ഗവൺമെന്റും ലേബർ ഇന്ത്യ സ്കൂളുകളുമായി സംയുക്ത സംരംഭം, കാരിക്കേച്ചർ ഷോ, നിരവധി കലാപരിപാടികൾ എന്നിവ കൊണ്ട് ഗംഭീരമായ കേരളാ കൺവൻഷൻ ഫൊക്കാനയുടെ ചരിത്രം തിരുത്തിയ കൺവൻഷൻ തന്നെയായിരുന്നു. ഈ വിജയം ഞങ്ങളുടെ കൂട്ടായ്മയുടെ വിജയമായിരുന്നു എന്ന് നിസ്സംശയം പറയാം. കാരണം ഞങ്ങൾ എല്ലാവരും ഒരേ മനസ്സോടെ കഷ്ടപ്പെട്ടതിന്റെ ഫലം ഞങ്ങൾക്ക് നൂറ് മടങ്ങ് തിരിച്ചു കിട്ടിയ നിമിഷമായിരുന്നു കേരളാ കൺവൻഷന്റെ വിജയം.

**ചോദ്യം: ഫൊക്കാന അന്തർദേശീയ കൺവൻഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?**

അമേരിക്കൻ മലയാളികൾ വളരെ ആവേശത്തോടെ പങ്കെടുക്കുന്ന കൺവൻഷനാണ് ഫൊക്കാന അന്തർദേശീയ കൺവൻഷനുകൾ. ജാതി മത ഭേദമന്യേ മലയാളികൾ ഒത്തുകൂടുന്ന മലയാളി മാമാങ്കം.



ന്യൂജേഴ്സി കലഹാരിയിൽ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന കൺവൻഷൻ ഏറ്റവും കൂടുതൽ ജന പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമാകുന്ന കൺവൻഷനായിരിക്കും എന്നതിൽ തർക്കം വേണ്ട. ഫൊക്കാനയുടെ രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനവും പുതിയവയുടെ തുടക്കവുമാകും കലഹാരി കൺവൻഷൻ.

ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായി ഫൊക്കാന കൺവൻഷന് വേണ്ടി ബുക്ക് ചെയ്ത റൂമുകൾ എല്ലാം 2025 ഡിസംബർ 31-ന് മുൻപ് സോൾഡ് ഔട്ട് ആയി എന്നത് തന്നെ ഏറെ ചർച്ച ചെയ്തു കഴിഞ്ഞു. കൺവൻഷൻ വേദികളിൽ നിരവധി പ്രോഗ്രാമുകൾ ഉണ്ട്. പ്രഗത്ഭരായ അതിഥികളുടെ ഒരു നിര തന്നെ കൺവൻഷന് എത്തുന്നു. കലാ, സാംസ്കാരിക, ചലചിത്ര, സാഹിത്യ രംഗത്തെ പ്രഗത്ഭരുടെ സാന്നിധ്യം. അമേരിക്കൻ യുവജന സമൂഹത്തിന്റെ നിരവധി പരിപാടികൾ എന്നിവ കൊണ്ട് ശ്രദ്ധേയമാകാൻ പോകുന്ന കൺവൻഷനായിരിക്കും ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ. ഫൊക്കാന നാളിതുവരെ നടത്തി വന്നിട്ടുള്ള മലയാളി മങ്ക ഉൾപ്പെടെ ഉള്ള എല്ലാ പ്രോഗ്രാമുകളും മുടക്കമില്ലാതെ ഈ കൺവൻഷനിലും ഉണ്ടാകും. എല്ലാം ഭംഗിയായി സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങളുടെ ടീം.

**ചോദ്യം: ഫൊക്കാനയിലേക്ക് കടന്നു വരുന്ന ഒരാൾക്ക് ഈ സംഘടന നൽകുന്ന സ്പേസ് എന്താണ്. സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താമോ?**

ഫൊക്കാന എന്ന് പറയുമ്പോൾ പ്രതീക്ഷയും, അഭിമാനവുമായ എന്നും ഒപ്പമുള്ള ഒരു സൗഹൃദ പ്രസ്ഥാനമാണ്. ഫൊക്കാന 43 വർഷങ്ങൾ പിന്നിടുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രവാസി സംഘടനയാണ്. എന്നെ സംബന്ധിച്ച് വ്യക്തിപരമായ ഒരു സന്തോഷം പങ്കുവെയ്ക്കുവാനുള്ളത് ഫൊക്കാനയ്ക്കൊപ്പം ഭൂരിഭാഗം സമയത്തും ഒപ്പം നിന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്. ഫൊക്കാനയിലേക്ക് കടന്നു വരുന്ന ഒരാൾക്ക് ഈ സംഘടന നൽകുന്ന ഒരു സ്പേസ് ഉണ്ട്. അത് അവരുടെ വളർച്ചയ്ക്കായി നൽകുന്ന ഇടമാണ്. അത് ഒരു പ്രവർത്തകന് ലഭിക്കുന്ന അംഗീകാരം കൂടിയാണ്. ഫൊക്കാനയ്ക്കൊപ്പം ഒരു സജീവ പ്രവർത്തകനായി എന്നും ഒപ്പമുണ്ടാകും. അമേരിക്കൻ മലയാളി സംഘടനകളിലെ ഏറ്റവും പ്രബലവും കരുത്തുമായ സംഘടന ഇപ്പോൾ ഡോ. സജിമോൻ ആന്റണിയുടെയും, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ഒപ്പം ട്രഷററായി പ്രവർത്തിക്കുവാൻ സാധിച്ചത് ഒരു അനുഭവം ആയിരുന്നു. ഈ നേതൃത്വത്തിൽ കൂടുതൽ ശക്തിയാർജ്ജിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ് ഫൊക്കാന.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് നിർണ്ണായക പങ്കു വഹിച്ചത് പ്രവാസി മലയാളികളാണ്. അതിൽ ഫൊക്കാനയുടെ പങ്ക് ചെറുതല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവാസി സംഘടനകൾ ഉണ്ടെങ്കിലും ഫൊക്കാനയോളം ജനകീയതയുള്ള മറ്റൊരു സംഘടന ഇല്ല എന്ന് പറയാം. ഫൊക്കാനയുടെ തുടക്കം മുതൽ ഇന്നുവരെ നൂറുകണക്കിന് വീടുകൾ നിർദ്ധനരായ കുടുംബങ്ങൾക്ക് ഫൊക്കാന നൽകിയിട്ടുണ്ട്. അത് ഇത്തവണ ശ്രീകുമാർ ഉണ്ണിത്താന്റെ ഭാര്യയുടെ ഓർമ്മകളിൽ ഫൊക്കാന വില്ലേജായി മാറുന്നു. അത് വലിയ അഭിമാനമാണ്. ഇത്തരം സദ് പ്രവർത്തികളിലൂടെയാണ് ഫൊക്കാന കടന്നു പോകുന്നത്. അതാണ് ഫൊക്കാന ജനങ്ങൾക്കും ഞങ്ങൾക്കും നൽകുന്ന സ്പേസ്.

അമേരിക്കൻ മലയാളികളുടെ മഹാസംഘടനയായ ഫൊക്കാന (Federation of Kerala Aossciations in North America)യുടെ 2024 - 2026 കാലയളവിലേക്കുള്ള ട്രഷററായി ജോയി ചാക്കപ്പനെ തെരഞ്ഞെടുത്തത്, ഒരു മികച്ച നേതാവിന് അമേരിക്കൻ മലയാളികൾ നൽകിയ വലിയ അംഗീകാരം കൂടിയാണ്. കൊരട്ടിയിൽ നിന്നാരംഭിച്ച് ന്യൂജേഴ്സിയിലെ മലയാളി സമൂഹത്തിന്റെ തിരക്കുള്ള സാംസ്കാരിക ജീവിതത്തിലേക്ക്, പിന്നീട് ഫൊക്കാനയുടെ ട്രഷറർ പദവിയിലേക്ക്, തന്റെ ജീവിതയാത്രയിൽ അദ്ദേഹം എത്തിപ്പിടിച്ചതെല്ലാം ഇപ്പോഴും മനുഷ്യ ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. മാതൃഭൂമിയുടെ ആത്മാവും അമേരിക്കൻ ഭൂമിയുടെ സംരക്ഷണവുമുള്ള ഒരു നേതാവായി ജോയി ചാക്കപ്പൻ ഫൊക്കാനയുടെ കാഴ്ചപ്പാടിന് അതുല്യമായ സംഭാവനകളുമായി മുന്നോട്ട് പോകുന്നു. ജോയി ചാക്കപ്പൻ ഫൊക്കാനയ്ക്ക് ഒരു നേട്ടം മാത്രമല്ല. എല്ലാവർക്കും മാതൃകയുമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

# ഓരത്തേൽ ഫൗണ്ടേഷന്റെ 'ഗുരുരത്ന' പുരസ്കാരം കാനായിക്ക് സമർപ്പിച്ചു

കാഞ്ഞങ്ങാട്: കാനായിക്കവിതകളും അനുഭവങ്ങളും ഒത്തുചേർന്ന് ശില്പിയുടെ വീട്ടിലൊരു സുദിനം. കോട്ടയത്തുനിന്നടക്കം ശില്പി കാനായി കുഞ്ഞിരാമന്റെ സുഹൃത്തുക്കളും ഇഷ്ടക്കാരുമെത്തിയ ചടങ്ങിൽ അണക്കര ചെല്ലാർകോവിൽ ഓരത്തേൽ ബെന്നി ജോസഫിന്റെ ഓർമ്മയ്ക്കായി ഓരത്തേൽ ഫൗണ്ടേഷനും കോട്ടയത്തെ വര ആർട്ട് ഗാലറിയും ചേർന്ന് ഏർപ്പെടുത്തിയ പ്രഥമ 'ഗുരുരത്ന' പുരസ്കാരം അദ്ദേഹത്തിന് സമ്മാനിച്ചു. ശില്പിയുടെ ജീവിതത്തിന്റെ ഊർജസ്രോതസ്സായ ഭാര്യ നളിനി കാനായിയെയും ചടങ്ങിൽ ആദരിച്ചു.

തുടർന്ന് എല്ലാവരും ചേർന്ന് കാനായിയോടൊപ്പം അദ്ദേഹം കാസർഗോഡ് ജില്ലാ പഞ്ചായത്തിന് മുൻപിൽ ഒരുക്കുന്ന 'അമ്മയും കുഞ്ഞും' ശില്പം കാണാൻ പോയി. 40 അടി വലുപ്പമുള്ള ശില്പത്തിന് 'വിക്ടിംസ്,' 'സ്വാതന്ത്ര്യം' എന്നിങ്ങനെ പേരു നൽകിയതായി കാനായി വ്യക്തമാക്കി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാബു ഏബ്രഹാമും പങ്കെടുത്തു. കാനായിയുടെ ചിത്രങ്ങൾ സംരക്ഷിക്കണമെന്ന ക്യുറേറ്റർ മാത്യൂസ് ഓരത്തേലിന്റെ അഭിപ്രായത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സന്തോഷപൂർവം സ്വാഗതം ചെയ്തു. കാനായിയുടെ ശില്പങ്ങൾ പോലെ ചിത്രങ്ങൾക്കും വലുപ്പം കൂടുതലായതിനാൽ 3500 സ്ക്വയർ ഫീറ്റുള്ള കെട്ടിടം ഇതിനാവശ്യമാണ്.

കേരളത്തിലുടനീളം വമ്പൻ ശില്പങ്ങൾ നിർമ്മിച്ച കാനായി നവതിയോടടുക്കുന്ന ഈ പ്രായത്തിലും ശാരീരിക ക്ലേശങ്ങളെ വകവയ്ക്കാതെ ശില്പനിർമാണത്തിൽ ഏർപ്പെടുമ്പോൾ അദ്ദേഹത്തിന് ഇതുവരെ പത്മശ്രീ പോലുള്ള പുരസ്കാരങ്ങൾ ലഭിച്ചിട്ടില്ല എന്നത് സാംസ്കാരിക കേരളത്തിന് അപമാനമാണെന്നും ശില്പി കോട്ടയത്തേക്ക് മടങ്ങിവരണമെന്നുമാണ് ആഗ്രഹമെന്ന് ചടങ്ങിന്റെ ക്യുറേറ്റർ മാത്യൂസ് ഓരത്തേൽ പങ്കുവച്ചു. കോട്ടയത്തമ്മയുടെ തണലിലാണ് കോട്ടയത്തുകാർ ജീവിക്കുന്നതെന്ന് എഴുത്തുകാരൻ ഫാ. ഡോ. കെ.എം. ജോർജ് പറഞ്ഞു. കോട്ടയം പബ്ലിക് ലൈബ്രറിക്ക് മുൻപിലെ കാനായിയുടെ അക്ഷരശില്പത്തെയാണ് അദ്ദേഹം ഇങ്ങനെ വിശേഷിപ്പിച്ചത്.

25,000 രൂപയും ശില്പവും അടങ്ങുന്ന അവാർഡ് കാനായിക്ക് സമ്മാനിച്ചു. പുരസ്കാരത്തുക ചടങ്ങിൽവച്ചു തന്നെ മലപ്പച്ചേരി ന്യൂ മലബാർ ചാരിറ്റബിൾ ട്രസ്റ്റിന് കാനായി കൈമാറി.

വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റ്, സുകുമാർ അഴീക്കോട് ട്രസ്റ്റ് എന്നിവയുടെ സെക്രട്ടറിയും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ഡോ. പോൾ മണലിൽ, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ സെക്രട്ടറിയും എഴുത്തുകാരനും സീനിയർ ജേർണലിസ്റ്റുമായ തേക്കിൻകാട് ജോസഫ്, മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്ന കാനായിയുടെ ആത്മകഥ എഴുതുന്ന പി. സുധാകരൻ, എഴുത്തുകാരൻ സുകുമാരൻ പെരിയച്ചൂർ, ചിത്രകാരൻ രമേശ് കെ. കണ്ണൻ, സാംസ്കാരിക പ്രവർത്തകൻ അശോക് കുമാർ കോട്ടയം എന്നിവർ പ്രസംഗിച്ചു.

കാനായിയുടെ കവിത ആലപിച്ച കോട്ടയം കുമാരനല്ലൂർ ലീല കമ്മ്യൂണിറ്റി സ്കൂളിലെ വിദ്യാർത്ഥികളായ വേദസ്സ്, പവിത്ര കൃഷ്ണ എന്നിവർക്ക് കാനായി സ്നേഹോപഹാരം നൽകി.

കേരളത്തിലെ ഗുരുതുല്യരായവർക്ക് എല്ലാ വർഷവും നല്കുന്ന ഈ പുരസ്കാരം അവരുടെ വസതിയിലെത്തി സമർപ്പിക്കുന്ന രീതിയാണ് ഗുരുരത്ന പുരസ്കാരത്തെ വ്യത്യസ്തമാക്കുന്നതെന്ന് ഓരത്തേൽ ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു.



അണക്കര ചെല്ലാർകോവിൽ ഓരത്തേൽ ബെന്നി ജോസഫിന്റെ ഓർമയ്ക്കായി ഓരത്തേൽ ഫൗണ്ടേഷനും കോട്ടയത്തെ വര ആർട് ഗാലറിയും ചേർന്ന് ഏർപ്പെടുത്തിയ പ്രഥമ ഗുരുരത്ന പുരസ്കാരം കാനായി കുഞ്ഞിരാമന് സമർപ്പിച്ചപ്പോൾ.




## ഐകെസിസി ഗോൾഡൻ ജൂബിലി മെഗാ മാർഗ്ഗംകളി

**സാബു തടിപ്പുഴ**

ന്യൂയോർക്ക്: ന്യൂയോർക്കിലെ ഇന്ത്യൻ ക്നാനായ കത്തോലിക്കാ കമ്യൂണിറ്റിയുടെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് മെഗാ മാർഗ്ഗംകളി അരങ്ങേറുന്നു. ഏപ്രിൽ പതിനെട്ടിന് ശനിയാഴ്ച നടക്കുന്ന ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ക്നാനായ വിമൻസ് അസോസിയേഷൻ നേതൃത്വം നല്കുന്ന ക്നാനായ മങ്കമാർ അടുക്കും കുണുക്കുമായി മാർഗ്ഗംകളി പാട്ടിനു ചുവടുവെച്ച് മാർഗ്ഗം കളിക്കുന്നു.

ക്നാനായക്കാരുടെ മാത്രം തനതു കലയായ മെഗാ മാർഗ്ഗംകളിയിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. പരിപാടികൾക്ക് രെഞ്ജു പെരുമ്പളത്ത്, സെഫി മുപ്രാപ്പള്ളിയിൽ, മേരിക്കുഞ്ഞ് കാനാട്ട്, മീര മണിമല, സൗമ്യ കോയിത്തറ, നിറ്റാ കിടാരത്തിൽ എന്നിവർ കോ-ഓർഡിനേറ്റേഴ്സാണ്.

# ഡാളസ് വിമൻസ് മിനിസ്ട്രി വനിതാദിനം ആഘോഷിച്ചു



ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇന്റർനാഷണൽ വനിതാ ദിനാഘോഷം വിപുലമായ പരിപാടികളോടെ മാർച്ച് 8-ന് ഞായറാഴ്ച നടത്തപ്പെട്ടു.

അന്നേദിവസം വനിതകൾ കൃതജ്ഞതാ ബലിക്കുശേഷം സ്ത്രീകളിൽ അനുഗൃഹീതയായ പരിശുദ്ധ അമ്മയ്ക്ക് കാഴ്ചസമർപ്പണം നടത്തപ്പെട്ടു. തുടർന്ന് ഇടവകയിലെ ഏറ്റവും മുതിർന്ന വനിതയായ നൈത്തി ചക്കുങ്കലിനെ വനിതകൾ ഒന്നുചേർന്ന് പ്രത്യേകം ആദരിച്ചു.

അന്നേദിവസം വനിതകൾക്ക് മെന്റൽ ഹെൽത്ത് എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഷൈനി ഏബ്രഹാം നിരപ്പേൽ സെമിനാർ നടത്തി.

**ജോക്കുട്ടി മേലേടത്ത്**

വനിതാ ദിനത്തോടനുബന്ധിച്ച് വനിതകൾക്കായി വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

നോമ്പുകാല ചൈതന്യത്തിൽ മിഷണറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സുമായി സഹകരിച്ച് പാവപ്പെട്ടവർക്കു വേണ്ട അവശ്യ സാധനങ്ങൾ ശേഖരിച്ച് അവർക്കായി വനിതാദിനത്തിൽ നല്കപ്പെട്ടു.

വിമൻസ് മിനിസ്ട്രി പ്രസിഡണ്ട് സിൽവി നടക്കുഴയ്ക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ, ആൽഫി പവ്വത്തേൽ, ജോസി ക്ലാക്കിൽ, റാണി ചോരത്ത്, അനില പാലുത്തറ, ജോമിനി ചാമക്കാല, ജെസിൽ മാങ്ങാച്ചാലിൽ, ജോതിസ് കരിങ്ങനാത്ത്, മാത്യു പ്ലാക്കാട്ടിൽ, റ്റീന കുഴിപ്പിൽ, സിസ്റ്റർ അഡൈ്വസർ സിസ്റ്റർ സബിത എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.



# ഹൂസ്റ്റൺ ക്നാനായ ഇടവക അരുണാചലിൽ നാല് പള്ളികളും ഒരു സ്കൂളും നിർമ്മിച്ചു നല്കി

**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് ഫൊറോന ഇടവകയുടെയും ഈ ഇടവകാംഗങ്ങളായ വിവിധ കുടുംബങ്ങളുടെയും നേതൃത്വത്തിൽ അരുണാചൽ പ്രദേശിലെ മിയാവ് രൂപതയിൽ നാല് ദൈവാലയങ്ങളും ഒരു വിദ്യാലയവും നിർമ്മിച്ചു നല്കി. തിരുസഭയുടെ മഹാജൂബിലി വർഷമായ 2025-ന്റെ ഭാഗമായാണ് മിഷൻ രൂപതയെ സഹായിക്കുന്ന ഈ ബൃഹത്തായ പദ്ധതികൾ പൂർത്തിയാക്കിയത്.

ഇടവക വികാരി ഫാ. അബ്രാഹം മുത്തോലത്ത് വ്യക്തിപരമായി ആറ് ദൈവാലയങ്ങൾ മിയാവ് രൂപതയിൽ നിർമ്മിച്ചു നല്കിയത് ഇടവകാംഗങ്ങൾക്ക് വലിയ പ്രചോദനമായി. ഇതേത്തുടർന്ന് വികാരിയുടെ പ്രോത്സാഹനത്തോടെ ഇടവകയിലെ വിവിധ കുടുംബങ്ങൾ മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ മുന്നോട്ടു വരികയായിരുന്നു.

**നിർമ്മിക്കപ്പെട്ട പദ്ധതികളും സ്പോൺസർമാരും:** (1) സെന്റ് മേരീസ് ചർച്ച്- ഇടവകാംഗങ്ങളുടെ പൊതുവായ സഹകരണത്തോടെ, (2) സെന്റ് ജോസഫ്സ് ചർച്ച്- കുര്യൻ & ലീലാമ്മ മൂക്കേട്ട് കുടുംബം, (3) സെന്റ് ജോസഫ്സ് സ്കൂൾ- ജായച്ചൻ & തെരേസ തയ്യിൽ പുത്തൻപുരയിൽ, (4) സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്- ലീലാമ്മ ഫ്രാൻസിസ് ഇല്ലിക്കാട്ടിൽ, (5) കോർപ്പസ് ക്രിസ്റ്റി ചർച്ച്- മാത്യു കൊഴിയംപറമ്പത്ത്.



ദൈവാലയങ്ങളുടെയും സ്കൂളിന്റെയും വെഞ്ചരിപ്പുകർമ്മം മാർ ജോർജ് പള്ളിപ്പറമ്പിൽ നിർവഹിച്ചു. കോഹിമാ ബിഷപ് മാർ ജെയിംസ് തോപ്പിൽ, ഫാ. ജോൺ വെട്ടിക്കനാൽ ഉൾപ്പെടെ അനവധി വൈദികരും സന്യസ്തരും വിവിധ ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെ നിരവധി വിശ്വാസികളും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ആദിവാസി സമൂഹങ്ങളുടെ ആകർഷകമായ കലാരൂപങ്ങൾ ചടങ്ങുകളുടെ മാറ്റ് വർദ്ധിപ്പിച്ചു.







മിയാവ് രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോർജ് പള്ളിപ്പറമ്പിൽ സ്പോൺസർമാരുടെ ഉദാരമായ സംഭാവനകളെയും ഫാ. അബ്രാഹം മുത്തോലത്തിന്റെ നേതൃത്വത്തെയും അഭിനന്ദിക്കുകയും നന്ദിയർപ്പിക്കുകയും ചെയ്തു. പള്ളികളുടെയും സ്കൂളുകളുടെയും വെഞ്ചരിപ്പുകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനായി ഇടവകാംഗങ്ങളുടെ ഒരു സംഘം വടക്കു കിഴക്കൻ ഇന്ത്യയിലേക്ക് മിഷൻ തീർത്ഥാടനം നടത്തി.

യേശുവിന്റെ സുവിശേഷം ലോകമെമ്പാടും എത്തിക്കുക എന്ന സഭയുടെ പ്രാഥമിക ദൗത്യത്തിൽ മിഷൻ പ്രവർത്തനങ്ങൾക്ക് വലിയ പങ്കുണ്ട്. സാമ്പത്തികമായും ഭൗതികമായും പിന്നാക്കം നിൽക്കുന്ന മിഷൻ മേഖലകളെ സഹായിക്കുന്നത് വെറും ജീവകാരുണ്യ പ്രവർത്തിയല്ല. മറിച്ച്, ക്രിസ്തുവിന്റെ സാക്ഷികളാകാനുള്ള വിശ്വാസികളുടെ ഉത്തരവാദിത്വമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സഭയുടെ സ്നേഹവും പ്രകാശവും അന്യനാടുകളിലെ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നു എന്ന് വികാരി ഫാ. അബ്രാഹം മുത്തോലത്ത് പ്രസ്താവിച്ചു. സ്പോൺസർമാർക്ക് അദ്ദേഹം നന്ദി അർപ്പിക്കുകയും ഇത്തരം സേവനം മറ്റുള്ളവർക്കു പ്രചോദനമാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.























# സീറോമലബാർ ജൂബിലി കൺവൻഷനിൽ ഡോ. എഡ്വേർഡ് ശ്രീ മുഖ്യപ്രഭാഷകൻ

ജോർജ് അമ്പാട്ട്

ചിക്കാഗോ: ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സീറോമലബാർ ജൂബിലി കൺവൻഷൻ 2026 ജൂലൈ മാസത്തിൽ നടക്കും. ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററാണ് ഈ മഹാസംഗമത്തിനു വേദിയാകുന്നത്. ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ഈ സംഗമത്തിൽ മുഖ്യ ആകർഷണമായി പ്രശസ്ത ദൈവശാസ്ത്രജ്ഞനും ഗ്രന്ഥകാരനും വാഗ്മിയുമായ ഡോ. എഡ്വേർഡ് ശ്രീ മുഖ്യപ്രഭാഷണം നടത്തും.

പ്രഭാഷണവിഷയം 'The Good, the Messy and the Beautiful' (ജീവിതത്തിലെ നന്മകളും പ്രതിസന്ധികളും ദൈവകൃപയും) ജൂലൈ 10-ന് വൈകുന്നേരം 4 മണിക്ക് ഡോ. എഡ്വേർഡ് ശ്രീ സംസാരിക്കും.

ദൈവകൃപയെക്കുറിച്ചും യഥാർത്ഥ ജീവിതാനുഭവങ്ങളെക്കുറിച്ചുമുള്ള ആഴമേറിയ ചിന്തകൾ പങ്കുവെക്കുന്ന ഈ സെഷൻ വിശ്വാസികൾക്ക് ഏറെ പ്രചോദനകരമായിരിക്കും. രൂപതയുടെ 25 വർഷത്തെ പ്രയാണം ആഘോഷിക്കുന്ന ഈ കൺവൻഷനിൽ വിവിധ ആത്മീയ-സാംസ്കാരിക പരിപാടികൾ ഉണ്ടായിരിക്കും.

ജൂബിലി ആഘോഷങ്ങളോടൊപ്പം തന്നെ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നതായിരിക്കും. വിശ്വാസക്കൂട്ടായ്മയുടെ പ്രതീകമായ ഈ കൺവൻഷൻ കഴിഞ്ഞ 25 വർഷങ്ങളായി അമേരിക്കയിൽ സീറോമലബാർ സഭ കൈവരിച്ച ആത്മീയ വളർച്ചയും ദൈവകൃപയും ഓർക്കുന്നതിനോടൊപ്പം ഭാവിയെ വിശ്വാസത്തോടും പ്രതീക്ഷയോടെയും നോക്കിക്കാണുന്നതിനുള്ള വേദിയാവുകയാണ് ഈ മഹാകൺവൻഷൻ. ദിവസേനയുള്ള ദിവ്യബലി, ആരാധന എന്നിവയ്ക്കൊപ്പം ആഴമുള്ള വിഷയാവതരണങ്ങൾ കുടുംബ-യുവജന സെഷനുകൾ. സംഘടനാ കൂട്ടായ്മകൾ, കലാപരിപാടികൾ, മത്സരങ്ങൾ എന്നിവയും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നു.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിലായി കഴിയുന്ന എല്ലാ സീറോമലബാർ വിശ്വാസികളും ഈ വിശ്വാസസംഗമത്തിലേക്ക് എത്തണമെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തന്റെ സന്ദേശത്തിൽ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.




# ഗാർലൻഡിൽ വനിതാസമ്മേളനം മാർച്ച് 21-ന്, ബെറ്റ്സി തോമസ് മുഖ്യപ്രഭാഷക

പ്രസാദ് തീയാടിക്കൽ

ഗാർലൻഡ്: മൗണ്ട് സീനായ് ചർച്ച് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ ഗാർലൻഡിൽ വനിതാ സമ്മേളനം സംഘടിപ്പിക്കുന്നു. മാർച്ച് 21-ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ 5313 Robin Road, Garland, Texas എന്ന വിലാസത്തിലുള്ള സഭയിൽ സമ്മേളനം നടക്കും. 'ചെറിയ കാര്യങ്ങളുടെ ദിവസത്തെ നിരസിച്ചവൻ ആര്?' എന്ന സന്ദേശം അടിസ്ഥാനമാക്കി വചനത്തെ ആസ്പദമാക്കി ആത്മീയ സന്ദേശങ്ങൾ പങ്കുവെക്കുന്നതായിരിക്കും.




സമ്മേളനത്തിൽ മുഖ്യപ്രഭാഷകയായി സിസ്റ്റർ ബെറ്റ്സി തോമസ് പങ്കെടുക്കും. സമ്മേളനത്തിന്റെ കോ-ഓർഡിനേറ്ററായി സിസ്റ്റർ സുധാ വിൽഫ്രെഡ് പ്രവർത്തിക്കുന്നു. സിസ്റ്റർ സുജാ മാത്യു സമ്മേളനത്തിന്റെ കൺവീനറാണ്. ആരാധനയ്ക്ക് MSCOG Choir നേതൃത്വം നല്കും. ആത്മീയ ഉണർവ്വിനും സഹവാസത്തിനുമായി വനിതകളെ സമ്മേളനത്തിൽ പങ്കെടുക്കാൻ സംഘാടകർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: സിസ്റ്റർ സുജാ മാത്യു 469 360 5742, സിസ്റ്റർ സുധാ വിൽഫ്രെഡ് 972 834 4646.

# ക്നാനായ റീജിയൻ വിവാഹ ഒരുക്ക കോഴ്സ് സമാപിച്ചു

റോയി ചേലമലയിൽ

ചിക്കാഗോ: ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയിലെ ക്നാനായ റീജിയന്റെ നേതൃത്വത്തിൽ വിവാഹ ഒരുക്ക കോഴ്സ് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽവെച്ച് മാർച്ച് മാസം ആറ് മുതൽ എട്ട് വരെ തീയതികളിൽ നടത്തപ്പെട്ടു.



അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും കാനഡയിൽനിന്നും നിരവധി യുവതീയുവാക്കൾ ഈ കോഴ്സിൽ പങ്കെടുത്തു.

ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ, മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, ഫാ. ബിപി തറയിൽ, ഫാമിലി കമ്മീഷൻ കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിൽ, ബെന്നി കാഞ്ഞിരപ്പാറ, ജയ കുളങ്ങര, അജിമോൾ പുത്തൻപുരയിൽ, ആൻസി ചേലക്കൽ, ഷിബു ആൻഡ് നിമിഷ കളത്തികൊട്ടിൽ, ലിനു പടിക്കപ്പറമ്പിൽ, സിനു സുനിൽ കണ്ണാരത്തിൽ തുടങ്ങിയവർ വൈവാഹിക ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട നിരവധി വിഷയങ്ങളെകുറിച്ച് ക്ലാസുകൾ എടുത്തു.

തങ്ങൾ ആരംഭിക്കുവാൻ പോകുന്ന കുടുംബ ജീവിതവിജയത്തിന് ഈ കോഴ്സിലൂടെ നേടിയ അറിവുകൾ ഒരു മുതൽകൂട്ടായിരിക്കും എന്ന് പങ്കെടുത്ത യുവജനങ്ങൾ അഭിപ്രായപ്പെട്ടു.

വികാരി ജനറൽ ഫാ. തോമസ് മുളവനാൽ സമാപന കുർബാനക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

യുവജനങ്ങളെ പ്രതിനിധീകരിച്ച് നീൽ എടാട്ട്, തുഷാര കൊരട്ടിയിൽ എന്നിവർ സംസാരിച്ചു. മൂന്നു ദിവസത്തെ ഈ ക്യാമ്പിന്റെ വിജയത്തിനായി അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, സി. ശാലോം, സി. സിൽവേറിയസ്, കൈക്കാരന്മാരായ സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവർ നേതൃത്വം നൽകി.

# ചിക്കാഗോ മലയാളി അസോസിയേഷൻ ന്യൂസ്മീഡിയ സെമിനാർ വൻവിജയം



**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ന്യൂസ്മീഡിയ സെമിനാർ വൻവിജയമായി. 2026 മാർച്ച് 10-ന് ചൊവ്വാഴ്ച വൈകിട്ട് 8-ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ട സെമിനാറിൽ പങ്കെടുക്കാൻ നൂറുകണക്കിന് ആളുകളാണ് ഒഴുകിയെത്തിയത്.

ചിക്കാഗോ മലയാളി അസോസിയേഷൻ സെക്രട്ടറി ബിജു മുണ്ടക്കൽ സ്വാഗതപ്രസംഗം നടത്തി. പ്രമുഖ മാധ്യമപ്രവർത്തകനും മറുനാടൻ മലയാളി ചീഫ് എഡിറ്ററും ആയ ഷാജൻ സ്കറിയ 'സാമൂഹ്യ മാധ്യമങ്ങളുടെ നേട്ടങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി.

ചിക്കാഗോയിലെ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെയുള്ള മലയാളി സമൂഹം പങ്കെടുത്ത പ്രസ്തുത മാധ്യമ സെമിനാറിൽ തന്റെ ദീർഘമായ മാധ്യമപ്രവർത്തനയാത്രയെക്കുറിച്ച് ഷാജൻ സ്കറിയ വിശദമായി സംസാരിച്ചു. ഇടതുപക്ഷ ആഭിമുഖ്യം മുൻപ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ താൻ ഗാന്ധിയൻ ആശയങ്ങളെയാണ് പിന്തുടരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഒരു മണിക്കൂറോളം നീണ്ട തന്റെ ദീർഘമായ പ്രഭാഷണത്തിൽ ഉടനീളം സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തിക്കൊണ്ട് താൻ മാധ്യമരംഗത്ത് എങ്ങനെയാണ് വളർന്നത് എന്ന് അദ്ദേഹം വ്യക്തമാക്കി. പ്രഭാഷണത്തിന് ശേഷം സദസ്സിന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നല്കി.



തുടർന്ന് അദ്ദേഹത്തിന്റെ നിർഭയമായ പത്രപ്രവർത്തനത്തിന്റെ പേരിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ഫലകം നല്കി അദ്ദേഹത്തെ ആദരിച്ചു. ഫ്രാൻസിസ് കിഴക്കേക്കുറ്റ് അദ്ദേഹത്തെ പൊന്നാട അണിയിച്ചു.

ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ജോസഫ് പിണർക്കയിൽ, തോമസ് ഐക്കരപ്പറമ്പിൽ, ആന്റണി വേളൂർ എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു.

ചിക്കാഗോയിലെ സാമൂഹിക സാംസ്കാരിക, സാമുദായിക സംഘടനാ നേതാക്കൾ, ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ നേതാക്കൾ, ഫൊക്കാന നേതാക്കന്മാർ, ഫോമായുടെ റീജിയണൽ നേതാക്കന്മാർ ഉൾപ്പെടെ നൂറുകണക്കിനു ആളുകൾ പങ്കെടുത്ത യോഗം വൻവിജയമായി. ഇത്രവലിയ ജനക്കൂട്ടം തന്നെ അത്ഭുതപ്പെടുത്തിയെന്ന് ഷാജൻ സ്കറിയ പറഞ്ഞു.

ജോസ് മണക്കാട് ചർച്ചകൾക്ക് നേതൃത്വം നല്കി. അച്ചൻകുഞ്ഞ് മാത്യു പങ്കെടുത്തവർക്കും പരിപാടിയുടെ സ്പോൺസർമാർക്കും കൃതജ്ഞത അർപ്പിച്ചു.












Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase | Jumbo Loan

Refinance | Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER | Illinois Residential Mortgage Licensee

**Joseph Mullappallil**
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



**Shijo Mullappallil**
Attorney at Law
smullapp23@gmail.com
Cell: 847-650-8241

**General Practice including:** Real Estate Law, Wills, Trust Estate Planning, and Contracts

# ബോസ്റ്റൺ പള്ളിയിൽ സീറോ മലബാർ കൺവൻഷൻ കിക്കോഫിന് ആവേശകരമായ പ്രതികരണം

ചിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ ഒൻപത് മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവൻഷന്റെ പ്രചാരണത്തിനും കിക്കോഫിനുമായി ജൂബിലി കൺവീനർ ഫാ. ജോൺ മേലേപ്പുറത്തിനോടൊപ്പം സെന്റ് തോമസ് സീറോ മലബാർ ദേവാലയം സന്ദർശിച്ച കൺവൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നൽകി.

ബീനാ വള്ളിക്കളം

ഫാ. ജോൺ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷനിലേക്ക് ഏവരെയും ഹാർദ്ദവമായി ക്ഷണിച്ചു.






നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവൻഷൻ പരിപാടികളുടെ രൂപരേഖ കൺവൻഷൻ ചെയർമാൻ ബിജി സി. മാണി അവതരിപ്പിച്ചു. ബിസിനസ് മാർക്കറ്റിംഗ് കോ-ഓർഡിനേറ്റർ സന്തോഷ് കാട്ടൂക്കാരനും ഇടവകാംഗങ്ങളുമായി ആശയവിനിമയം നടത്തി. ഇടവകയിൽ നിന്നുള്ള ട്രസ്റ്റിമാരും കൺവൻഷൻ പ്രതിനിധികളും മനോഹരമായ കൺവൻഷൻ കിക്കോഫിന് നേതൃത്വം നൽകി. നേതൃത്വം നൽകിയ വർഗീസ് യോഹന്നാൻ, സാജു സിറിയക്ക്, ബോണസ് വർഗീസ്, ഡെപിൻ സുജ, ജോ കൈതമറ്റം എന്നിവർക്ക് കൺവൻഷൻ ടീം പ്രത്യേകം നന്ദി പറഞ്ഞു. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവൻഷൻ ടീമിന് വലിയ ആവേശം പകർന്നു. ഇടവക വികാരി ഫാ. ഡിജോ കോയിക്കര ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു.

ചിക്കാഗോയിലെ അതിപ്രശസ്തവും മനോഹരമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലും (McCormick Place) അതിനോട് ചേർന്ന മൂന്ന് ഹോട്ടലുകളിലും ആയിട്ടാണ് സീറോ മലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്.

ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച അഭൂതപൂർവ്വമായ വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ ഈ മഹാസമ്മേളനം, ഏവർക്കും ഒന്നിച്ചു ചേരാനും സൗഹൃദങ്ങൾ പുതുക്കുവാനും ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കുവെക്കുവാനും പ്രവാസി ലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനും ഉള്ള ഒരു അവസരം ആയിരിക്കും.



ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിവിധ രംഗങ്ങളിൽ നിന്നുള്ള വിദഗ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും സംഘടനാ കൂട്ടായ്മകളും കേരളത്തിൽനിന്നുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന കലാപരിപാടികളും മത്സരങ്ങളും ഒരുക്കിയിരിക്കുന്നു.

യുവജനങ്ങളെയും മുതിർന്നവരെയും ഒരുപോലെ പങ്കാളികളാക്കി നടത്തുന്ന ഈ വിശ്വാസ കൂട്ടായ്മയിൽ അമേരിക്കയിൽ അങ്ങോളമിങ്ങോളം ഉള്ള എല്ലാ സീറോ മലബാർ വിശ്വാസികളും വന്നുചേരണമെന്നാണ് താൻ കാംക്ഷിക്കുന്നതെന്ന് ഇടവക അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് രൂപതയിൽ ഏവർക്കും ഉള്ള സന്ദേശത്തിൽ അറിയിക്കുകയുണ്ടായി.

ഓരോ പള്ളിയിലും അവരുടെ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ നടത്തുവാനുള്ള പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നേറുന്നു. കൺവൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നതുവഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു. ഈ സംയോജിത ശ്രമം കൂടുതൽ വിശ്വാസികളെ കൺവൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രതീക്ഷിക്കുന്നു.

ബോസ്റ്റൺ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.


# ഇന്ത്യയിലെ ആദ്യ ദയാവധത്തിന് സുപ്രീംകോടതി അനുമതി

ന്യൂഡൽഹി: സുപ്രീംകോടതിയുടെ അനുമതിപ്രകാരം നിഷ്ക്രിയ ദയാവധം (പാസിവ് എത്തനേസ്യ) വരിക്കുന്ന ഇന്ത്യയിലെ ആദ്യവ്യക്തിയായി 32-കാരൻ ഹരീഷ് റാണ. 13 വർഷമായി അബോധാവസ്ഥയിൽ കോമയിൽ കഴിയുന്ന ഹരീഷ് റാണയ്ക്കു ദയാവധം അനുവദിക്കണമെന്നാവശ്യപ്പെട്ടു മാതാപിതാക്കൾ സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ രണ്ടംഗ ബെഞ്ചിന്റെ നടപടി. അന്തസോടെ മരിക്കാനുള്ള മൗലികാവകാശം അംഗീകരിച്ചുകൊണ്ട് ഹരീഷ് റാണയുടെ ജീവൻ നിലനിർത്താൻ ഉപയോഗിച്ചിരിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ നീക്കംചെയ്യാൻ ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു. ജീവൻ നിലനിർത്താൻ ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ നീക്കം ചെയ്തുകൊണ്ടുള്ള നിഷ്ക്രിയ ദയാവധമാണ് ഇന്ത്യയിൽ അനുവദനീയം. വിഷയത്തിൽ സുപ്രീംകോടതി നിയോഗിച്ച രണ്ടു മെഡിക്കൽസംഘവും ഹരീഷ് റാണ ജീവിതത്തിലേക്കു തിരിച്ചുവരില്ലെന്നു സാക്ഷ്യപ്പെടുത്തിയതോടെയാണ് ദയാവധത്തിനു കോടതി അനുമതിനൽകിയത്. ഹരീഷിനെ എയിംസിന്റെ പാലിയേറ്റീവ് കെയർ സെന്ററിലേക്കു മാറ്റിയ ശേഷമായിരിക്കണം ജീവൻ നിലനിർത്തുന്ന മെഡിക്കൽ ഉപകരണം നീക്കംചെയ്യേണ്ടതെന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കി. ഇതോടൊപ്പം ചില പൊതുനിർദേശങ്ങളും കോടതി പുറപ്പെടുവിച്ചു. ദയാവധം ആഗ്രഹിക്കുന്ന ഒരാൾക്കു പ്രൈമറി മെഡിക്കൽ ബോർഡും ജീവൻരക്ഷാ ഉപകരണങ്ങൾ പിൻവലിക്കാനോ നിർത്തലാക്കാനോ ഏകകണ്ഠമായി തീരുമാനത്തിലെത്തിയാൽ എല്ലാ ജുഡീഷൽ മജിസ്ട്രേറ്റുമാർക്കും അതത് ആശുപത്രികളിൽനിന്ന് അറിയിപ്പുകൾ സ്വീകരിക്കാൻ എല്ലാ സംസ്ഥാനങ്ങളിലെയും ഹൈക്കോടതികൾ നിർദേശങ്ങൾ നൽകണമെന്ന് കോടതി ഉത്തരവിട്ടു. ചണ്ഡീഗഡിൽ സിവിൽഎഞ്ചിനിയറിംഗിനു പഠിക്കവെ 2013-ൽ ഹോസ്റ്റൽകെട്ടിടത്തിന്റെ 4-ാം നിലയിൽനിന്നു വീണാണു ഹരീഷിനു സാരമായി പരുക്കേറ്റത്. തലയ്ക്കു ഗുരുതര പരുക്കേറ്റതോടെയാണ് ഹരീഷ് കോമയിലായത്.



ഹരീഷ് റാണയുടെ പഠനകാലത്തെ ചിത്രവും നിലവിലെ അവസ്ഥയും.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# പെന്തെക്കോസ്ത് സഭാ വിഭാഗത്തിന് രാഷ്ട്രീയ നേതൃത്വം അനുയോജ്യമാണോ?


**രാജു തരകൻ**

ഇന്ത്യയിൽ ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. നമ്മൾ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ അവർ ജനങ്ങൾക്ക് സ്വീകാര്യതയുള്ളവരായി സദാചാര മൂല്യങ്ങൾക്കും സാധാരണ ജനങ്ങൾക്കു വേണ്ടിയും നിലനിൽക്കുമെന്നുമാണ് പൊതുജനങ്ങളുടെ പ്രതീക്ഷ. ജനസേവനത്തിനു വേണ്ടി ജീവിതം സമർപ്പിച്ച് രാഷ്ട്രീയ പ്രവർത്തനത്തിൽ കൂടി എംഎൽഎയും മന്ത്രിയും അതിലുപരി ഉന്നത പദവികൾ അലങ്കരിച്ചവർ നിരവധിയാണ്. അടുത്ത സമയത്ത് ഒരു ജനകീയ കൺവൻഷൻ പ്രസംഗകൻ തന്റെ പ്രസംഗത്തിൽ നിങ്ങളും രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് ഭരണത്തിൽ വരണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വിളിയും ദർശനവും ഇല്ലാതെയുള്ള പ്രസംഗകരിലാണ് ഇത്തരത്തിലുള്ള ആഹ്വാനങ്ങൾ ഉയർന്നുവരുന്നത്. ഇവിടെയാണ് ദൈവം നമ്മെ എന്തിനാണ് വിളിച്ചിരിക്കുന്നത് എന്നതിന് പ്രസക്തി ഉദിക്കുന്നത്.

അപ്പോസ്തലനായ പൗലോസ് റോമയിലെ വിശുദ്ധന്മാർക്ക് ലേഖനം എഴുതുമ്പോൾ, ഏതു മനുഷ്യനും ശ്രേഷ്ഠ അധികാരങ്ങൾക്ക് കീഴടങ്ങിയിരിപ്പിപ്പാനാണ് ആവശ്യപ്പെടുന്നത്. ദൈവത്താൽ അല്ലാതെ ഒരു അധികാരവും ഇല്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. (റോമർ 13:1,2) അധികാരം ദൈവത്താൽ ആണ് ലഭ്യമാകുന്നത്. നമ്മെ ഭരിക്കുന്നവർ ദൈവിക അനുവാദത്തോടു കൂടിയാണ് ഭരണം നിർവഹിക്കുന്നത്. അതുപോലെ പെന്തെക്കോസ്ത് സമൂഹത്തിന് സഭാ പരിപാലനത്തിന് ശുശ്രൂഷകരെ നല്കിയതും ദൈവമാകുന്നു. ആയതുകൊണ്ട് സഭാശുശ്രൂഷകർ ദൈവികനിയോഗപ്രകാരം ചെയ്യുന്ന എല്ലാ ശുശ്രൂഷകളും വിശ്വാസികൾ ചോദ്യം ചെയ്യാതെ അനുസരിക്കേണ്ടതുമാകുന്നു.

യിസ്രായേൽ ജനത്തെ ഭരിക്കുവാൻ ദൈവം അവർക്ക് ന്യായാധിപന്മാരെയും രാജാക്കന്മാരെയും നല്കിയിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അവരിൽ പ്രധാനപ്പെട്ട രണ്ട് ഭരണാധികാരികളായിരുന്നു ജോസപ്പും ഡാനിയേലും. ഈ രണ്ട് വ്യക്തിത്വങ്ങളും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഭക്തന്മാരായിരുന്നു. ജോസഫ് ജീവിതത്തിൽ ചെയ്യാത്ത തെറ്റിന് തടവറയിൽ അടയ്ക്കപ്പെട്ടെങ്കിലും താൻ ദൈവമുമ്പാകെ വിശ്വസ്തൻ ആകയാൽ അധികാരസ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെട്ടു. തടവറയിൽ ആയിരുന്നപ്പോഴും താൻ സഹതടവുകാരുടെ മേൽനോട്ടക്കാരനായി രാജാവ് നിയമിച്ചു. (ഉല്പത്തി 39-ന്റെ7–20) ജോസഫിനു ലഭിച്ച അപ്രതീക്ഷിത പദവി ആയിരുന്നു ഇത്. പ്രത്യുത ജോസഫ് ചോദിച്ചു വാങ്ങിയ പദവിയല്ലായിരുന്നു ഇത്. ഇതുപോലെ ആയിരിക്കണം എല്ലാ പെന്തെക്കോസ്ത് ജനങ്ങളുടെയും മനോഭാവം.


വിശ്വാസികൾക്ക് എല്ലാം മാതൃകയായി ജീവിതം നയിച്ച മറ്റൊരു ദൈവഭക്തനായിരുന്നു ഡാനിയേൽ. ഡാനിയേൽ എന്നപേരിന്റെ അർത്ഥം ദൈവം ന്യായാധിപതി എന്നാകുന്നു. പ്രവാസജനതയ്ക്ക് എന്നും ഒരു മാതൃകാ നായകനാണ് ഡാനിയേൽ. ബി.സി. 606-ലാണ് ഡാനിയേൽ തന്റെ പ്രവാസ ജീവിതത്തിന് തുടക്കം കുറിക്കുന്നത്. ചെയ്യാത്ത തെറ്റിന് ശത്രുക്കൾ ഡാനിയേലിനെതിരെ കുറ്റമാരോപിച്ചതുമൂലം രാജാവ് അവനെ സിംഹക്കുഴിയിൽ ഇടുവാൻ കല്പിച്ചു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ഡാനിയേലിനെ സിംഹക്കുഴിയിൽ നിന്ന് രക്ഷപ്പെടുത്തിയത്. ദൈവത്തിന്റെ അത്ഭുതകരം ചലിച്ചതുമൂലം രാജാവ് ദൈവത്തിൽ വിശ്വസിക്കുവാനും അതോടൊപ്പം ഡാനിയേലിന് ഉന്നത പദവി ലഭിക്കുന്നതിനും ഇടവന്നു. അധികാരം ലഭ്യമാക്കുന്നതിനായി രാഷ്ട്രീയത്തിൽ ഇറങ്ങണമെന്നില്ല. ഈ ലോകത്തിലെ സ്ഥാനങ്ങളും മാനങ്ങളും നശ്വരമാണ്. നമ്മുടെ ലക്ഷ്യം എല്ലായ്പ്പോഴും നിത്യതയായിരിക്കണം.



ലേഖകൻ

# ക്യാപ്പിറ്റൽ കപ്പ് സോക്കർ കിക്കോഫ് ഐ.എം. വിജയൻ നിർവഹിക്കും

വാഷിങ്ടൺ ഡിസി: മെയ് 23-ന് സോക്കർ ഇതിഹാസം ഐ.എം. വിജയൻ ക്യാപ്പിറ്റൽ കപ്പ് സോക്കർ കിക്കോഫ് ചെയ്യും. ഇദംപ്രഥമമായി നോർത്ത് അമേരിക്കയിലെ ഒരു സോക്കർ ടൂർണ്ണമെന്റിൽ ഇന്ത്യൻ സോക്കർ ഇതിഹാസം ഐ.എം. വിജയൻ അതിഥിയായി എത്തുന്നു.




ക്യാപ്പിറ്റൽ സിറ്റിയായ വാഷിങ്ടൺ ഡിസിയിലെ പ്രമുഖ സ്പോർട്സ് ക്ലബായ മേരിലാൻഡ് സ്ട്രൈക്കേഴ്സ് നടത്തുന്ന മൂന്നാമത് നോർത്ത് അമേരിക്കൻ സോക്കർ ടൂർണമെന്റ് മെമ്മോറിയൽ വീക്കെൻഡായ മെയ് 23-ന് ഇന്ത്യൻ ഫുട്ബോൾ രോമാഞ്ചമായ ഐ.എം. വിജയൻ ഉദ്ഘാടനം ചെയ്യുന്നു. അമേരിക്കയിലും കാനഡയിൽ നിന്നുമായി ഒരു ഡസനിലധികം മലയാളി സോക്കർ ടീമുകളാണ് ഇത്തവണ ക്യാപ്പിറ്റൽ കപ്പിനായി മാറ്റുരയ്ക്കുന്നത്.




മേരിലാൻഡിലെ ഫ്രഡറിക് കൗണ്ടി ഓഥല്ലോ റീജിയണൽ പാർക്കിലെ ടർഫ് ഫീൽഡിൽ നടക്കുന്ന മത്സരം കെങ്കേമമായി നടത്തുവാൻ വൻ ക്രമീകരണങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്. ടൂർണമെന്റിന്റെ നടത്തിപ്പിനായി സൈകേഷ് പത്മനാഭൻ, ജെഫി ജോർജ്, മനു സെബാസ്റ്റ്യൻ, സോം സുന്ദർ, നൈജു അഗസ്റ്റിൻ, ടെനി സെബാസ്റ്റ്യൻ, അനിൽ ലാൽ, ബിജേഷ് തോമസ്, ദിലീപ് പിള്ള, ബോസ്കി ജോസഫ്, റോയ് റാഫേൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ നിലവിൽവന്നു. ക്ലബ് ഭാരവാഹികളായ നോബിൾ ജോസഫ്, നബീൽ വളപ്പിൽ,റെജി തോമസ് എന്നിവർ വിവരങ്ങൾ പങ്കുവെച്ചു.

# മാപ്പുതരൂ

പ്രിയതമേ നീ ഈലോകവാസം വെടിഞ്ഞിട്ട്
ഒരുവർഷം തികയുന്നു ഈ പുതുവത്സര പുലരിയിൽ
നിൻമേനിയിലെ ഗന്ധം ഇപ്പോഴും
വീട്ടിൽ മന്ദമാരുതയിൽ അലിഞ്ഞീടുന്നു
മാപ്പുതരൂ-നീ എനിക്കു മാപ്പുതരൂ
ഞാൻ ചെയ്ത തെറ്റിനു മാപ്പുതരൂ നീ
നിന്നുടെ മനസ്സിനെ വേദനിപ്പിച്ചെങ്കിൽ
മാപ്പുതരൂ-നീ എനിക്കു മാപ്പുതരൂ.
അൻപതു വർഷം പോയതറിഞ്ഞില്ലാ
സുഖവും ദുഃഖവും ദൈവത്തിൽ കാഴ്ചവെച്ചു
മക്കളും കൊച്ചുമക്കളും വന്നുപോകുന്നു
മനസ്സിലെ ദുഃഖങ്ങൾ മാറിക്കൊണ്ടിരിക്കുന്നു
ഇളം കാറ്റിനാൽ ആടി ഉലയുന്ന
റോസാപൂവിൻ ഇതളുകൾക്ക് ഉള്ളിൽ
കാണുന്നു നിന്നുടെ പുഞ്ചിരിച്ച മുഖം
കളങ്കമില്ലാതെ ഇപ്പോഴും എപ്പോഴും.



ജെയിംസ് ചെട്ടിയാത്ത്

# ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ കുടുംബ നവീകരണ ധ്യാനം മാർച്ച് 19 മുതൽ

ഹൂസ്റ്റൺ: വിശുദ്ധ വാരത്തോടനുബന്ധിച്ച് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഫൊറോനാ ദൈവാലയത്തിൽവെച്ച് നടത്തപ്പെടുന്ന കുടുംബ നവീകരണ വാർഷിക ധ്യാനത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. 2026 മാർച്ച് 19-ന് വ്യാഴാഴ്ച മുതൽ 22-ന് ഞായറാഴ്ച വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. പ്രശസ്ത വചനപ്രഘോഷകൻ ബ്രദർ സന്തോഷ് കരുമാത്രയുടെ നേതൃത്വത്തിലുള്ള 'ടീം ഷെക്കെയ്ന'യാണ് ഇത്തവണ ധ്യാനത്തിന് നേതൃത്വം നൽകുന്നത്.

വിശ്വാസികൾക്കായി വിപുലമായ ക്രമീകരണങ്ങൾ കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനും ആത്മീയ നവീകരണത്തിനും മുൻഗണന നൽകിക്കൊണ്ടുള്ള ഈ വർഷത്തെ ധ്യാനം വിശ്വാസികൾക്ക് വലിയൊരു അനുഗ്രഹമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു. ധ്യാനദിവസങ്ങളിൽ വൈദികരുടെ നേതൃത്വത്തിൽ കുമ്പസാരത്തിനുള്ള പ്രത്യേക സൗകര്യവും ഉണ്ടായിരിക്കും.

**ബിബി തെക്കനാട്ട്**

**ധ്യാനസമയം:**

**മാർച്ച് 19 വ്യാഴം: വൈകുന്നേരം 6.00 മുതൽ രാത്രി 9.00 വരെ**

**മാർച്ച് 20 വെള്ളി: ഉച്ചകഴിഞ്ഞ് 3.00 മുതൽ രാത്രി 9.00 വരെ**

**മാർച്ച് 21 ശനി: രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ**

**മാർച്ച് 22 ഞായർ: രാവിലെ 10.30 മുതൽ വൈകുന്നേരം 6.00 വരെ.**

യുവജനങ്ങൾക്കായി ഇംഗ്ലീഷ് ധ്യാനം മുതിർന്നവർക്കൊപ്പം തന്നെ കുട്ടികൾക്കും യുവജനങ്ങൾക്കും ആത്മീയ വളർച്ച ലക്ഷ്യമിട്ട് മാർച്ച് 21, 22 (ശനി, ഞായർ) ദിവസങ്ങളിൽ പ്രത്യേക ധ്യാനം ക്രമീകരിച്ചിട്ടുണ്ട്.

5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും യുവാക്കൾക്കുമായി ഇംഗ്ലീഷിലാണ് ഈ സെഷനുകൾ നടക്കുക.

പരിപാവനമായ നോമ്പുകാലത്ത് വചനപ്രഘോഷണം, സ്തുതി ആരാധന, വിശുദ്ധ കുർബാന എന്നിവയിലൂടെ ദാമ്പത്യ ദൃഢതയ്ക്കും കുടുംബ സമാധാനത്തിനും ഊന്നൽ നൽകുന്ന ക്ലാസ്സുകളിലേക്ക് എല്ലാ വിശ്വാസികളെയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ അറിയിച്ചു.



KERALA EXPRESS | പ്രവാസി താളുകൾ

# മലയാളത്തിന്റെ മാലാഖമാർക്ക് അമേരിക്കയിൽ നിന്നൊരു കൈത്താങ്ങ്

**സദാശിവൻകുഞ്ഞി**

**കേ**രളത്തിലെ സ്വകാര്യ ആരോഗ്യമേഖല ഇന്ന് വലിയ ഒരു സമരത്തിന്റെ പാതയിലാണ്. കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലിയെടുക്കുന്ന ആയിരക്കണക്കിന് നേഴ്സുമാർ



ബ്രിജിറ്റ് വിൻസെന്റ്

യുണൈറ്റഡ് നേഴ്സസ് അസോസിയേഷൻ (യുഎൻഎ) എന്ന സംഘടനയുടെ നേതൃത്വത്തിൽ അവരുടെ ന്യായമായ വേതനത്തിനും തൊഴിൽ അവകാശങ്ങൾക്കും വേണ്ടി നടത്തുന്ന സമരം ദിവസങ്ങൾ നീളുകയാണ്.

ഏകദേശം 1500-ൽപ്പരം സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും പ്രവർത്തിക്കുന്ന 75,000-ത്തിലധികം നേഴ്സുമാരുടെ ജീവിതവും തൊഴിൽ സാഹചര്യവും ഇതേ രംഗത്തെ പൊതുമേഖലയിൽ നേഴ്സിങ് രംഗത്ത് പ്രവർത്തിക്കുന്നവരേക്കാൾ വളരെ പരിതാപകരമാണ്. അടിസ്ഥാന ശമ്പളം 40,000 രൂപ ആക്കുക എന്ന ആവശ്യമുൾപ്പെടെ ഈ മേഖലയിൽ നേഴ്സുമാർക്കു ലഭിക്കേണ്ട അടിസ്ഥാനപരമായ ആവശ്യങ്ങൾ നിരവധിയാണ്.

നേഴ്സിങ് രംഗത്ത് പെൻസിൽവാനിയ ഇന്ത്യൻ അമേരിക്ക നേഴ്സസ് ഓർഗനൈസേഷൻ (പിയാനോ) സ്ഥാപിതമായത് 2006-ൽ ആയിരുന്നു. അന്നു മുതൽ അമേരിക്കയിലും ഇന്ത്യയിലും നേഴ്സുമാരുടെ ന്യായമായ എല്ലാ ആവശ്യങ്ങളിലും പിയാനോ കൃത്യമായി ഇടപെട്ടുവരുന്നു. നേഴ്സിങ് വിദ്യാർത്ഥികളുടെ ബോണ്ട്, സർട്ടിഫിക്കറ്റ് പിടിച്ചുവെക്കൽ മുതലായ കാര്യങ്ങളിലും ഉയരം, വയസ്, വിവാഹസ്ഥിതി മുതലായവയിലും അടിമുടി വന്ന മാറ്റങ്ങളിൽ പിയാനോയുടെ സ്വാധീനം ചില്ലറയല്ല. പിയാനോയുടെ സ്ഥാപക പ്രസിഡണ്ട് ബ്രിജിറ്റ് വിൻസെന്റ് ഇപ്പോൾ നടന്നുവരുന്ന നേഴ്സുമാരുടെ സമരത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഒരു ലക്ഷം രൂപ ധനസഹായം നല്കി. തികച്ചും ന്യായമായ ഈ സമരത്തിന് സാമ്പത്തികമായി സഹായം ചെയ്ത് നമുക്കും ഇവർക്കൊപ്പം നിൽക്കാം. താല്പര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറിൽ തന്നാൽ കഴിയുന്ന തുക സമർപ്പിക്കാവുന്നതാണ്. ഇത് അവശത അനുഭവിക്കുന്ന നേഴ്സുമാർക്ക് ഒരു വലിയ കൈത്താങ്ങാവും.




KERALA STATE UNITED NURSES ASSOCIATION

A/c No. 1507135000002296

IFSC CODE KVBL0001507

KARUR VYSYA BANK, THRISSUR

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 92.38 |
| യൂറോ | 105.96 |
| സ്റ്റെർലിംഗ്പൗണ്ട് | 122.55 |
| സ്വിസ് ഫ്രാങ്ക് | 117.16 |
| സിംഗപ്പൂർ ഡോളർ | 72.19 |
| കനേഡിയൻ ഡോളർ | 67.45 |
| ഒമാൻ റിയാൽ | 240.25 |
| ബഹ്റൈൻ ദിനാർ | 244.61 |
| സൗദി റിയാൽ | 24.42 |
| യു.എ.ഇ. ദിർഹം | 25.17 |
| കുവൈത്ത് ദിനാർ | 301.08 |

# പതിമൂന്ന് വയസ്സിൽ താഴെയുള്ളവർക്കും ഇനി വാട്സാപ് അക്കൗണ്ട്

ന്യൂഡൽഹി: 13 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഇനി വാട്സാപ് അക്കൗണ്ട് തുറക്കാം. രക്ഷിതാക്കളുടെ നിയന്ത്രണത്തിലുള്ള വാട്സാപ് അക്കൗണ്ടാണു നൽകുന്നത്.

കുട്ടികൾക്ക് ഏതൊക്കെ ഗ്രൂപ്പിൽ ചേരാമെന്നും ആർക്കൊക്കെ ബന്ധപ്പെടാമെന്നും രക്ഷിതാക്കൾക്കു തീരുമാനിക്കാം. അപരിചിതരിൽനിന്നുള്ള സന്ദേശങ്ങൾ പരിശോധിക്കാനും കഴിയും.

കുട്ടികൾക്കു വാട്സാപ് സെറ്റിങ്സ് മാറ്റാൻ സാധിക്കില്ല. രക്ഷിതാക്കൾക്ക് ആറക്ക പിൻനമ്പരിലൂടെ ഇവ ലോക്ക് ചെയ്യാം. മെസേജ് അലർട്ടുകളും കോളുകളും രക്ഷിതാവിന്റെ ഫോണിലുമെത്തും. ഐഫോണിലും ആൻഡ്രോയ്ഡ് ഫോണുകളിലും വാട്സാപ്പിന്റെ ഏറ്റവും പുതിയ പതിപ്പിൽ ഈ സേവനം ലഭ്യമാകും.

കുട്ടിയുടെ ഫോണിൽ വാട്സാപ് ഇൻസ്റ്റാൾ ചെയ്ത ശേഷം ഭാഷ തെരഞ്ഞെടുത്ത് അടുത്ത പേജിലെ 'മോർ ഓപ്ഷൻസ്' ക്ലിക്ക് ചെയ്താൽ 'ക്രിയേറ്റ് എ പേരന്റ് മാനേജ്ഡ് അക്കൗണ്ട്' ഓപ്ഷൻ ലഭിക്കും. ഇവിടെ കുട്ടിയുടെ മൊബൈൽ നമ്പറും ജന്മദിനവും നൽകി അക്കൗണ്ട് രജിസ്റ്റർ ചെയ്യാം.

തുടർന്നു ലഭിക്കുന്ന ക്യുആർ കോഡ് രക്ഷിതാവിന്റെ ഫോണിൽനിന്നു സ്കാൻ ചെയ്താൽ ആ ഫോണിലെ വാട്സാപ്പുമായി ലിങ്ക് ആകുകയും അക്കൗണ്ട് പ്രവർത്തനസജ്ജമാകുകയും ചെയ്യും.



## ട്രാൻസ്ജെൻഡർ നിർണയം മെഡിക്കൽ ബോർഡിന്

ന്യൂഡൽഹി: 'ട്രാൻസ്ജെൻഡർ' നിർവചനത്തിൽ കൂടുതൽ വ്യക്തത വരുത്തിയും ട്രാൻസ്ജെൻഡറുകൾക്ക് നേരേയുള്ള അതിക്രമങ്ങൾക്ക് ശിക്ഷാ വ്യവസ്ഥകൾ കർശനമാക്കിയുമുള്ള ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭയിൽ. പുതുക്കിയ നിർവചനപ്രകാരം വ്യത്യസ്ത ലൈംഗിക ആഭിമുഖ്യങ്ങളും 'സ്വയം തിരിച്ചറിഞ്ഞ ലൈംഗിക സ്വത്വങ്ങളും' ഉള്ളവരെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഗണത്തിൽ ഉൾപ്പെടുത്തില്ല. പകരം മെഡിക്കൽ ബോർഡ് തീരുമാനിക്കണം. കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ വകുപ്പ് മന്ത്രി വീരേന്ദ്രകുമാറാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. ബില്ലിലെ വ്യവസ്ഥയനുസരിച്ച് കിന്നർ, ഹിജഡ, അരവാണി തുടങ്ങിയ വിഭാഗങ്ങളെയും ജനിതകപരമായോ ശാരീരികമായോ വ്യത്യാസങ്ങളുള്ളവരെയുമാണ് ഇനി മുതൽ ട്രാൻസ്ജെൻഡർ നിർവചനത്തിൽ ഉൾപ്പെടുത്തുക. 'സ്വയം തിരിച്ചറിയുന്ന ലിംഗസ്വത്വങ്ങളെ' ഇതിൽനിന്ന് പൂർണമായും ഒഴിവാക്കിയെന്നതാണ് ശ്രദ്ധേയം.

ഈ നിർവചനപ്രകാരം, ട്രാൻസ്ജെൻഡർ വ്യക്തിയായി അംഗീകാരം നൽകുന്നതിന് ജില്ലാ മജിസ്ട്രേറ്റിന് പുറമേ, കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണപ്രദേശങ്ങൾക്കോ കീഴിലുള്ള ചീഫ് മെഡിക്കൽ ഓഫീസറുടെയോ ഡെപ്യൂട്ടി ചീഫ് മെഡിക്കൽ ഓഫീസറുടെയോ നേതൃത്വത്തിൽ ഒരു മെഡിക്കൽ ബോർഡിനെ അതോറിറ്റിയായി ചുമതലപ്പെടുത്തും.

നിലവിലുള്ള ബില്ലിലെ സെക്ഷൻ ആറിലാണ് ഇതിനായി ഭേദഗതി വരുത്തിയത്. സെക്ഷൻ 6(4) പ്രകാരം, ട്രാൻസ്ജെൻഡർ വ്യക്തിയായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട വ്യക്തിക്ക് ജനനസർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഔദ്യോഗിക രേഖകളിലും ആദ്യനാമത്തിൽ മാറ്റം വരുത്താനാകും. ശസ്ത്രക്രിയയിലൂടെ ലിംഗമാറ്റത്തിന് മെഡിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും വിശദാംശങ്ങൾ ജില്ലാ മജിസ്ട്രേറ്റിന് കൈമാറണമെന്ന് ഭേദഗതിയിൽ നിർദേശിക്കുന്നു.

ഒരു വ്യക്തിയുടെ സ്വത്വത്തെ ആ വ്യക്തിതന്നെ തീരുമാനിക്കുകയെന്ന ആധുനിക, പുരോഗമന കാഴ്ചപ്പാടിൽ നിന്നുള്ള പുറകോട്ട് പോക്കായാണ് പുതിയ ബില്ലിലെ വ്യവസ്ഥയെ വ്യാഖ്യാനിക്കപ്പെടുന്നത്. ട്രാൻസ്ജെൻഡർ വ്യക്തിത്വത്തിനുമേലുള്ള കടന്നുകയറ്റമാകുമെന്നും വിമർശനമുണ്ട്.

## ആർത്തവ അവധി സ്ത്രീകളുടെ കരിയറിനെ ബാധിക്കുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സ്ത്രീകൾക്കു ശമ്പളത്തോടെ ആർത്തവ അവധി നൽകണമെന്നാവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീംകോടതി. ഇത്തരമൊരു ഹർജി പരിഗണിക്കുന്നത് ഭാവിയിൽ സ്ത്രീകളെത്തന്നെ ദോഷകരമായി ബാധിക്കുമെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി നടപടി. ശമ്പളത്തോടുകൂടിയ ആർത്തവ അവധി നിർബന്ധ വ്യവസ്ഥയായി അവതരിപ്പിക്കുന്ന നിമിഷം മുതൽ സ്ത്രീകളെ ജോലിക്കു നിയമിക്കുന്നതിൽനിന്നു സ്ഥാപനങ്ങൾ പിന്മാറുമെന്നും സ്ത്രീകളുടെ കരിയറിനെ അതു ബാധിക്കുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് മുന്നറിയിപ്പ് നൽകി.

ഇത്തരമൊരു നിയമം നിലവിൽ വന്നാൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണെന്ന തെറ്റായ ധാരണ സമൂഹത്തിൽ പടരുമെന്നും ഹർജി സമർപ്പിച്ച അഭിഭാഷകനായ ശൈലേന്ദ്ര മണി ത്രിപാഠിയോടു ചീഫ് ജസ്റ്റിസ് പറഞ്ഞു. പാർലമെന്റിന്റെ പരിധിയിൽ വരുന്ന വിഷയത്തിൽ ഇതുവരെ ഒരു തീരുമാനമെടുത്തിട്ടില്ലെങ്കിൽ അതിലൊരു കാരണമുണ്ടാകാമെന്നും കോടതി നിരീക്ഷിച്ചു.

കേരള സർക്കാർ 2013-ൽ കേരളത്തിലെ സർവകലാശാലകളിൽ വിദ്യാർത്ഥിനികൾക്ക് ആർത്തവ അവധി അനുവദിച്ച കാര്യം മുതിർന്ന അഭിഭാഷകൻ എം.ആർ. ഷംഷാദ് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ലിംഗസമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണു സർക്കാർ ഈ തീരുമാനമെടുത്തതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പല സ്വകാര്യ കമ്പനികളും നിലവിൽ ഇത്തരത്തിൽ ഇളവുകൾ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ, ഇവയെല്ലാം സ്വമേധയാ നടപ്പിലാക്കുന്ന രീതികളാണെന്നും നിയമം വഴി ഇത് അടിച്ചേൽപ്പിക്കുമ്പോൾ സ്ത്രീകളുടെ കരിയർതന്നെ ഇല്ലാതാകുമെന്നും കോടതി മറുപടി നൽകി.

അതേസമയം, വിഷയം സംബന്ധിച്ച മുൻ കോടതി ഉത്തരവുകൾ പ്രകാരം എല്ലാ പങ്കാളികളുമായി കൂടിയാലോചിച്ച് ഒരു നയം രൂപീകരിക്കാൻ കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. 2023-ൽ സമാന സ്വഭാവമുള്ള ഹർജി സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസായിരുന്ന ഡി.വൈ. ചന്ദ്രചൂഡ് തള്ളിയിരുന്നു.

## 'ടൂതിക്കോറിൻ' ഇനി തൂത്തുക്കുടി വിമാനത്താവളം

ചെന്നൈ: 'ടൂതിക്കോറിൻ' എന്ന ഇംഗ്ലീഷ് പേരു മാറ്റി തൂത്തുക്കുടി എന്ന പേരിലേക്കു വിമാനത്താവളം പുനർനാമകരണം ചെയ്യുന്നു. 33 വർഷത്തിനു ശേഷമാണ് പേരുമാറ്റം. ഇതിന് കേന്ദ്രസർക്കാർ അംഗീകാരം നൽകിയതായി സിവിൽ വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു അറിയിച്ചു.

തൂത്തുക്കുടി ജില്ലയിലെ വാഗൈകുളത്ത് സ്ഥിതിചെയ്യുന്ന വിമാനത്താവളം 1992-ലാണ് ഉദ്ഘാടനം ചെയ്തത്. കൊളോണിയൽ കാലഘട്ടത്തിലെ ഇംഗ്ലീഷ് പേരിൽ 'ടൂതിക്കോറിൻ വിമാനത്താവളം' എന്നാണ് തുടക്കംമുതൽ അറിയപ്പെടുന്നത്. തൂത്തുക്കുടി എന്ന യഥാർത്ഥപേരിൽ വിമാനത്താവളം അറിയപ്പെടണമെന്ന് പ്രദേശവാസികളും ഒട്ടേറെ സംഘടനകളും വർഷങ്ങളായി ആവശ്യപ്പെടുന്നുണ്ട്. കേന്ദ്രമന്ത്രി എൽ. മുരുകനും ചില ജനപ്രതിനിധികളും പേരുമാറ്റം ആവശ്യപ്പെട്ട് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് നിവേദനവും നൽകിയിരുന്നു. പേരുമാറ്റത്തിന് അംഗീകാരം ലഭിച്ചതോടെ ദേശീയ, അന്തർദേശീയ വ്യോമയാന റെക്കോഡുകളിൽ ഔദ്യോഗികമായി തൂത്തുക്കുടി വിമാനത്താവളമായി അംഗീകരിക്കപ്പെടും. തെക്കൻ തമിഴ്നാട്ടിലെ പ്രധാന വ്യാവസായിക കേന്ദ്രങ്ങളിലൊന്നായ തൂത്തുക്കുടിക്ക് വ്യോമ, കടൽ, റെയിൽ, റോഡ് ഗതാഗതം വഴി ശക്തമായ കണക്റ്റിവിറ്റിയുണ്ട്.

## കവടിയാർ കൊട്ടാരത്തിൽ വൻ മോഷണം

തിരുവനന്തപുരം: തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെ കവടിയാർ കൊട്ടാരത്തിൽ നിന്നു രണ്ട് കോടിയോളം രൂപയുടെ ആഭരണങ്ങൾ മോഷണം പോയി. രത്നവും വജ്രവും സ്വർണവുമുൾപ്പെടെ പൗരാണിക മൂല്യമുള്ള ആഭരണങ്ങളാണ് നഷ്ടപ്പെട്ടത്.



അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായിയുടെ കിടപ്പുമുറിയിലെ അലമാരിയിൽ ലോക്കറിലാണ് ഇവ സൂക്ഷിച്ചിരുന്നത്. സംസ്ഥാന പോലീസ് മേധാവിക്കു നല്കിയ പരാതിയിൽ പേരൂർക്കട പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി. പ്രത്യേക അന്വേഷണസംഘത്തെയും രൂപീകരിക്കും. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് ഗൗരി ലക്ഷ്മിബായിക്ക് സമ്മാനമായി നല്കിയ ആഭരണങ്ങളും മൂല്യം കണക്കാക്കാനാകാത്തത്ര അതിപുരാതന ആഭരണങ്ങളും മോഷ്ടിക്കപ്പെട്ടവയിലുണ്ട്.

2025 ഒക്ടോബർ-നവംബർ കാലത്ത് മോഷണം നടന്നെന്നാണ് എഫ്ഐആർ. ഈ മാസം 13-നാണ് ഗൗരി ലക്ഷ്മിബായി രേഖാമൂലം പരാതി നല്കിയത്. നവംബറിൽ ബെംഗ്ളൂരുവിലേക്കുള്ള യാത്രയ്ക്കു മുൻപ് അലമാര തുറന്നപ്പോഴാണ് ആഭരണങ്ങൾ ഇല്ലെന്നു കണ്ടത്. ഇതിനു പത്ത് ദിവസം മുൻപ് അലമാര തുറന്നപ്പോൾ ആഭരണങ്ങൾ ഉണ്ടായിരുന്നു. രാജകുടുംബം തന്നെ ആഭ്യന്തര അന്വേഷണം നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. വിവരം ജനുവരിയിൽ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ അറിയിച്ചു.

പരാതിയില്ലാതെ അന്വേഷണം നടത്തണമെന്നായിരുന്നു ആവശ്യം. എന്നാൽ, കേസെടുത്താലെ അന്വേഷണം നടത്താനാകൂ എന്നു കമ്മീഷണർ അറിയിച്ചു. തുടർന്നാണ് ഇപ്പോൾ രേഖാമൂലം പരാതി നല്കിയത്.

സുരക്ഷാ ഉദ്യോഗസ്ഥരും സിസിടിവി സംവിധാനവുമുള്ള കൊട്ടാരത്തിൽ നൂറോളം മുറികളുണ്ട്. രണ്ടാം നിലയിലെ മുറിയിൽ നിന്നാണ് ആഭരണങ്ങൾ കാണാതായത്. പുറത്തു നിന്നൊരാൾ സുരക്ഷാവലയം ഭേദിച്ച് അകത്തു കടക്കുക അസാദ്ധ്യമാണെന്ന് പോലീസ് കരുതുന്നു. കിടപ്പുമുറിയെക്കുറിച്ചും അലമാരയെക്കുറിച്ചും വ്യക്തമായ ധാരണയുള്ളവരാകാമെന്നാണ് നിഗമനം. സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുന്നു. സൈബർ സെല്ലും വിരലടയാള വിദഗ്ദ്ധരും കൊട്ടാരത്തിൽ വിശദമായ പരിശോധന തുടങ്ങി. സന്ദർശകരുടെയും ജീവനക്കാരുടെയും മൊഴി രേഖപ്പെടുത്തി.

നാല്പതോളം ജീവനക്കാർ കൊട്ടാരത്തിലുണ്ട്. സംഭവത്തിൽ പ്രതികരിക്കാനില്ലെന്ന് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി പറഞ്ഞു.

## കേരളത്തിൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ

തിരുവനന്തപുരം: കേരളത്തിൽ സാർവത്രിക ആരോഗ്യ പരിരക്ഷ നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട്, മെഡിസെപ്പ്, മറ്റ് ഇൻഷ്വറൻസ് പദ്ധതികൾ തുടങ്ങിയവയിൽ ഉൾപ്പെടാത്ത വിഭാഗത്തിന് കൂടി ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം കഴിഞ്ഞ ഒരു വർഷമായി നടത്തിയ വിവിധ തലങ്ങളിലുള്ള ചർച്ചകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് എല്ലാവർക്കും ആരോഗ്യ പരിരക്ഷ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയത്.

## ഇറാൻ ഡ്രോൺ ആക്രമണം: ദുബായ് വിമാനത്താവളം അടച്ചു

ദുബായ്: ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിനുനേരേ ഇറാൻ നടത്തിയ കനത്ത ഡ്രോൺ ആക്രമണത്തെത്തുടർന്ന്, വിവിധ വിമാനസർവീസ് റദ്ദാക്കി. സുരക്ഷാകാരണങ്ങളാൽ വിമാനത്താവളത്തിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിവെച്ചതായി അധികൃതർ അറിയിച്ചു. എമിറേറ്റ്സ് ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ സർവീസുകൾ നിർത്തിവെച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്.

ഇറാനും യുഎഇയും തമ്മിലുള്ള ബന്ധം ഏറ്റവും മോശമായ സാഹചര്യത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ പ്രധാന എണ്ണ കയറ്റുമതി കേന്ദ്രമായ ഖാർഗ് ഐലൻഡിനുനേരേ ആക്രമണം നടത്താൻ യുഎഇയിലെ തുറമുഖങ്ങൾ അമേരിക്ക ഉപയോഗിച്ചതായി ഇറാൻ ആരോപിച്ചു.

അതേസമയം, രാജ്യത്തിനു സ്വയം പ്രതിരോധിക്കാൻ അവകാശമുണ്ടെന്നും എന്നാൽ സംയമനത്തിനാണ് തങ്ങൾ മുൻഗണന നൽകുന്നതെന്നും യുഎഇ പ്രസിഡണ്ടിന്റെ നയതന്ത്ര ഉപദേഷ്ടാവ് അൻവർ ഗർഗാഷ് വ്യക്തമാക്കി.

കൊച്ചിയിൽനിന്ന് ദുബായിലേക്ക് പുറപ്പെട്ട എമിറേറ്റ്സ് വിമാനം സുരക്ഷാ കാരണങ്ങളാൽ തിരിച്ചിറക്കി. ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിലുണ്ടായ ഡ്രോൺ ആക്രമണത്തെത്തുടർന്നാണ് അടിയന്തരനടപടി. മാർച്ച് 16-ന് പുലർച്ചെ 4.30-ന് നെടുമ്പാശേരിയിൽനിന്ന് 325 യാത്രക്കാരുമായി പുറപ്പെട്ട ഇകെ 533 വിമാനമാണ് രാവിലെ 8.30-ന് കൊച്ചിയിൽതന്നെ തിരിച്ചിറക്കിയത്.

ദുബായ് വിമാനത്താവളത്തിലെ സാഹചര്യം വിലയിരുത്തിയശേഷം വിമാനത്താവളം പ്രവർത്തനസജ്ജമായാൽ യാത്ര തുടരുമെന്ന് സിയാൽ വക്താവ് അറിയിച്ചു. അതുവരെ യാത്രക്കാർ വിമാനത്താവളത്തിൽ തുടരണമെന്നും അധികൃതർ നിർദേശിച്ചു.

നിലവിലെ സംഘർഷങ്ങൾക്കിടയിൽ യുഎഇയെ ലക്ഷ്യമിട്ട് ഇറാൻ ഇതുവരെ 1,800-ലേറെ മിസൈലുകളും ഡ്രോണുകളും തൊടുത്തുവിട്ടെന്ന് റിപ്പോർട്ട്. യുഎഇയുടെ പ്രതിരോധ സംവിധാനങ്ങൾ ഭൂരിഭാഗം ആക്രമണങ്ങളെയും തടഞ്ഞെങ്കിലും വിമാനത്താവളത്തിനു സമീപം ഡ്രോൺ അവശിഷ്ടങ്ങൾ വീണ് നാല് പേർക്കു പരുക്കേറ്റു. സാമ്പത്തിക കേന്ദ്രങ്ങളെയും വിമാനത്താവളങ്ങളെയും എണ്ണ ശുദ്ധീകരണശാലകളെയും ലക്ഷ്യമിട്ട ആക്രമണങ്ങൾ മേഖലയിലെ യാത്രാ-വ്യാപാര മേഖലകളെ ഗുരുതരമായി ബാധിച്ചു.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again

# SEEKING BRIDE

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

## SEEKING BRIDEGROOM CONTD.....

and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**


*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ഡോ. ഡി. സഖറിയ

**തുമ്പമൺ നോർത്ത്:** ബെതേസ്ഥ ഹോസ്പിറ്റൽ ഡയറക്ടറും സിഎസ്ഐ അൽമായ സംഘടന മുൻ വൈസ് പ്രസിഡണ്ടും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ഓക്സിലറി മുൻ കമ്മിറ്റിയംഗവുമായിരുന്ന പനച്ചക്കുന്നിൽ ഡോ. ഡി. സഖറിയ (84) അന്തരിച്ചു. ഭാര്യ പുന്നക്കാട് മലയിൽ മറിയാമ്മ സഖറിയ. മക്കൾ: ആനി (ഹൂസ്റ്റൺ), സോണി, ക്രിസ്റ്റി (ഇരുവരും സൗദി). മരുമക്കൾ: ബോബി (ഹൂസ്റ്റൺ), മനോജ്, ജീമോൾ (ഇരുവരും സൗദി).

## ഫിലിപ്പ് മാത്യു



**ചിക്കാഗോ:** സെലിബ്രേഷൻ (ഐസിഎജി) സഭയിലെ അംഗമായിരുന്ന ബ്രദർ ഫിലിപ്പ് മാത്യു തറയശ്ശേരിയിൽ (മാത്തുക്കുട്ടി-73) തിരുവല്ലയിൽ അന്തരിച്ചു. പരേതനായ ഫിലിപ്പ് മത്തായിയുടെയും മറിയാമ്മ ഫിലിപ്പിന്റെയും മകനാണ്. മറിയാമ്മ മാത്യുവാണ് ഭാര്യ. മക്കൾ: ആശ മാത്യു, ആനി മാത്യു. മരുമക്കൾ: ഡേവിഡ്, മൈക്കിൾ. സഹോദരങ്ങൾ: വർഗീസ് ഫിലിപ്പ്, തോമസ്, അന്നമ്മ നൈനാൻ.

**വടവാതൂർ:** വള്ളംകുളം വീട്ടിൽ കെ. കുമാറിന്റെയും (എംആർഎഫ്) കല്പനയുടെയും മകൻ വി.കെ. കവിരാജ് (28) അന്തരിച്ചു.

## ശാന്തമ്മ

**എഴുമാന്തുരുത്ത്:** പൂവക്കുളത്ത് മ്യാലിൽ ശാന്തമ്മ (89) അന്തരിച്ചു. ഭർത്താവ് പരേതനായ ഭാസ്കരൻപിള്ള. മക്കൾ: രാധാകൃഷ്ണൻ നായർ (മുംബൈ), വിക്രമൻ നായർ, മധുസൂദനൻ നായർ, പ്രസന്നകുമാരി, മായാദേവി, അംബാലിക (യുഎസ്).

## ദിലീപ് പോൾ ബെഞ്ചമിൻ

**എളംകുളം:** ചിലവന്നൂർ റോഡിൽ പേന്താലയിൽ ദിലീപ് പോൾ ബെഞ്ചമിൻ (44) ഡാളസിൽ അന്തരിച്ചു. ഭാര്യ കായനാട് മുളയാംകുഴി പാലപ്പിള്ളിൽ മരിയ ബാബു. മക്കൾ: ആൻസൈറ പോൾ, ഡേവിഡ് ബെഞ്ചമിൻ പോൾ (എല്ലാവരും യുഎസ്).

## ടി.കെ. പുന്നൂസ്

**കറ്റോട്:** വിമുക്തഭടൻ കൈതാരത്തായ തൈപ്പറമ്പിൽ ടി.കെ. പുന്നൂസ് (തമ്പി-86) അന്തരിച്ചു. ഭാര്യ കുറിച്ചി പഴയകളം ആലീസ്. മക്കൾ: ഷിജു, ഷിനു (യുഎസ്), ഷനോജ് (ഷാർജ). മരുമക്കൾ: തിരുവൻവണ്ടൂർ ചുകാട്ടിൽ ടോസി, കുറിച്ചി ചേരകത്തു ബിനു ജോൺ (യുഎസ്), വെണ്ണിക്കുളം തോട്ടത്തിൽമലയിൽ ലിനി (ഷാർജ).

## എൻ.ജെ. തോമസ്

**കിടങ്ങൂർ സൗത്ത്:** നാ ഞ്ഞിലത്ത് എൻ.ജെ. തോമസ് (86) അന്തരിച്ചു. ഭാര്യ പുന്നത്തുറ മംഗലത്ത് ത്രേസ്യാമ്മ. മക്കൾ: ഫിലോമിന (മുനിസിപ്പൽ കൗൺസിലർ ഏറ്റുമാനൂർ), ജോമോൻ തോമസ്, ജെസ്സി, സുനി (യുഎസ്), സുജ (കാനഡ), അനു. മരുമക്കൾ: ജോൺസൺ പൂണംചിറയിൽ (കട്ടച്ചിറ), അനി കണ്ടത്തിൽ (കൈപ്പുഴ), ടോമി പാറ്റിയേൽ (കുറുമുള്ളൂർ), സണ്ണി ചേത്തലിൽ കരോട്ട് കൂടല്ലൂർ (യുഎസ്), സാബു തോട്ടുങ്കൽ ചുങ്കം (കാനഡ), ജോജോ തെക്കേ കവുങ്ങുംപാറയിൽ (ഇടക്കോലി).

**പാലാ:** മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ലീജിയൻ ഹോം ഭവനാംഗമായ സിസ്റ്റർ അന്നക്കുട്ടി മാണി വട്ടടിയേൽ (അന്നമ്മ-88) അന്തരിച്ചു.

**ഓണംതുരുത്ത്:** നീണ്ടൂർ എസ്കെവി. ഗവ. എച്ച്എസ്എസ് റിട്ട. അധ്യാപിക മയിലാടുംപാറയിൽ പി.ഐ. സാറ (88) അന്തരിച്ചു.

**മാരിക:** സിസ്റ്റേഴ്സ് ഓഫ് ഔർ ലേഡി ഓഫ് ദി ഗാർഡൻ സഭാംഗം സിസ്റ്റർ വലേറിയ (മേരി-79) അന്തരിച്ചു.

**മൂന്നിലവ്:** മൂക്കൻതോട്ടത്തിൽ ലിസി മാത്യു (70) അന്തരിച്ചു.

## ലതാ പണിക്കർ അന്തരിച്ചു



ബോളിംഗ്ബ്രൂക്ക് (ചിക്കാഗോ): ലതാ പണിക്കർ (57) അന്തരിച്ചു. 2026 മാർച്ച് 12 വ്യാഴാഴ്ചയായിരുന്നു അന്ത്യം. 1968 ഒക്ടോബർ 18-നായിരുന്നു ജനനം. പരേതയുടെ വിയോഗത്തിൽ കുടുംബാംഗങ്ങളും സുഹൃത്തുക്കളും അഗാധമായ ദുഃഖം രേഖപ്പെടുത്തി. നമ്മെ വിട്ടുപിരിഞ്ഞാലും നാം സ്നേഹിക്കുന്നവർ യഥാർത്ഥത്തിൽ ഒരിക്കലും നമ്മെ വിട്ടുപോകുന്നില്ലെന്നും അവർ ഓരോ ദിവസവും നമ്മുടെ കൂടെ നടക്കുന്നുണ്ടെന്നും കുടുംബം സ്മരണാഞ്ജലിയിൽ കുറിച്ചു.

## സാറാമ്മ ചെറിയാൻ

**അരീപ്പറമ്പ്:** പാണാപറമ്പിൽ സാറാമ്മ ചെറിയാൻ (98) അന്തരിച്ചു. മാങ്ങാനം വേലങ്ങാട്ട് പെരിഞ്ചേരിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. ചെറിയാൻ. മക്കൾ: പരേതനായ രാജൻ കെ. ചെറിയാൻ, ചെറിയാൻ മാത്യു (യുഎസ്), അരീപ്പറമ്പ് സർവീസ് സഹ. ബാങ്ക് വൈസ് പ്രസിഡണ്ട് ബാബു ചെറിയാൻ, അന്നമ്മ കെ. ചെറിയാൻ, സൂസമ്മ കെ. ചെറിയാൻ. മരുമക്കൾ: ലിസി മോൾ വടക്കേക്കര, ലിസി കാഞ്ഞിരമറ്റത്തിൽ പുത്തൻകുരിശ് (യുഎസ്), റീനാ കുരമറ്റത്തിൽ (വേളൂർ), ജോയി പറപ്പള്ളിച്ചിറ (റബർ ബോർഡ്).

## മോളി ജോയി

**പ്രവിത്താനം:** പെരിഞ്ചേരിൽ മോളി ജോയി (71) അന്തരിച്ചു. മാറിക കണ്ണാത്തുകുഴി കുടുംബാംഗമാണ്. ഭർത്താവ് ജോയി കുര്യാക്കോസ്. മക്കൾ: അലാഡിൻ (യുഎസ്), അഡോണിയ. മരുമക്കൾ: ജിനേഷ് മാത്യു (യുഎസ്), ലിയോ ജോസഫ് (തിരുവാണിയൂർ).

## രാധ കെ. മാത്യൂസ്



**ന്യൂയോർക്ക്:** ദീർഘകാലം ആൽബനി നിവാസിയായിരുന്ന റിട്ട. രജിസ്റ്റേർഡ് നേഴ്സ് രാധ കെ. മാത്യൂസ് ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിൽ അന്തരിച്ചു.


**ഏറ്റുമാനൂർ:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ കിഴക്കുംഭാഗം കോമളവിലാസത്തിൽ പരമേശ്വരൻ നായർ (തങ്കപ്പൻ-90) അന്തരിച്ചു.

## പെണ്ണമ്മ മാത്യു

**പാലാ:** പൊരുന്നോലിൽ പെണ്ണമ്മ മാത്യു (83) അന്തരിച്ചു. മുത്തോലി പുതിയാത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു സഖറിയാ. മക്കൾ: പ്രകാശ് മാത്യു (ചാർട്ടേഡ് അക്കൗണ്ടന്റ്), ഷൈനി ജെയിംസ്, മിനി ജോസ്, സന്തോഷ് മാത്യു (യുഎസ്). മരുമക്കൾ: സുബി പ്രകാശ് പുത്തൻകടുപ്പിൽ തേക്കടി, ജെയിംസ് ഇ. മാത്യു കാഞ്ഞിക്കൽ പുത്തൻപുരയിൽ പുളങ്കുന്ന്, പി.യു. ജോസ് പരവര എറണാകുളം, രാജി ചാണ്ടീസ് കുരിയച്ചിറ തൃശൂർ.

**കൊച്ചി:** പള്ളിവാതുക്കൽ പരേതനായ ജേക്കബ് ജോർജിന്റെയും റോസമ്മയുടെയും മകൻ പനങ്ങാട് ജൂഡ് ജേക്കബ് പള്ളിവാതുക്കൽ (54) അന്തരിച്ചു.

## ബ്രദർ റോയ് വി. മാമ്മൻ



**ഹൂസ്റ്റൺ:** തിരുവനന്തപുരം കുമാരപുരം ഷാരോൺ ഹൗസിൽ പരേതരായ പി.പി. മാമ്മൻ & സാറാമ്മ മാമ്മൻ ദമ്പതികളുടെ മകൻ ബ്രദർ റോയ് വി. മാമ്മൻ (68) ഹൂസ്റ്റണിൽ അന്തരിച്ചു. തിരുവനന്തപുരം കുന്നുകുഴി ബ്രദറൺ അസംബ്ലി മുൻ അംഗമാണ്. ഭാര്യ സിസ്റ്റർ ജോളി മാമ്മൻ (കുമ്പനാട് മാങ്കൂട്ടത്തിൽ ബ്രദർ പി.എം. മാത്യുവിന്റെ മകളാണ്. മക്കൾ: ബെക്കി & നഥാൻ, ലിയ & ആബേൽ. സഹോദരങ്ങൾ: ജോർജി പറയിൽ & വത്സ ജോർജി പറയിൽ (ഹൂസ്റ്റൺ), സൂസൻ വർഗീസ് & വർഗീസ് ചാക്കോ (കുമാരപുരം), വത്സ ജേക്കബ് & ജേക്കബ്സൺ എം.കെ. (പാങ്ങപ്പാറ).

**ഒളശ്ശ:** പറമ്പിൽ പരേതനായ പി.ജെ. കുര്യന്റെ മകൻ കോട്ടയം ഏഷ്യാഡ് അഡൈ്വർടൈസിങ് മാനേജിങ് ഡയറക്ടർ ജേക്കബ് തരകൻ (ടാജി-60) അന്തരിച്ചു.

## എം.വി. വർഗീസ്

**റാന്നി:** പൂവന്മല മരുതൂർ എം.വി. വർഗീസ് (87) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ പരേതയായ അമ്മുക്കുട്ടി. മക്കൾ: റവ. ജോബി വർഗീസ് (വികാരി സെ. പീറ്റേഴ്സ് മാർത്തോമ്മാ പള്ളി പൂണെ), ജിബി വർഗീസ് (യുഎസ്), ജിനിത (ബെംഗ്ളൂരു). മരുമക്കൾ: സൂസൻ (ആനിക്കാട്), മിനി (യുഎസ്), സാം (ബെംഗ്ളൂരു).

**ഇലന്തൂർ ഈസ്റ്റ്:** ജബൽപൂർ ഓർഡിനൻസ് ഫാക്ടറി റിട്ട. ഓഫീസ് സൂപ്രണ്ട് പരുത്തിയിൽ റെജി വില്ലയിൽ സി.പി. ഏബ്രഹാം (90) അന്തരിച്ചു.

## സണ്ണി സെബാസ്റ്റ്യൻ

**പാലക്കാട്ടുമല:** കുളങ്ങര (കാക്കാനിക്കൽ) സണ്ണി സെബാസ്റ്റ്യൻ (66) അന്തരിച്ചു. ഭാര്യ വയലാ പാലേട്ട് വത്സമ്മ ജോസഫ്. മക്കൾ: സിന്ധ്യ, സിൽജ (യുകെ), സിബിൽ (യുഎസ്). മരുമക്കൾ: ഡെൻസിൽ (കുണിഞ്ഞി), ക്രിസ്റ്റൽ (യുഎസ്).

**ചെമ്പനോട:** ചെമ്പനോട സെ. ജോസഫ്സ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ കുന്നത്ത് കെ.വി. പൗലോസ് (76) അന്തരിച്ചു.

**പാമ്പാടി:** വെട്ടിക്കാട്ട് ലീലാമ്മ പീറ്റർ (കുഞ്ഞമ്മ-98) അന്തരിച്ചു.

## സി. ഗീത

**കൊല്ലം:** റിട്ട. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ തിരുമുല്ലവാരം സന്നിധിയിൽ സി. ഗീത (64) അന്തരിച്ചു. ഭർത്താവ് പൊൻകുന്നം പുന്നാംപറമ്പിൽ പി. രവീന്ദ്രൻ (ചെയർമാൻ ശ്രേയസ് ഹയർ സെക്കൻഡറി സ്കൂൾ). മക്കൾ: ഡോ. ഉണ്ണികൃഷ്ണൻ (മെഡിസിറ്റി കൊല്ലം), ഹരികൃഷ്ണൻ (യുഎസ്). മരുമക്കൾ: ഡോ. ആര്യാ ഉണ്ണികൃഷ്ണൻ (കൈലാസ് ദന്തൽ ക്ലിനിക് കൊല്ലം), ലക്ഷ്മി ഹരികൃഷ്ണൻ (യുഎസ്).

## വി.ടി. ജോസഫ്

**വാകത്താനം:** തെക്കേപ്പുറത്ത് വെട്ടിയിൽ എഫ്എസിടി റിട്ട. ചീഫ് അഗ്രോണമിസ്റ്റ് വി.ടി. ജോസഫ് (ജോയി-85) അന്തരിച്ചു. ഭാര്യ മുളന്തുരുത്തി കാട്ടുമങ്ങാട്ട് ആനി. മക്കൾ: തരുൺ (ഓസ്ട്രേലിയ), അരുൺ (ചിക്കാഗോ). മരുമക്കൾ: സൂസൻ (ഓസ്ട്രേലിയ), എൽസ (ചിക്കാഗോ).

## കണ്ടപ്പള്ളിൽ ചെറിയാൻ

**കളത്തിപ്പടി:** ആനത്താനം കൈരളി പേൾ ഹോംസ് കണ്ടപ്പള്ളിൽ ചെറിയാൻ (കുഞ്ഞുമോൻ-88) അന്തരിച്ചു. ഭാര്യ കൊല്ലാട് തെക്കേടത്ത് ആലീസ് ചെറിയാൻ. മക്കൾ: ബോബി തോമസ്, ബെൻ കുര്യൻ (യുഎസ്), ഡോ. ബിനിൽ ഇട്ടി ഐപ്പ് (യുഎസ്). മരുമക്കൾ: വാര്യപുരം ചാഞ്ഞപ്ലാക്കൽ ഡോ. സുധാ കുര്യൻ, മണർകാട് മടയ്ക്കൽ ഡോ. സിജി തോമസ് (ഇരുവരും യുഎസ്).

**വേളൂർ:** കനറാ ബാങ്ക് റിട്ട. മാനേജർ കോട്ടയ്ക്കാൽ (പുല്ലടത്തിൽ) ജോസ് സി. ഏബ്രഹാം (77) അന്തരിച്ചു.

## മറിയാമ്മ വർഗീസ്

**നിരണം:** കൊട്ടാപ്പള്ളിൽ മറിയാമ്മ വർഗീസ് (മോളി-83) അന്തരിച്ചു. മുക്കൂർ പാലയ്ക്കാത്തകിടി പള്ളിക്കാപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ദോഹ ക്വിഫ്കോ റിട്ട. ഉദ്യോഗസ്ഥൻ അനിയൻകുഞ്ഞ്. മക്കൾ: ജിജി (എംടിആർഎസ് തിരുവല്ല), ജയ്മോൻ (ക്വാളിറ്റി കൺട്രോൾ മാനേജർ, യുഎസ്), ഡോ. അലക്സ് വർഗീസ് (കുവൈറ്റ്). മരുമക്കൾ: തിരുവല്ലാ കരിപ്പായിൽ അഡ്വ. മാത്യൂസ് ജോസഫ്, മാവേലിക്കര വടക്കേത്തലയ്ക്കൽ സുജ (ഫീനിക്സ് യുഎസ്), പനമ്പള്ളി നഗർ അയ്യൻകോവിൽ ഡോ. ആഷ മേരി മാത്യു (എംഒഎച്ച് കുവൈറ്റ്).

**ഇരവിപേരൂർ:** മുംബൈ എംടിഎൻഎൽ റിട്ട. ഡിജിഎം ശങ്കരമംഗലത്ത് ജോൺ തരകൻ (മോൻ-81) അന്തരിച്ചു.

**കൊല്ലകടവ്:** ചെറുവല്ലൂർ മേലേക്കുഴിവേലിപ്പറമ്പിൽ (തീപ്പാംകുഴിയിൽ) എം. വി. വർഗീസ് (മോനച്ചൻ-65) അന്തരിച്ചു.

## സിസ്റ്റർ പ്രിയ വട്ടക്കേരിൽ

**കടുത്തുരുത്തി:** ബനഡിക്റ്റൻ സന്യാസിനി സമൂഹാംഗം സിസ്റ്റർ പ്രിയ വട്ടക്കേരിൽ (83) അന്തരിച്ചു. മാന്നാർ വട്ടക്കേരിൽ അഗസ്തി-ത്രേസ്യാമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: മാത്യു വട്ടക്കേരിൽ, ഫാ. പീറ്റർ വട്ടക്കേരിൽ (ഒഎസ്), തോമസ് വട്ടക്കേരിൽ, സിസ്റ്റർ ജോവിത (ഇൻഡോർ), റോസമ്മ ജോയ് ചക്കാലയ്ക്കൽ (യുഎസ്), ജോയ് വട്ടക്കേരിൽ, മേരിക്കുട്ടി ആന്റണി തോട്ടുങ്കൽ, ജെസി കുരുവിള ഓലിക്കൽ, സണ്ണി വട്ടക്കേരിൽ (യുഎസ്).

## ഏബ്രഹാം ഫിലിപ്പ്



**ഡാളസ്:** ചെങ്ങന്നൂർ സെ. ജോർജ് ഓർത്തഡോക്സ് ഇടവക മുൻ ട്രസ്റ്റി മലക്കര കടവനാലിൽ ഏബ്രഹാം ഫിലിപ്പ് (80) അന്തരിച്ചു. ഭാര്യ ഏലിയാമ്മ ഫിലിപ്പ് പത്തനാപുരം ചിറ്റാർ വള്ളിയാനിക്കുന്ന് കുടുംബാംഗം. മക്കൾ: സുനിൽ ഫിലിപ്പ് (ഡാളസ്), അനിൽ ഫിലിപ്പ് (അയർലൻഡ്). മരുമക്കൾ: അനിത സുനിൽ (ഡാളസ്), ഷീന അനിൽ (അയർലൻഡ്).

**മുളന്തുരുത്തി:** തുരുത്തിക്കര ഇടംപാടത്ത് വെട്ടിയാട്ടിൽ പ്രിയേഷ് ജോർജ് (48) ദുബായിൽ അന്തരിച്ചു.

**വീയപുരം:** കടപ്ര സെ. തോമസ് എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപിക പുള്ളിപ്പടവിൽ കോട്ടയിൽ സാറാമ്മ മാത്യു (ലീലാമ്മ-86) അന്തരിച്ചു.

## ജോർജ് ജോസഫ്

**കുമളി:** വെള്ളാരംകുന്ന് കാരയ്ക്കാട്ട് ജോർജ് ജോസഫ് (ബേബി-73) അന്തരിച്ചു. ഭാര്യ പുലിക്കുന്നേൽ മേരിക്കുട്ടി ജോർജ്. മക്കൾ: റോബിൻ കാരയ്ക്കാട്ട്, റോഷി ജോർജ്, റെനീഷ് ജോർജ് (ന്യൂയോർക്ക്), റിജോ ജോർജ്. മരുമക്കൾ: ജെസ്സി റോബിൻ, തങ്കമണി കുത്രപ്പള്ളിൽ, മനോജ് ജോസഫ്, അൽമ റെനീഷ് (ന്യൂയോർക്ക്), സുനു റിജോ.

**കൊല്ലം:** ചരിത്രകാരനും മനഃശാസ്ത്രജ്ഞനും അതിഥി തൊഴിലാളി സംഘാടകനും വെക്കേഷൻ ബൈബിൾ സ്കൂൾ സ്ഥാപകനുമായ കൊല്ലം രൂപതാ വൈദികൻ ഫാ. ഡോ. ജോസ് പുത്തൻവീട് (78) അന്തരിച്ചു.

**വാലാച്ചിറ:** മഠത്തിക്കുന്നേൽ കുര്യൻ ജോസഫ് (പാപ്പച്ചൻ-96) അന്തരിച്ചു.

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## Favors Received



*Inserted by: Firm Believer, Boston*

## Favors Received



*Inserted by: Firm Believer, Boston*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Mariamma, Florida*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Mariamma, Florida*

**Visit Our Website:** www.keralaexpress.com for Classified Advt.

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454** (WhatsApp USA) or email at **alexkalarickal@gmail.com**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

## Favors Received



*Inserted by: Firm Believer, Atlanta*

## Favors Received



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, New York*




# വിനായക് ശശികുമാർ ആദ്യമായി തിരക്കഥയൊരുക്കിയ ഹോട്ട്സ്റ്റാർ സീരീസ് 'സീക്രട്ട് സ്റ്റോറീസ് റോസ്‌ലിന്റെ' വിശേഷങ്ങൾ



'പവിഴ മഴയേ', 'രതി പുഷ്പം', 'പറുദീസ', 'ഇല്യൂമിനാറ്റി', 'ആരാധികേ', 'ഏയ് ബനാനേ', 'ആദരാഞ്ജലി നേരട്ടെ', 'തല തെറിച്ചവർ', 'ബേബി ബേബി', 'ഹാർട്ട് അറ്റാക്ക്', 'നിലാ കായും വെളിച്ചം', 'കുഞ്ഞിക്കവിൾ മേഘമേ'...തുടങ്ങിയ ഹിറ്റ് ഗാനങ്ങളുടെ രചയിതാവ് വിനായക് ശശികുമാർ ആദ്യമായി തിരക്കഥയൊരുക്കിയ വെബ്സീരീസ് 'റോസ്‌ലിൻ' ഹോട്ട് സ്റ്റാറിനെ തീപിടിപ്പിച്ചു മുന്നേറുന്നു. ജിത്തു ജോസഫിന്റെ സംവിധാനസഹായി സുമേഷ് നന്ദകുമാർ സംവിധാനം ചെയ്ത സീരീസിൽ വിനീത്, മീന, സഞ്ജന ദിപു, ഹക്കീം ഷാജഹാൻ എന്നിവർ പ്രധാന വേഷങ്ങളിൽ.

'റോസ്‌ലിൻ എന്ന പതിനേഴുകാരിയുടെ ഒരവധിക്കാലം. നിങ്ങളും അവൾക്കൊപ്പം ചെലവിടുന്നു എന്ന മാനസികാവസ്ഥയിൽ ഈ സീരീസ് കാണൂ. കഥാസഞ്ചാരം അതിവേഗത്തിലല്ലെങ്കിലും നിങ്ങൾ ഇതിൽ ചെലവഴിക്കുന്ന സമയം പാഴാകാതെ, തൃപ്തി തരുന്ന, ഒരുപക്ഷേ ഞെട്ടിക്കുന്ന ഒരു കഥാവസാനം ഞാൻ ഉറപ്പുതരുന്നു' - വിനായക് ശശികുമാർ പറയുന്നു.

തിരക്കഥയെഴുത്ത് നേരത്തേ ആഗ്രഹിച്ചിരുന്നു. കുറേ നല്ല സിനിമകളിലും ഹിറ്റ് സിനിമകളിലുമായി 13 വർഷമായി പാട്ടെഴുത്തിലാണ്. അതുകഴിഞ്ഞു ബാക്കിയുള്ള നേരത്തേ തിരക്കഥ ആലോചിക്കാനും എഴുതാനുമായിരുന്നുള്ളൂ. കോവിഡ് ലോക്ക്ഡൗൺ സമയത്ത് എനിക്കു വന്ന ഒരു ചിന്ത പിന്നീടു വികസിപ്പിച്ചതാണ് 'റോസ്‌ലിൻ'. ഷൂട്ടിംഗ് കഴിഞ്ഞിട്ടുതന്നെ രണ്ടു വർഷമായി. ഹോട്ട് സ്റ്റാർ റിലീസിംഗിനായി കാത്തിരിക്കുകയായിരുന്നു.

അൻവർ റഷീദിന്റെ സഹസംവിധായകനായിരുന്ന സുമേഷിനെ ഞാൻ പാട്ടെഴുതിയ 'ട്രാൻസ്' സിനിമയുടെ സെറ്റിലാണു പരിചയപ്പെട്ടത്. അങ്ങനെയാണ് ഇതിലേക്കെത്തിയത്. സംവിധാനം ചെയ്യാനുള്ള ആഗ്രഹം പങ്കുവെച്ച സുമേഷ് എന്നോടു കഥകളുണ്ടോ എന്നു ചോദിച്ചു. മിസ്റ്ററി ത്രില്ലർ ജോണറാണു താത്പര്യമെന്നും പറഞ്ഞു. ജിത്തു ജോസഫിന്റെയും സംവിധാന സഹായിയായിരുന്നു സുമേഷ്. അങ്ങനെ സുമേഷ് വഴി ജിത്തു സാറിനെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ആറേഴു സിനിമകളിൽ ഞാൻ പാട്ടെഴുതി. പിന്നീടു സുമേഷിനു വേണ്ടി ചിന്തിച്ച കഥയാണ് 'റോസ്‌ലിൻ'. മൂന്നു മണിക്കൂറെടുത്ത് കഥകേട്ട ജിത്തു സാർ ഇഷ്ടത്തോടെ ഈ സീരീസിന്റെ ഷോ റണ്ണറായി. ഹോട്ട്സ്റ്റാറുമായുള്ള ആശയവിനിമയങ്ങൾ ഷോ റണ്ണർ വഴിയാണ്. തിരക്കഥ, ഷൂട്ടിംഗ് ഫൂട്ടേജ് എന്നിവ അപ്രൂവ് ചെയ്യണം. പ്രധാന സീനുകൾ ഷൂട്ട് ചെയ്യുന്ന ദിവസം സെറ്റിലുണ്ടാവണം. അത്തരം ഒരു മേൽനോട്ടം ആദ്യാവസാനം അദ്ദേഹത്തിൽ നിന്ന് ഉണ്ടായിരുന്നു.

അവതരണരീതി വലിയ ഒരു ത്രില്ലറായി പറയാൻ ഉദ്ദേശിച്ചിരുന്നില്ല. ത്രില്ലറുടെ കഥാസഞ്ചാരം അതിവേഗത്തിലാണ്. ഇതിൽ അങ്ങനെയല്ല. ഒരു പെൺകുട്ടിയുടെ വെക്കേഷന്റെ ജീവിതവേഗം തന്നെയാണ് ഇതിനുള്ളത്. ഒരു പതിനേഴുകാരിയുടെ ജീവിതത്തിൽ അവളുടെ ഒരവധിക്കാലത്തു സംഭവിക്കുന്ന, ഹോംലി ആംബിയൻസിൽ പതിയെപ്പതിയെ ചുരുളഴിയുന്ന ഒരു മിസ്റ്ററി ഡ്രാമ എന്ന നിലയിലാണ് ഇതു സെറ്റ് ചെയ്തിരിക്കുന്നത്.



ഈ സീരീസിലെ കഥാപാത്രമായ റോസ്‌ലിന്റെ പോയിന്റ് ഓഫ് വ്യൂവിലാണു കഥ പോകുന്നത്. റോസ്‌ലിന് അറിയാവുന്നതു മാത്രമേ പ്രേക്ഷകർക്കും അറിയുകയുള്ളൂ. റോസ്‌ലിൻ അറിയുന്ന ഘട്ടത്തിൽ അതു പ്രേക്ഷകരും അറിയും. അങ്ങനെയാണു കഥാസഞ്ചാരം. ഒരാൾ ജീവിതത്തിലേക്കു കടന്നുവരുന്നു. അയാൾ പ്രശ്നക്കാരനെന്നു നമുക്കു തോന്നുന്നു. അത് അടുപ്പമുള്ളവരോടു പറയുമ്പോൾ എന്തടിസ്ഥാനത്തിലാണു പറയുന്നതെന്ന് അവർ ചോദിക്കും. അതു ഞാൻ സ്വപ്നത്തിൽ കണ്ടിട്ടുണ്ടെന്നു പറഞ്ഞാൽ ജീവിതത്തിൽ ആരും വിശ്വസിക്കില്ല. അതാണ് ഈ കഥയിലെ രസകരമായ ഘടകം. തെളിവുണ്ടാക്കാൻ ശ്രമിക്കുന്നുവെങ്കിലും അതൊക്കെ പരാജയപ്പെടുന്നു. അതിനിടെ സത്യമാണെന്നു വിചാരിച്ചു നമ്മൾ പറയുന്നതെല്ലാം ഒരുതരം ഉന്മത്താവസ്ഥയിൽ പറയുന്നതാണോ എന്നു നമുക്കു തന്നെ സംശയം തോന്നുന്നു. ഇത്തരം ചെറിയ പ്ലേകളാണ് ഇതിന്റെ പുതുമ.

റോസ്‌ലിൻ എന്ന കഥാപാത്രം അവതരിപ്പിച്ചത് സഞ്ജനയാണ്. നിവിൻ പോളിയുടെ 'മൂത്തോനി'ൽ ഒരു പ്രധാന വേഷം ചെയ്തയാളാണു സഞ്ജന. ഫസ്റ്റ് ഹാഫിൽ ആൺകുട്ടി, സെക്കൻഡ് ഹാഫിൽ പെൺകുട്ടി! അങ്ങനെയാണ് ആ വേഷം. വീഡിയോകോളിൽ ഒന്നു രണ്ടു സീൻ സഞ്ജന ചെയ്തു കാണിച്ചു. ഞങ്ങളുടെ റോസ്‌ലിനു കൃത്യമായി ചേരുമെന്നു കണ്ടു. വെബ്സീരീസിൽ മീന അഭിനയിക്കുമോ എന്നു സന്ദേഹമുണ്ടായിരുന്നു. കഥ കേട്ടപ്പോൾ ശോഭ എന്ന കഥാപാത്രമാകാൻ മീനയും ആവേശത്തിലായി. 'എക്കോ'യ്ക്കു മുന്നേ വിനീത് ഇതിൽ അഭിനയിച്ചതാണ്. ഇതിന്റെ റിലീസ് ആയപ്പോഴേക്കും എല്ലാവരും കാണാൻ കൊതിക്കുന്ന ഒരാക്ടറായി വിനീതിന്റെയും ഗ്രാഫ് ഉയർന്നു. റോസ്‌ലിന്റെ തിരക്കഥ നന്നായി ഹൃദിസ്ഥമാക്കി, അദ്ദേഹമില്ലാത്ത രംഗങ്ങളുടെ ചിത്രീകരണ വേളകളിൽ പോലും ഞങ്ങളോടൊപ്പം നിന്ന നടനാണു വിനീത്. 'അമ്മായി കോസം' എന്ന തെലുങ്കു സിനിമയ്ക്കുശേഷം ഇതിലാണ് വിനീത്-മീന കോംബിനേഷൻ. ഈ കഥയിൽ മിസ്റ്ററി കൊണ്ടുവരുന്നതു പച്ചക്കണ്ണുള്ള ജെറിയാണ്. ആ വേഷത്തിനു മുൻവിധികളില്ലാതെ പ്രേക്ഷകർ സമീപിക്കുന്ന ഒരാളെ വേണമായിരുന്നു. കിട്ടുന്ന വേഷങ്ങൾ ചെറുതോ വലുതോ ആവട്ടെ, തന്റെ വേഷം മോശമാക്കാത്ത ഹക്കീം ഷാജഹാൻ അങ്ങനെ ജെറിയായി.

'നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകളി'ലെ വീടുപോലെ തന്നെയുണ്ട് റോസ്‌ലിന്റെ വീടുമെന്നാണ് ലൊക്കേഷനിലെത്തിയപ്പോൾ വിനീത് പറഞ്ഞത്. വണ്ടിപ്പെരിയാറിലുള്ള ഒരു വീടാണത്. 1980-കളിൽ ഒരു മലയാള സിനിമയുടെ ഷൂട്ടിംഗ് അവിടെ നടന്നിട്ടുണ്ട്. അതിനുശേഷം അടഞ്ഞുകിടക്കുകയായിരുന്നു. മലമ്പ്രദേശത്തെ ഒരു വീടു വേണം. ആ വീടിനു പുറത്തുനിന്ന് സ്റ്റെയർകേസ് വേണം. ഒരു റൂമിൽ നിന്ന് മറ്റൊരു ബെഡ് റൂം കാണത്തക്ക രീതിയിൽ അകത്തൊരു ജനൽ വേണം. റോസ്‌ലിൻ ഇംഗ്ലീഷ് ഫിക്ഷൻ ബുക്കുകൾ വായിച്ചു കിടന്നുറങ്ങുന്നയാൾ ആയതുകൊണ്ടുതന്നെ അത്തരം ബുക്കുകളിലെ കഥകളിൽനിന്ന് അടർത്തിയെടുത്ത ഒരു ആംബിയൻസ് വേണം. ഇതൊക്കെ ആ കഥയ്ക്ക് ആവശ്യമായിരുന്നതിനാൽ ഏറെ വീടുകൾ തെരഞ്ഞാണ് ഇതു കിട്ടിയത്.

എല്ലാത്തരം ജോണറുകളും താത്പര്യമുണ്ട്. തുടങ്ങിയത് ഇതിലാണെന്നേയുള്ളൂ. ഇതിന്റെ സെക്കൻഡ് സീസൺ വന്നാൽ ചിലപ്പോൾ അത് ഇതേ ജോണറിലാവും. എഴുതിക്കൊണ്ടിരിക്കുന്ന ബാക്കി കഥകളിലൊക്കെ മറ്റു ജോണറുകളും ഞാൻ ശ്രമിക്കുന്നുണ്ട്. സിനിമകളിലേക്കും ശ്രമിക്കണമെന്നാണ് ആഗ്രഹം. ഒരുപാടുപേർ ഒരുമിച്ചിരുന്നുകണ്ട് ആസ്വദിക്കേണ്ട വലിയ കാൻവാസിലുള്ള കഥകളാണെങ്കിൽ തിയറ്ററിനുവേണ്ടി ചെയ്യും. സംവിധാനത്തിലും താത്പര്യമുണ്ട്. ഇപ്പോൾ ഇതു സംഭവിച്ചതുപോലെ സ്വാഭാവികമായി അതും എപ്പോഴെങ്കിലും സംഭവിക്കട്ടെ.

ജെൻ സി ഇഷ്ടങ്ങളിലുള്ള പാട്ടെഴുത്തിനെകുറിച്ച് പറയുകയാണെങ്കിൽ അതൊരു പുതിയ വെല്ലുവിളിയൊന്നുമല്ല. എന്റെ സൗഹൃദത്തിൽ ജെൻ സിയിലെ ആളുകളുണ്ട്. എനിക്ക് അവർ അന്യരല്ല. ആളുകൾ 30 സെക്കൻഡിന്റെയും 15 സെക്കൻഡിന്റെയും യുട്യൂബ് ഷോർട്ടും റീലുകളും കാണുന്ന ഇക്കാലത്ത് മൂന്നോ നാലോ മിനിറ്റ് പാട്ട് കേൾക്കുമോ എന്നതു മാത്രമാണു വെല്ലുവിളി.

സ്ക്രിപ്റ്റും ട്യൂണുമാണ് നമുക്ക് എന്തുതരം വരികളാണ് എഴുതേണ്ടത് എന്നതിനു വ്യക്തത തരുന്നത്. 'ആവേശം' പോലെ ഒരു സിനിമയിൽ എഴുതേണ്ട പാട്ടുകൾ ആയിരിക്കില്ലല്ലോ സ്വാഭാവികമായും 'ദൃശ്യം 3'-യിൽ എഴുതേണ്ടിവരിക. കൂടെ വർക്ക് ചെയ്യുന്നവരുടെ ടേസ്റ്റും ആ സിനിമയുടെ പ്രേക്ഷകർ ആരാണ് എന്നതുമാണു നോക്കുക. പാട്ടെഴുതുമ്പോൾ അവരെ തൃപ്തിപ്പെടുത്തിയാൽ മതി. എല്ലാ മലയാളികളെയും തൃപ്തിപ്പെടുത്തേണ്ടതില്ലല്ലോ.

'വാഴ'യുടെ പ്രേക്ഷകരിലേറെയും കുട്ടികളോ യൂത്തോ ആണ്. അവരെ തൃപ്തിപ്പെടുത്തുന്ന, അവർക്ക് എളുപ്പത്തിൽ പാടാൻ പറ്റുന്ന വരികളാണ് എഴുതിയത്. അതേസമയം 'ആശാൻ' സിനിമയിലെ കുഞ്ഞിക്കവിൾ മേഘമേ പോലുള്ള പാട്ടുകൾ എഴുതുമ്പോൾ കുറേക്കൂടി വിശാലമായ പ്രേക്ഷകർ അതു പാടും. അവർ കേൾക്കും എന്നും എനിക്കറിയാം. ദൃശ്യം 3, അമൽ നീരദിന്റെ ബാച്ചിലർ പാർട്ടി 2, കാട്ടാളൻ എന്നിവയാണു ഞാൻ പാട്ടെഴുതിയ പുത്തൻ സിനിമകൾ.

സിനിമയ്ക്കുള്ളിൽ പാട്ട് ഒരുമിച്ചു കേൾക്കണം എന്നതു പഴയൊരു ചിന്തയാണ്. ഇപ്പോൾ അതു പുലർത്തേണ്ടതില്ല. കാരണം, സിനിമയുടെ മേക്കിംഗ് സ്റ്റൈൽ മാറി. സിനിമയ്ക്കുള്ളിൽ 2-3 മിനിറ്റ് പാട്ട് കട്ടുകളില്ലാതെ കേൾക്കണമെന്ന ആഗ്രഹം വ്യക്തിപരമായി സംഗീതസംവിധായകനോ എഴുത്തുകാരനോ ഉണ്ടാവാം.

പക്ഷേ, അതിൽ കാര്യമൊന്നുമില്ല. ഇപ്പോൾ സ്പോട്ടിഫൈ, ആപ്പിൾ മ്യൂസിക് പോലെയുള്ള പ്ലാറ്റ്ഫോമുകളിൽ ഈ പാട്ടുകളുടെ മുഴുവൻ വേർഷൻ ഇറങ്ങുന്നുണ്ട്. പണ്ട് അതൊന്നുമില്ലല്ലോ.

എന്റെ കരിയറിലെ ഏറ്റവും ഹിറ്റായ കുറച്ചു പാട്ടുകൾ.... 'ആവേശ'ത്തിലെ ഇല്യുമിനാറ്റി, 'രോമാഞ്ച'ത്തിലെ ആദരാഞ്ജലി നേരട്ടെ', 'തുടരും' സിനിമയിലെ കൊണ്ടാട്ടം എന്നിവയൊന്നും സിനിമയിലേ ഇല്ല. പക്ഷേ, അതൊന്നും ഹിറ്റിനെ ബാധിക്കുന്നില്ല. ഇല്യുമിനാറ്റിയാണ് ഏറ്റവും യുട്യൂബ് വ്യൂ ഉള്ള മലയാളം പാട്ട്.




# 'പഗിട കളി' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി




പൂർണമായും ഐഫോണിൽ ചിത്രീകരിച്ച് 7.1 ഡോൾബി സൗണ്ട് മിക്സിംഗോടെ ഒരുങ്ങുന്ന സസ്പെൻസ് ത്രില്ലർ ചിത്രം പഗിട കളിയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി.

പണി സിനിമയുടെ അസോസിയേറ്റ് ഡയറക്ടറായ നിഷാദ് ഹസൻ ആണ് ചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നത്.

ദേവസൂര്യ, ടിറ്റോ വിൽസൺ, രഞ്ജിത മുകുന്ദൻ, അന്ന മരിയ, അമൽ സുരേഷ്, പ്രിൻസ് ജോൺ, ത്രയംബകരണ ദിവെ, ലിന്റോ ജോണി എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ദേവസൂര്യ ഫിലിം ഹൗസ് ബാനറിൽ മുരളി ദേവസൂര്യയാണ് ചിത്രം നിർമിക്കുന്നത്.

ചിത്രത്തിന്റെ ഛായാഗ്രഹണം, എഡിറ്റിംഗ്, ആക്ഷൻ എന്നിവയും സംവിധായകൻ നിഷാദ് ഹസൻ തന്നെയാണ് നിർവഹിക്കുന്നത്.

എസ്.എസ്. കാർത്തികേയൻ, ദിനു മോഹൻ, നിഷാദ് ഹസൻ എന്നിവർ എഴുതിയ വരികൾക്ക് വിനായക് ശരത് ചന്ദ്രൻ സംഗീതം പകരുന്നു. നൊച്ചിപ്പെട്ടി തിരുമൂർത്തി, ദിയ കരൺ ആനന്ദ് എന്നിവരാണ് ഗായകർ.

അസോസിയേറ്റ് ഡയറക്ടർ-മുരളി ദേവസൂര്യ, സ്ക്രിപ്റ്റ് അസോസിയേറ്റ്-പ്രതീക്ഷ പ്രകാശൻ, അസിസ്റ്റന്റ് ഡയറക്ടർമാർ-അമൽ സുരേഷ്, അഭിനന്ദ് പി. രമേശ്, സൗണ്ട് എഫക്റ്റ്സ് ആൻഡ് ഫൈനൽ മിക്സ്-കരുൺ പ്രസാദ്, സൗണ്ട് എഞ്ചിനീയർ-ദീപക് വർഗീസ്, ഡിഐ-റെജിൻ സാന്റോ, മേക്കപ്പ് ചീഫ്-അഞ്ജലി നായർ, സ്റ്റിൽസ്-റഹീസ് റോബിൻസ്, പോസ്റ്റർ ഡിസൈൻ-നിഷാദ് ഹസൻ, ശ്രീജിത്ത് പുത്തൻമടം, ക്രിയേറ്റീവ് സപ്പോർട്ട്-അനന്തു അശോകൻ, മിൽജോ ജോണി.

കേരളത്തിൽ നടന്ന ഒരു കൊലപാതകവും തുടർന്ന് ഒരു കുട്ടിയെ കാണാതാകുന്ന സംഭവവുമാണ് ചിത്രത്തിന്റെ കഥയ്ക്ക് തുടക്കമാകുന്നത്. പിന്നീട് ഇന്ത്യയിലുടനീളം വ്യാപിക്കുന്ന അന്വേഷണത്തിലൂടെ മുന്നേറുന്ന സസ്പെൻസ്, റൊമാൻസ്, റിവഞ്ച് ത്രില്ലർ ചിത്രമാണ് പഗിടകളി.

മലയാളം, തമിഴ്, ഹിന്ദി ഭാഷകളിലായി ചിത്രം മാർച്ചിൽ പ്രദർശനത്തിനെത്തും.

# 'ഇരുവരവ്' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി

ഷൈൻ ടോം ചാക്കോ, കോട്ടയം നസീർ, ശിവജിത് പത്മനാഭൻ, മീനാക്ഷി രവീന്ദ്രൻ, ശരണ്യ രാമചന്ദ്രൻ, സിതാര ബാലകൃഷ്ണൻ എന്നിവരുടെ സോഷ്യൽ മീഡിയ പേജിലൂടെ 'ഇരുവരവ്' സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ഔദ്യോഗികമായി പുറത്തിറങ്ങി.

നവാഗതനായ സലോഷ് വർഗീസ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥ ഉമേഷ് ഒറ്റക്കൽ. തിരക്കഥ-സംഭാഷണം ഒരുക്കിയത് സലോഷ് വർഗീസ്, ഉമേഷ് ഒറ്റക്കൽ എന്നിവർ ചേർന്നാണ്. കാമറ-പ്രസാദ് അറുമുഖം, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ബി. ഹരി, കലാ സംവിധാനം-ഉണ്ണി ക്ലാസിക്, വസ്ത്രാലങ്കാരം-രാജു ഈങ്ങാപ്പുഴ, ചമയം-അനൂപ് സാബു, നിർമാണ നിർവഹണം-കവിത സലോഷ്, സംഗീത സംവിധാനം-ശിവ കൃഷ്ണൻ, ഗാനരചന-വിശ്വാമിത്ര, ഗായകർ-വിജയ് യേശുദാസ്, സിതാര, അഫ്സൽ, നിമ്യ ലാൽ, പശ്ചാത്തല സംഗീതം-സുരേഷ് നന്ദൻ, സംഘട്ടനം-ഡ്രാഗൺ ജിറോഷ്, കൊറിയോഗ്രാഫി-മിഥുൻ മനോഹർ, സ്റ്റിൽസ്-മനോജ് റിയൽ വിഷൻ, എഡിറ്റർ, സൗണ്ട് ഡിസൈൻ ആൻഡ് മിക്സ്-കൃഷ്ണജിത് എസ്. വിജയൻ, ഡി ഐ ആൻഡ് കളറിസ്റ്റ്-ഹുസൈൻ അബ്ദുൽ ഷുക്കൂർ, സ്റ്റുഡിയോ-മൂവിയോള കൊച്ചിൻ. ഷായി ഷങ്കർ, എയ്ഞ്ചൽ അനിൽ, നസീർ സംക്രാന്തി, ഗായത്രി നമ്പിയാർ, ഗോപൻ കൽഹാര, ഉണ്ണി ബാനം, സന്ദീപ് ചന്ദ്രപ്പൻ, ലിജോ ലോനപ്പൻ, ഷാജി സുരേഷ്, ഹാഫിദ് സേട്ട്, ശ്രീദേവി എന്നിവരും അഭിനയിക്കുന്നു.

# 'നീതി' ഒരു പകരംവീട്ടലിന്റെ കഥ ചിത്രീകരണം പൂർത്തിയായി

ഒരു പകരംവീട്ടലിന്റെ കഥയുമായി എത്തുകയാണ് നീതി എന്ന കൊച്ചു ചിത്രം. ഇടം ക്രിയേഷൻസിന്റെ ബാനറിൽ രാജലക്ഷ്മി ഇലമനമറ്റം, വേണു അമ്പലപ്പുഴ എന്നിവർ ചേർന്ന്




നിർമിക്കുന്ന ഈ ക്രൈം ത്രില്ലർ ചിത്രം, തിരക്കഥാകൃത്തും നടനും സംവിധായകനുമായ എലിക്കുളം ജയകുമാർ സംവിധാനം ചെയ്യുന്നു. ഗ്രാമപ്രദേശത്ത് സ്വസ്ഥമായി ജീവിക്കുന്ന രാജനും മിനിയും. ഇവരുടെ ഏക മകൾ ശ്യാമ മൃഗീയമായ പീഡനത്താൽ മരണപ്പെടുന്നു. ഷിബു, ശ്രീരാജ്, രാജേഷ് എന്നീ മൂന്ന് ചെറുപ്പക്കാരെ പ്രതികളായി പിടികൂടുന്നു. ശ്യാമയുടെ അച്ഛൻ രാജൻ പ്രതികൾക്ക് മതിയായ ശിക്ഷ വാങ്ങിക്കൊടുക്കാൻ ശ്രമം തുടങ്ങി. കഥ-അജി പാലക്കാടൻ, ഛായാഗ്രഹണം-ശശി നാരായണൻ, അസോസിയേറ്റ് ഡയറക്ടർ-എബിൻ ഏബ്രഹാം കട്ടപ്പന, അസോസിയേറ്റ് ക്യാമറാമാൻ-പട്ടുരാജൻ, എഡിറ്റിംഗ്-ഫിലോസ് പീറ്റർ, ആർട്ട്-വിൻസന്റ്, പ്രൊഡക്ഷൻ കൺട്രോളർ-ആർ.കെ. മാമല, രാജലക്ഷ്മി ഇലമനമറ്റം, വേണു അമ്പലപ്പുഴ, ജെസി കോതമംഗലം, ഫിലിപ്പ് ഓടയ്ക്കൽ, സുമേഷ് വിദ്യാധർ, ത്രയാൻ, അൻസാർ താഹ കായംകുളം, സിയോണ ഷാജി, മനോജ് വിഷ്ണു, കാശിനാഥ്, ആദിത്യൻ അജികുമാർ, ആവണി അജികുമാർ, മിനി ഉണ്ണി, ദീപ ബിനോയ്, ഷേർളി ഫിലിപ്പ്, ശ്യാം മറവൻ എന്നിവർ അഭിനയിക്കുന്നു.

# 'വെറി' തിയറ്ററുകളിൽ

ഒയാസിസ് ഇന്റർനാഷണൽ ഫിലിംസിന്റെ ബാനറിൽ സുനിൽകുമാർ നിർമിച്ച് ഷാൻ തൻഹ സംവിധാനം ചെയ്യുന്ന വെറി എന്ന സൈക്കോളജിക്കൽ ത്രില്ലർ ചിത്രം പ്രദർശനത്തിനെത്തി.

മനുഷ്യ മനസിന്റെ സങ്കീർണതകളും പ്രതികാരത്തിന്റെ ആഴവും ദൃശ്യവത്കരിക്കുന്ന ഈ ചിത്രത്തിൽ ജോമോൻ ജോഷി, ബിബിൻ നായർ, ടീന ജോസ്,




അഞ്ജന, എസ്. സുനിൽകുമാർ, ശ്രീരാജ് കാപ്പാടൻ, കിരൺ സരിഗ, സജിൻ ദാസ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഛായാഗ്രഹണം-സജീം പൂവച്ചൽ, കഥ-തിരക്കഥ-സംഭാഷണം-ശംസീർ ഖാൻ, സംഗീതം-അലി രാഷ്ട്ര, റിജോഷ്, എഡിറ്റർ-ബാബുരാജ്, പശ്ചാത്തല സംഗീതം-അലി രാഷ്ട്ര, സൗണ്ട് ഡിസൈൻ-ഷാബു ചെറുവല്ലൂർ, ആർട്ട്-അരുൺ ചിത്തര, മേക്കപ്പ്-രാജേഷ് വെള്ളനാട്, അമൽ എറ്റേണൽ, കോസ്റ്റ്യൂസ്-വിഷ്ണു ആറ്റുകാൽ.

# പഴയ ട്രാഫിക് നിയമലംഘനം; പിഴത്തുക പകുതിയാക്കി

തിരുവനന്തപുരം: 2024-വരെ സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനത്തിന് വാഹന ഉടമകൾക്കുമേൽ ചുമത്തിയ പിഴത്തുക പകുതിയാക്കി മന്ത്രിസഭാതീരുമാനം. 2024 ഡിസംബർ 31 വരെയുള്ള നിയലംഘനങ്ങൾക്കുള്ള പിഴ അടുത്തമാസം 30-ന് മുൻപ് അടച്ചാലാണ് ഈ ഇളവ് ലഭിക്കുക. 933 കോടിയോളം രൂപയാണ് സർക്കാരിന് പിഴയിനത്തിൽ കിട്ടാനുള്ളത്. ഇതിന്റെ പകുതിയോളം തുക ഉടൻ ലഭിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. 2021-നു ശേഷം 60 വയസ് തികഞ്ഞ 10,115 കൃഷിക്കാരെ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2000 രൂപ പെൻഷൻ അനുവദിക്കും. ഇതിനായി 24.28 കോടിരൂപ അനുവദിച്ചു. 2,225 കൃഷിക്കാരുടെ പെൻഷൻ അപേക്ഷകളിൽ ഉടൻ തീരുമാനമെടുക്കും. 2021 ഒക്ടോബർ മുതൽ പ്രകൃതിക്ഷോഭം മൂലം വിളനശിച്ചവർക്ക് സഹായം നല്കാൻ 76.88 കോടി രൂപ അനുവദിച്ചു. ഒന്നര ലക്ഷം കൃഷിക്കാർക്ക് ലഭിക്കും. വിള ഇൻഷ്വറൻസ് ഇനത്തിൽ 2024 ജൂൺ മുതൽ കുടിശികയുള്ള 43.19 കോടിയും അനുവദിക്കും. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 1,857 അദ്ധ്യാപക തസ്തികകൾ അനുവദിക്കും. 2025-26-ലെ തസ്തിക നിർണയത്തിന്റെ അടിസ്ഥാനത്തിലാണിത്. സർക്കാർ സ്കൂളുകളിൽ 855 അധിക തസ്തികകളും എയ്ഡഡ് സ്കൂളുകളിൽ 1202 അധിക തസ്തികകളുമാണ് അനുവദിക്കുക.

# ഗുണ്ടാ നേതാവിനെ വെട്ടിക്കൊലപ്പെടുത്തിയ സംഭവം: പത്തു പ്രതികളും അറസ്റ്റിൽ

കരുനാഗപ്പള്ളി: ജാമ്യത്തിലിറങ്ങിയ ഗുണ്ടാ നേതാവ് അലുവ അതുലിനെ നടുറോഡിൽ വെട്ടി കൊലപ്പെടുത്തിയ കേസിൽ പത്തു പ്രതികളും അറസ്റ്റിലായി. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം 381/2026 ആയി രജിസ്റ്റർ ചെയ്ത കേസിൽ കടത്തൂർ കണ്ണമ്പള്ളി തെക്കേതിൽ അനീർ (32), തഴവ വില്ലേജിൽ കടത്തൂർ മുറിയിൽ കരീപള്ളി കിഴക്കതിൽ വിഷ്ണു (28), കടത്തൂർ വലിയത് പടിഞ്ഞാറ്റതിൽ നൗഫൽ (30), കടത്തൂർ, കുന്നേൽ വടക്കതിൽ സലിം മകൻ ഹുസൈൻ (31), കുലശേഖരപുരം വില്ലേജിൽ മുഹമ്മദ് ആഷിക് (27), കുലശേഖരപുരം കൊച്ചുവീട്ടിൽ ഷംനാദ് (30), പുലിയൂർ വഞ്ചി വടക്ക് റഹിം മൻസിലിൽ മുഹമ്മദ് ഫൈസൽ ഖാൻ (29), കടത്തൂർ ഫാത്തിമ മൻസിലിൽ അലി ഉമ്മർ (24), തേവലക്കര തടത്തിൽ വീട്ടിൽ ഷിനു പീറ്റർ (31), കുലശേഖരപുരം കൊല്ലന്റയ്യത്തു വീട്ടിൽ ആദിൽ മുഹമ്മദ് (21) എന്നിവരാണ് അറസ്റ്റിലായത്. സംഭവത്തിൽ പ്രതികൾ ഉപയോഗിച്ച വാഹനങ്ങളും പോലീസ് കസ്റ്റഡിയിൽ എടുത്തു. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കുചേർന്ന നൗഫൽ, ഷംനാദ് (ശങ്കരാടി), ഷിനു പീറ്റർ, മുഹമ്മദ് ഫൈസൽ (ക്ഷണ്ടി ഫൈസൽ) എന്നിവരെ ആദ്യം കസ്റ്റഡിയിൽ എടുത്തിരുന്നു. ഇവരെ ചോദ്യം ചെയ്തതിൽനിന്ന് മറ്റു പ്രതികൾ കൃത്യത്തിന് ഉപയോഗിച്ച ഇന്നോവ വാഹനം ഉപേക്ഷിച്ച് മറ്റൊരു സ്വിഫ്റ്റ് വാഹനത്തിൽ രക്ഷപ്പെട്ടതായി വിവരം കിട്ടി. തുടർന്നാണ് മുണ്ടക്കയത്ത്വെച്ച് വാഹനം ഉപേക്ഷിച്ച് രക്ഷപ്പെടാൻ ശ്രമിച്ച ബ്ലാക്ക് വിഷ്ണു, അനീർ, ഹുസൈൻ, ആഷിക് തോമ എന്നീ നാല് പ്രതികളെ കോട്ടയം പോലീസിന്റെ സഹായത്തോടെ പിടികൂടുന്നത്. തുടർന്ന് ആദിൽ, അലി ഉമ്മൻ എന്നിവർ ഉൾപ്പെടെ മുഴുവൻ പ്രതികളെയും പ്രതികൾ കൃത്യത്തിനും സംഭവ ശേഷം രക്ഷപ്പെടാനുപയോഗിച്ച രണ്ട് വാഹനങ്ങളും പോലീസ് കസ്റ്റഡിയിൽ എടുത്തു. പ്രതികളെ മെഡിക്കൽ പരിശോധനയ്ക്ക് ശേഷം കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# ജൽജീവൻ പദ്ധതിക്കായി 4,000 കോടി നബാർഡ് വായ്പ

തിരുവനന്തപുരം: ജൽ ജീവൻ പദ്ധതിയുടെ സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനായി നബാർഡിൽനിന്ന് 4,000 കോടി രൂപ വായ്പ എടുക്കാനുള്ള ശിപാർശ മന്ത്രിസഭായോഗം അംഗീകരിച്ചു. പദ്ധതിയുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി മുൻപ് അനുവദിച്ച 9,000 കോടി രൂപ കൂടാതെ 4,000 കോടി രൂപ കൂടി വായ്പ എടുക്കാനാണ് അനുമതി നൽകിയത്. വായ്പക്കു സർക്കാർ ഗ്യാരന്റി അനുവദിക്കും.

ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിച്ചാകും നടപടി. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് മുൻപു മന്ത്രിസഭായോഗം അംഗീകരിച്ച പദ്ധതികളിൽ കരാർ നടപടികളുമായി മുന്നോട്ടു പോകാനും ഇതിനുള്ള തുക കേന്ദ്രം ലഭ്യമാക്കാത്ത പക്ഷം സംസ്ഥാന ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകാനും തീരുമാനിച്ചു. നിലവിൽ 10 പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയായി. ഇവയുടെ ആകെ അടങ്കൽ തുക 153.37 കോടി രൂപയാണ്. നിലവിൽ കരാർ ഒപ്പിടാൻ ഉദ്ദേശിക്കുന്ന 10 പ്രവൃത്തികൾ കുടിവെള്ള പദ്ധതിയുടെ അവിഭാജ്യഘടകമാണ്. അതുകൊണ്ട് ഇവ പൂർത്തിയാക്കാതിരുന്നാൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കില്ല.

# പയ്യന്നൂരിൽ മധുസൂദനനെതിരെ വി. കുഞ്ഞികൃഷ്ണൻ


വി. കുഞ്ഞികൃഷ്ണൻ

പയ്യന്നൂർ: നിലവിലെ സിറ്റിംഗ് എംഎൽഎ ടി.ഐ. മധുസൂദനനെതിരെ താൻ മത്സരിക്കുമെന്ന് പ്രഖ്യാപിച്ച് മുൻ സിപിഎം നേതാവ് വി. കുഞ്ഞികൃഷ്ണൻ. സ്വതന്ത്രനായാണ് മത്സരിക്കുകയെന്ന് അദ്ദേഹം വെള്ളൂരിലെ വീട്ടിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ പറഞ്ഞു.

സിപിഎം ജില്ലാ സെക്രട്ടേറിയറ്റംഗവും സിറ്റിംഗ് എംഎൽഎയുമായ ടി. ഐ. മധുസൂദനൻ രക്തസാക്ഷി ഫണ്ടുൾപ്പെടെ പാർട്ടി ഫണ്ടുകൾ തിരിമറി നടത്തിയെന്ന് മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തിയതിനെ തുടർന്നു ജില്ലാ കമ്മിറ്റി അംഗമായിരുന്ന കുഞ്ഞികൃഷ്ണനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു.

പിന്നീട് നേതൃത്വത്തെ അണികൾ തിരുത്തണമെന്ന പേരിൽ പുറത്തിറക്കിയ പുസ്തകത്തിൽ ഫണ്ട് തിരിമറി സംബന്ധിച്ച കണക്കുകളും പ്രസിദ്ധീകരിച്ചിരുന്നു. ഇത്തവണ ടി.ഐ. മധുസൂദനൻ മത്സരിക്കുകയാണെങ്കിൽ താനും മത്സരിക്കുമെന്ന് ടി. കുഞ്ഞികൃഷ്ണൻ നേരത്തെ തന്നെ പറഞ്ഞിരുന്നു.

അതേസമയം പയ്യന്നൂരിൽ യുഡിഎഫ് സ്ഥാനാർത്ഥിയെ നിശ്ചയിട്ടില്ലെങ്കിലും വി. കുഞ്ഞികൃഷ്ണന് പിന്തുണ കൊടുത്തേക്കാമെന്ന സൂചനയും ലഭിക്കുന്നുണ്ട്. എന്തു തന്നെയായാലും ഇത്തവണ പയ്യന്നൂരും കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ തെരഞ്ഞെടുപ്പ് മണ്ഡലമായി മാറിക്കഴിഞ്ഞു.

# ഏക മകൻ ട്രെയിൻ തട്ടി മരിച്ച വിഷമത്തിൽ മാതാപിതാക്കൾ ജീവനൊടുക്കി



കാസർഗോഡ്: ബേക്കൽ ബീച്ചിൽ വേടന്റെ സംഗീതനിശയ്ക്കിടെ ട്രെയിൻതട്ടി മരിച്ച വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജീവനൊടുക്കിയ നിലയിൽ. പൊയിനാച്ചിയിലെ റിയ ട്രാവൽസ് ഉടമ വേണുഗോപാലൻ നായർ (55), ഭാര്യ സ്മിത (45) എന്നിവരെയാണ് പൊയിനാച്ചി പറമ്പയിലെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ഇവരുടെ ഏക മകൻ മംഗളൂരുവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ശിവനന്ദ് (19) ഡിസംബർ 29-ന് രാത്രിയാണ് ബേക്കൽഫോർട്ട് റെയിൽവേ സ്റ്റേഷനു സമീപം ട്രെയിൻ തട്ടി മരിച്ചത്. വേടന്റെ സംഗീതനിശ നടക്കുന്ന ബേക്കൽ ബീച്ച് പാർക്കിലേക്കു പോകുന്നതിനായി റെയിൽപാത മുറിച്ചുകടക്കുമ്പോഴായിരുന്നു അപകടം.

ഏകമകന്റെ മരണത്തിനുശേഷം ഇരുവരും മാനസികമായി തകർന്ന നിലയിലായിരുന്നു. ഇവരെ ഫോണിൽ വിളിച്ച് ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ അനുഭവിച്ച നിസഹായാവസ്ഥ അടുത്തിടെ ഒരു അഭിമുഖ പരിപാടിക്കിടെ വേടൻ പങ്കുവെച്ചിരുന്നു. ബന്ധുക്കളും സുഹൃത്തുക്കളും കൗൺസലിംഗ് വിദഗ്ധരുടെ സഹായത്തോടെ ഇവരെ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയായിരുന്നു.

ശിവനന്ദിന്റെ മരണത്തിനുശേഷം സ്മിതയുടെ അമ്മ ഇവർക്കൊപ്പമാണ് താമസിച്ചിരുന്നത്. മാർച്ച് 12-ന് വ്യാഴാഴ്ച ഇവർ സ്വന്തം വീട്ടിലേക്കു പോയിരുന്നു. 13-ന് ഏറെ വൈകിയിട്ടും വീടിന്റെ മുൻവാതിൽ തുറന്നു കാണാതിരുന്നതിനാൽ അയൽവാസികൾ വന്നു നോക്കിയപ്പോഴാണ് ഇരുവരെയും മരിച്ച നിലയിൽ കണ്ടെത്തിയത്. മേൽപ്പറമ്പ് പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. ഇരുവരുടെയും ആത്മഹത്യാക്കുറിപ്പും വീടിനുള്ളിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്.

# കേരളത്തിൽ വോട്ടെടുപ്പ്

(3-ാം പേജിൽനിന്നും)

കാനത്തിൽ ജമീലയുടെ നിര്യാണത്തെതുടർന്ന് കൊയിലാണ്ടിയിൽ കെ. ദാസൻ മത്സരിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽനിന്നു വ്യത്യസ്തമായി പശ്ചിമബംഗാളിൽ രണ്ടു ഘട്ടമായാണ് തെരഞ്ഞെടുപ്പ്. ആദ്യഘട്ടം ഏപ്രിൽ 23-നും രണ്ടാംഘട്ടം ഏപ്രിൽ 29-നും നടക്കും. അഞ്ചിടത്തും മേയ് നാലിനായിരിക്കും വോട്ടെണ്ണൽ. മാർച്ച് 15 മുതൽ മാതൃകാ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽവന്നതായി മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാർ പത്രസമ്മേളനത്തിൽ അറിയിച്ചു. പശ്ചിമബംഗാളിൽ എട്ടു ഘട്ടമായിട്ടായിരുന്നു 2021-ലെ തെരഞ്ഞെടുപ്പ്. എന്നാൽ വിശദമായ ചർച്ചകൾക്കൊടുവിൽ എല്ലാവരുടെയും സൗകര്യം കണക്കിലെടുത്താണ് ഇത്തവണ രണ്ടു ഘട്ടമാക്കി കുറച്ചതെന്ന് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ വിശദീകരിച്ചു. ആസാമിലും മൂന്നു ഘട്ടമായിട്ടായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പ്. എന്നാൽ ഇത്തവണ ഒറ്റ ഘട്ടമാണ്. ഇതോടൊപ്പം ഗോവ, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, നാഗാലാൻഡ്, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ എട്ടു നിയോജക മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പും പ്രഖ്യാപിച്ചു.

നാലു സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തുമായി ആകെ 824 നിയോജകമണ്ഡലങ്ങളും 2.19 ലക്ഷം പോളിംഗ് ബൂത്തുകളുമുണ്ട്. കേരളത്തിൽ മാത്രം 30,471 പോളിംഗ് ബൂത്തുകളാണുള്ളത്. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ച സംസ്ഥാനങ്ങളിൽ വോട്ടർ പട്ടികയിലെ പ്രത്യേക സമഗ്ര പരിഷ്കരണത്തിനു (എസ്ഐആർ) ശേഷം 17.4 കോടി വോട്ടർമാരാണുള്ളത്. കേരളത്തിൽ ആകെയുള്ള 2.70 കോടി വോട്ടർമാരിൽ 1.31 കോടി പുരുഷന്മാരും 1.38 കോടി സ്ത്രീ വോട്ടർമാരുമുണ്ട്. ഭിന്നലിംഗത്തിൽപ്പെട്ട 277 വോട്ടർമാർ വോട്ടർപട്ടികയിലുണ്ട്. 4.24 ലക്ഷം പുതുവോട്ടർമാരും കേരളത്തിലുണ്ടെന്ന് കമ്മീഷൻ പുറത്തുവിട്ട കണക്കിൽ വ്യക്തമാക്കി. തെരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# ജി. സുധാകരന് യുഡിഎഫ് പിന്തുണ

(3-ാം പേജിൽനിന്നും)

കണിച്ചുകുളങ്ങരയിലെത്തി വെള്ളാപ്പള്ളി നടേശനെയും പെരുന്നയിലെത്തി ജി. സുകുമാരൻ നായരെയും കണ്ട് പിന്തുണ അഭ്യർത്ഥിക്കുമെന്നു ജി. സുധാകരൻ പറഞ്ഞു. കഴിഞ്ഞ ആറ് പതിറ്റാണ്ടിലേറെക്കാലമായി അമ്പലപ്പുഴയുമായി ഹൃദയബന്ധമുള്ള ജി. സുധാകരന്റെ മത്സരം ഏറെ ആകാംക്ഷയോടെയാണ് രാഷ്ട്രീയകേന്ദ്രങ്ങൾ ഉറ്റുനോക്കുന്നത്.

അതേസമയം, തൃശൂർ നാട്ടികയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി സുനിൽ ലാലൂർ മത്സരിക്കും. സിപിഐ സീറ്റ് നിഷേധിച്ചതിനു പിന്നാലെ പാർട്ടിക്കെതിരെ ആരോപണങ്ങളുമായി എത്തിയ സി.സി മുകുന്ദന് പിന്തുണയുമായി രമേശ് ചെന്നിത്തല, കെ.സി. വേണുഗോപാൽ എന്നിവർ രംഗത്തുവന്നിരുന്നു. എന്നാൽ, കോൺഗ്രസ് പ്രാദേശിക നേതൃത്വം മുകുന്ദനെതിരെ രംഗത്തു വന്നതോടെ പിന്തുണയ്ക്കാനുള്ള നീക്കം പാളി.വിവാദങ്ങൾക്കൊടുവിൽ സി.സി. മുകുന്ദനെ കോൺഗ്രസ് കൈവിടുകയായിരുന്നു.

ഡൽഹിയിലെത്തി കോൺഗ്രസിന്റെ പിന്തുണ നേടാനുള്ള മുകുന്ദന്റെ ശ്രമങ്ങളും വേണ്ടത്ര വിജയിച്ചില്ല. പാർട്ടിയോ നേതാക്കളോ മുകുന്ദനെ ഡൽഹിയിലേക്ക് വിളിപ്പിച്ചിട്ടില്ലെന്നും സ്വന്തം നിലയ്ക്കു പോയതാണെന്നും കോൺഗ്രസ് നേതാക്കൾ പറഞ്ഞു.


FOKANA 2026-2028
"TEAM INTEGRITY"
TEAM INTEGRITY
SANTHOSH NAIR
General Secretary
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
PHILIPOSE PHILIP
President
JOSSY KARAKATTU
Vice President
SONY THOMAS AMBOOKEN
Asso.Secretary
DR. AJU OOMMEN
Addi. Asso.Secretary
DR.SHYNI RAJU
Women's Forum Chair
GRACE MARIA JOSEPH
Addi.Asso.Treasurer
APPUKUTTAN PILLAI
Asso.Treasurer
Regional Vice Presidents
PHOBY PAUL
REGION 1
JOHN GEORGE
REGION 2
ABHILASH PULIKKATHODI
REGION 3
ABRAHAM POTHEN
REGION 4
SANTHOSH ABRAHAM
REGION 5
STANLEY ETHUNICKAL
REGION 6
RAJEEV KUMARAN
REGION 8
MATT VILANGATTUSSERIL
REGION 9
REJI KURIAN
REGION 10
GEETHA GEORGE
REGION 12
DR. LATA MENON
REGION 14
NationalCommittee Members
MARY PHILIP
SHAIMI JACOB
GEORGE NADAVAYAL
BIJO VITHAYATHIL
ANIL PILLAI
SUSHMA PRAVEEN
ANTHONY MATHEW
AJU ABRAHAM
REJI VARGHESE
SIVA TASHNATH
Canada Representatives
SHIBU JOHN
BIJU GEORGE
Youth Representatives
SARAH POTHEN
ASHITHA ALEX
TIA BABU
BINIL BENNY




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**